WIDEST CIRCULATION IN KERALA

കൗമുദി

DO YOU ADVERTISE IN THE KAUMUDI

പുസ്തകം 1 | തിരുവനന്തപുരം | ലക്കം 5



1113 തുലാം 23, തിങ്കൾ

സർവകലാശാലാവിളംബരം

കഴിഞ്ഞകൊല്ലം മഹാരാജാവു തിരുമനസ്സിലെ തിരുനാൾദിവസം ഉണ്ടായ ക്ഷേത്രപ്രവേശനവിളംബരം ഇപ്പോൾ ലോകവിശ്രുതമായി തീർന്നിട്ടുണ്ട്. അതിന്റെ ദൂരവ്യാപിയായ ഫലം കഴിഞ്ഞ 2,000 മോ 1,000മോ സംവത്സരക്കാലമായി ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വിശേഷിച്ചു് ഇൻഡ്യയിലും ഒരു വലിയ വിഭാഗം ജനങ്ങൾക്കു അത്യപദ്രവകരമായി നിലനിന്നിരുന്ന ജാതിമതവ്യത്യാസംനിമിത്തമായുള്ള പുരോഗമനവൈഷമ്യത്തിനു നിവാരണമുണ്ടാക്കി എല്ലാവിഭാഗങ്ങളും പരസ്പരം സഹോദരത്വേന പെരുമാറുവാൻ ഇടവരുത്തുകയെന്നുള്ളതാകുന്നു. അങ്ങനെയൊരു ജനസമുദായസൃഷ്ടി ഇൻഡ്യയുടെ തെക്കേകോണായ കന്യാകുമാരിയിൽനിന്നു ആരംഭിച്ചിരിക്കുന്നു എന്നു ലോകത്തെ അറിയിക്കുകയായിരുന്നു ആ വിളംബരംചെയ്തതു്. അത്യാഹ്ലാദപുരസ്സരം ലോകം ആ വിളംബരത്തെ സ്വാഗതംചെയ്കയും ചെയ്തു. ഇക്കാലാവസ്ഥയ്ക്കു വെറും പുരാണവസ്തുക്കളായി അവശേഷിച്ചിരിക്കുന്ന ഏതാനും സനാതനിവേഷക്കാരും അവരുടെ കൂട്ടത്തിൽപെടേണ്ട ചില ഭരണാധികാരികളും മാത്രമേ അതിനെ സ്വാഗതംചെയ്യാതെയുള്ളൂ.

ഇക്കൊല്ലം തിരുനാൾദിവസവും ഒരു വിളംബരം പ്രസിദ്ധംചെയ്തിരിക്കുന്നു. അതു സർവകലാശാലാവിളംബരമാണ്. പണ്ടൊരുകാലത്തു തക്ഷശിലയിലും നാളന്ദയിലും മറവും അത്യുത്തമരീതിയിൽ നടത്തപ്പെട്ടിരുന്ന സർവകലാശാലകളും ഇൻഡ്യയിൽ ഉണ്ടായിരുന്നു എന്നു ചരിത്രപണ്ഡിതന്മാർ തെളിയിച്ചിട്ടുണ്ട്. അവ ബുദ്ധഭിക്ഷുക്കളുടെ ശ്രമത്തിലുണ്ടായ സർവകലാശാലകളായിരുന്നു എന്നും കാണുന്നുണ്ട്. ബുദ്ധമതക്കാരുടെ സകല സമ്പ്രദായങ്ങളേയും മിക്കവാറും ശരിപകർപ്പെന്നു പറയത്തക്കവണ്ണം പകർത്തിയെടുത്ത ക്രൈസ്തവഭിക്ഷുക്കളും ആരംഭിച്ചതാണ് ശീമയിലെ പ്രസിദ്ധി പെറ്റ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് മുതലായ സർവകലാശാലകളും എന്നും ചരിത്രം പറയുന്നുണ്ട്. തക്ഷശിലയിലെപോലെയുള്ള സർവകലാശാലകളും ഉണ്ടാകുന്നതിനു മുമ്പുതന്നെ സാന്ദീപനിമുനി മുതലായ ഋഷികളാൽ നടത്തപ്പെട്ടുവന്നിരുന്ന ഗുരുകുലങ്ങളും ഇൻഡ്യയിൽ ഉണ്ടായിരുന്നു. ഈ ഗുരുകുലങ്ങളെ മാതൃകയാക്കി കുറെക്കൂടി വിസ്താരത്തിൽ സ്ഥാപിതമായവ മാത്രമാണു തക്ഷശില മുതലായ സർവകലാശാലകളും എന്നും തോന്നുന്നുണ്ട്. ഈ ഗുരുകുലരീതിയെ ഇപ്പോഴത്തെ സ്ഥിതിക്കു ആവശ്യമായ പരിഷ്കാരങ്ങളോടും ഏപ്പാടുകളോടും കൂടി നടത്തപ്പെട്ടുപോരുന്നതാണു മഹാകവി ടാഗൂറിന്റെ "വിശ്വഭാരതി" സർവകലാശാല എന്നുള്ളതിനു സംശയമില്ല. ബ്രി. ഗവമ്മെൻറിന്റെ ആവിർഭാവത്തോടുകൂടിയാണു പാശ്ചാത്യരീതിയിലുള്ള സർവകലാശാലകളും ഇൻഡ്യയിൽ നടപ്പായിതീർന്നതു്. പല പരിഷ്കാരങ്ങളും പരിവർത്തനങ്ങളും പല തവണയായി ഈ സർവകലാശാലകൾക്കു ഉണ്ടായിട്ടുണ്ടെങ്കിലും എന്തെല്ലാമോ ചില കുറവുകൾ ഇപ്പോഴത്തെ സർവകലാശാലാവിദ്യാഭ്യാസത്തിനു ഉണ്ടെന്നുള്ള കാര്യം സർവസമ്മതമായിട്ടുണ്ട്. ഈ ന്യൂനതകളെ അല്പാല്പമായി പരിഹരിച്ചുകൊണ്ടു നൂതനസർവകലാശാലകളും ഇൻഡ്യയുടെ പല ഭാഗങ്ങളിലും ഇപ്പോൾ സ്ഥാപിക്കപ്പെട്ടുവരുന്നുണ്ട്. പല പ്രദേശഭാഷകളുള്ള ഇൻഡ്യയിൽ ഓരോഭാഷയും സംസാരിക്കുന്ന ജനസമുദായങ്ങൾക്കു പ്രത്യേകം പ്രത്യേകം, അതാതുഭാഷകൾക്കും, ആ ഭാഷ ഉപയോഗിക്കുന്ന ജനസമുദായത്തിന്റെ സംസ്കാരങ്ങൾക്കും, അഭിവൃദ്ധിയും വികാസവും വരുത്തുവാൻ സർവകലാശാലകളും കൂടിയേതീരൂ എന്നുള്ള അഭിപ്രായത്തിനു പ്രചാരംവന്നതോടുകൂടി ഉർദ്ദുവിനു പ്രാധാന്യം നല്കിയുള്ള "ഉസ്മാനിയാ" സർവകലാശാല, ഹൈന്ദവസംസ്കാരത്തിനു പ്രാധാന്യം നല്കിയുള്ള "ഹിന്ദു" സർവകലാശാല, ഇസ്ലാമിക പരിഷ്കാരത്തിനു പ്രാധാന്യം നല്കിയുള്ള "അലിഗർ" സർവകലാശാല, തമിഴിനു പ്രാധാന്യം നല്കിയുള്ള "അണ്ണാമല" സർവകലാശാല, അതുപോലെ "കർണ്ണാടക" സർവകലാശാല, "ആന്ധ്രാ" സർവകലാശാല ഇവയെല്ലാം ഉണ്ടായികഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസത്തിൽ ഇൻഡ്യയുടെ ഇതരഭാഗങ്ങളെ മുഴുവൻ പിന്നിലാക്കിയ കേരളീയർക്കു ഒരു സർവകലാശാല പ്രത്യേകം വേണമെന്നുള്ള ആലോചന ആരംഭിച്ചിട്ടു കാലം കുറെ ആയി. കേരളം മൂന്നു സംസ്ഥാനങ്ങളായി തിരിഞ്ഞു, മൂന്നു ഗവമ്മെൻറുകളുടെ ഭരണത്തിലായ ഭാഗ്യദോഷത്താൽ മൂന്നു ഗവമ്മെൻറുകളും പരസ്പരവിശ്വാസത്തോടും, നിഷ്കപടമായ സ്നേഹത്തോടും, ഐദമ്പര്യേണ യോജിച്ചല്ലാതെ ഒരു കേരളസർവകലാശാലാസ്ഥാപനം സാദ്ധ്യമായിവരികയില്ലല്ലൊ. ഈ മൂന്നു ഗവമ്മെൻറിനേയും യോജിപ്പിച്ചു കാര്യം സാധിക്കുവാൻ ചില ശ്രമങ്ങളൊക്കെ നടന്നുവെങ്കിലും അവയൊന്നും ഫലപ്രാപ്തിയിൽ എത്തിയില്ലെന്നു മാത്രമല്ല എത്തുവാനുള്ള ലക്ഷണം കാണിച്ചുമില്ല. അതിനാലാണു സർവകലാശാലാസ്ഥാപനവിഷയത്തിൽ അത്യുത്സുക്യം ഉണ്ടായിരുന്ന തിരുവിതാംകൂറുകാരുടെ അഭിവാഞ്ഛയനുസരിച്ചു ഒരു തിരുവിതാംകൂർ സർവകലാശാല സ്ഥാപിക്കുവാൻ ഗവമ്മെൻറ് തീർച്ചപ്പെടുത്തിയതു്. തത്സംബന്ധമായി നമ്മുടെ ഇടയിൽ ഉണ്ടായ അഭിപ്രായങ്ങളുടെ തിരകളും ചുഴികളും ഒന്നും നമുക്കിപ്പോൾ അന്വേഷിച്ചിട്ടാവശ്യമില്ല. മഹാരാജാവു തിരുമനസ്സിലെ തിരുനാൾ വരദാനമായി ഇതരകേരളീയർക്കും കേരളീയ ഗവമ്മെൻറുകൾക്കും നല്ല മനസ്സുള്ള പക്ഷം സഹകരിക്കാവുന്ന ഒരു സർവകലാശാലാസ്ഥാപനം തിരുവിതാംകൂറിൽ ഉണ്ടായി കഴിഞ്ഞിരിക്കുന്നു.

ഈ വിളംബരപ്രകാരം സ്ഥാപിതമാകുന്ന സർവകലാശാല, ക്ഷേത്രപ്രവേശന വിളംബരംപോലെ സകല രാജ്യക്കാരുടേയും ശ്ലാഘയെ സമാർജ്ജിക്കുവാൻ തക്കവണ്ണം ഉള്ള ഉൽകൃഷ്ടാദർശങ്ങളോടുകൂടി വളർന്നുവരുവാൻ സംഗതി വരട്ടെ എന്നു ഞങ്ങളും പ്രാർത്ഥിക്കുന്നു.

കൊച്ചിയിലെ തീയ്യരും ഫ്രാഞ്ചൈസും

പുതിയ ഫ്രാഞ്ചൈസു പരിഷ്കാരപ്രകാരം കൊച്ചിയിലെ തീയ്യർക്ക് അഞ്ചുസീറു വർദ്ധിയ മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ളതു ഭേദപ്പെട്ടത്തി, അഞ്ചുസീറും പൊതുമണ്ഡലങ്ങളിൽ റിസർവ്ചെയ്ത കൊടുക്കുകയോ സംഖ്യാനുപാതികമായി തീയ്യർക്കവകാശമുള്ള ഏഴു സീറും വർദ്ധിയ മണ്ഡലങ്ങളിൽ കൊടുക്കുകയോ ചെയ്യണമെന്നു തീയർ ഒരു ഡെപ്യൂട്ടേഷൻ മുഖന ഗവമ്മെൻറിനോടു ആവശ്യപ്പെട്ടു. അതിനു ദിവാൻജിപറഞ്ഞ സമാധാനം കൊച്ചിയിലെ തീയ്യരുടെ മേലാലുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളിൽ അവർ എല്ലായ്പോഴും ഓർമ്മവച്ചിരിക്കേണ്ട ഒരു കാര്യമാകുന്നു. ബായ്ക്ക്വേർഡ് ക്ലാസ്സസ്സ് അല്ലെങ്കിൽ പിന്നാക്കം നില്ക്കുന്ന വർഗ്ഗക്കാർ എന്നു ചില സമുദായക്കാരെ പറഞ്ഞു വരുന്നവരുടെ മുന്നാണിയിൽ നില്ക്കുവാനുള്ള യോഗ്യത തികച്ചും ഉള്ളവരാണു തീയ്യരെന്നു നല്ലവണ്ണം വെളിപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും കാര്യമെല്ലാം സാധിച്ചു വിജയികളായികളമൊഴിഞ്ഞു പോകുന്ന കാഴ്ചകണ്ടല്ലാതെ ഈഴവർ കളത്തിലിറങ്ങുക പതിവില്ല. ഫ്രാഞ്ചൈസിനെപ്പററി ആലോചന നടക്കുകയും കമ്മിററിക്കാർ റിപ്പോർട്ട സമർപ്പിക്കയും ചെയ്തപ്പോഴെല്ലാം ഡെപ്യൂട്ടേഷൻ കാർ കൊച്ചിയിലുണ്ടായിരുന്നു. കൊച്ചിയിലെ മഹമ്മദീയർ യഥാകാലം ദിവാൻജിയെകണ്ടു് അവരുടെ കാര്യം സാധിച്ചു. ഈഴവർക്കും അതുപോലെ അവസ

രം നോക്കി ദിവാൻജിയെ സമീപിച്ചു കാര്യം പറയാമായിരുന്നു. അങ്ങനെ ചെയ്തില്ല. ഗവ മെൻറ് ആർഡർ പാസ്സാക്കിപോയി; അതനുസരിച്ചുള്ള നടപടികളും നടന്നുപോയി; അതിനാൽ ഇനി ഇപ്പോൾ ഭേദപ്പെടുത്തുവാൻ നിവൃത്തിയില്ല; എന്നാണ് ദിവാൻജിയുടെ മറുപടി.

* * *

സമുദായത്തിന്റെ ഭൂരിപക്ഷാഭിപ്രായം ഡെപ്യൂട്ടേഷൻകാർ പറയുംപോലെ തന്നെയോ എന്നു ദിവാൻജിക്കു നിശ്ചയമില്ല. ഈ സംശയം ദിവാൻജിക്കുണ്ടാക്കിയതുതന്നെ കൊച്ചിയിലെ തീയ്യരാണ്. വർഗ്ഗീയമണ്ഡലം വേണമെന്നു അവരിൽ പലരും കമ്മിറ്റിമുമ്പാകെ നിവേദിച്ചു. കമ്മിറ്റിയിലെ അവരുടെ പ്രതിനിധിയും ചില നടപടിപായങ്ങളും മനസ്സിൽ കരുതിക്കൊണ്ട് വർഗ്ഗീയമണ്ഡലംതന്നെ അംഗീകരിച്ചു. ഡെപ്യൂട്ടേഷൻകാർ പൊതുമണ്ഡലമാണു ഇപ്പോൾ ചെന്നു പറയുന്നു. തീയ്യമഹാജനസഭയുടെ അദ്ധ്യക്ഷൻ വർഗ്ഗീയമണ്ഡലത്തിനും സിക്രട്ടറി പൊതുമണ്ഡലത്തിനും വാദിക്കുന്നു. എത്ര ഗുണബുദ്ധിയായ ദിവാൻജിയും പരസ്പരവിരുദ്ധമായ ഈ വാദത്തിന്റെ നടുവിൽ കുഴങ്ങുകയേ ഉള്ളു.

* * *

തിരുവിതാംകൂർ ഫ്രാഞ്ചൈസു പരിഷ്കാരം നടന്നകാലത്തും സ്ഥിതി ഇതായിരുന്നു. കുറെപ്പേർക്കു പ്രത്യേകമണ്ഡലം പ്രധാനം, പിന്നെ കുറേപ്പേക്കു പൊതുമണ്ഡലം. ചിലക്ക് അഡൽറ്റ്ഫ്രാഞ്ചൈസ്, പ്രധാനം. മറു ചിലക്കു വോട്ടിനെക്കാൾ സീറ്റു പ്രധാനം, ഇതായിരുന്നു തിരുവിതാംകൂറിലും സ്ഥിതി. എസ്. എൻ. ഡി. പി. യോഗക്കാർ ഈ വിഷയത്തിൽ മറിച്ചും തിരിച്ചും, പിന്നെയും മറിച്ചും നിശ്ചയങ്ങളും പാസ്സാക്കി, ഗവമ്മെൻറിനെ വിഷമിപ്പിച്ചിട്ടുണ്ട്. ഭിന്നാഭിപ്രായങ്ങളും 'ജീവസ്സി'ന്റെ ലക്ഷണംതന്നെ. ജീവസ്സു ഭിന്നിപ്പിക്കാനും, അതു നല്ല ലക്ഷണംതന്നെ. വർഗ്ഗീയമണ്ഡലവും, പൊതുമണ്ഡലത്തിൽ വോട്ടും, രണ്ടുംകൂടി അനുവദിക്കാൻ നിവൃത്തിയില്ലെന്നു ദിവാൻജി പറഞ്ഞ മറുപടി, പറയണ്ട മറുപടിതന്നെയാണ്. ഗവമ്മെൻറിന്റെ തീരുമാനം അനുസരിച്ചു ഇത്തവണ തിരഞ്ഞെടുപ്പു നടക്കട്ടെ എന്നും അതിന്റെ ഫലം പ്രയോഗത്തിൽ എങ്ങനെ ഇരിക്കുന്നു എന്നു കണ്ടശേഷം പിന്നീടു വേണ്ടതു നിശ്ചയിക്കാമെന്നുമാണ് ദിവാൻജി അവസാനമായി പറഞ്ഞതു്. ഈ അനുഭവം കൊച്ചിയിലെ തീയ്യർ മറന്നുകളയരുതു്. തിരുവിതാംകൂറിലെ തീയ്യർ ക്ഷേത്രപ്രവേശനത്തിനു വാദിച്ചപ്പോൾ കയ്യാലപ്പുറത്തു നോക്കികൊണ്ടിരുന്നതുകൊണ്ടാണ് കൊച്ചിയിലെ തീയ്യർ ക്ഷേത്രപ്രവേശനത്തിനു ഇപ്പോൾകിടന്ന പ്രാണത്യാഗം ചെയ്യേണ്ടിവരുന്നതു്. പിന്നാക്കംനോക്കി നില്ക്കാനല്ല കണ്ണു മുന്നിൽതന്നെ സൃഷ്ടിച്ചതു്.

———

ഖദറും നമ്മുടെ നെയിത്തുകാരും

ഖദർ നൂൽപുകാക്കും കൈത്തറി നെയിത്തുകാക്കും ശുക്രദശതെളിഞ്ഞിരിക്കുന്ന കാലമാണ്. ബ്രി: ഇൻഡ്യയുടെ ഏഴപ്രവിശ്യകളിൽ കാൺഗ്രസുഭരണം ആരംഭിച്ചതോടുകൂടി ഖദർ വസ്ത്രങ്ങൾക്കു മുമ്പുണ്ടായിട്ടില്ലാത്ത പ്രചാരം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഖദർനൂൽപു പറയത്തക്ക ആദായമുള്ള ഒരു തൊഴിലു അല്ലാതിരുന്നതുകൊണ്ട്, വെറും കാൺഗ്രസുവ്രതമായിട്ടുമാത്രം മഹാത്മജിയുടെ പ്രസാദത്തിനുവേണ്ടി പലരും ഖദർധരിച്ചുവന്നു എങ്കിലും മിൽത്തുണികളുടെ ഇടയിൽ അതിനു ഒരു വ്യവസായം എന്ന നിലയിൽ യാതൊരു സ്ഥാനവും ഇല്ലെന്നാണു കാൺഗ്രസുകാരിൽ തന്നെയും പലരും ധരിച്ചിരുന്നതു്. ഒരു ദിവസംമുഴുവൻ മുഷിഞ്ഞു നൂലുനൂറ്റാൽ പോലും ഒന്നോരണ്ടോ അണയിൽ കൂടുതൽ ഒരാൾക്കു കിട്ടുവാൻ നിവൃത്തിയില്ലാത്ത ഒരു വ്യവസായത്തിൽ പോകുവാനല്ലാതെ ഏർപ്പെടുകയില്ലെന്നു പറയേണ്ടതില്ലല്ലോ.

* * *

എന്നാൽ പുതിയ ചക്രയിലും മറ്റും കുറെനാൾ നൂലുനൂറു പരിചയിച്ചവനുക്ക് ദിവസംപ്രതിയുള്ള കുറഞ്ഞകൂലി ശരാശരി മൂന്നണ ആയിതീർന്നിരുന്നു. എട്ടണവിലയുള്ള ഒരു പെറിയ ചക്രംകൂടി ചക്രയാട്ടു ഘടിപ്പിച്ചു നൂൽനൂൽക്കുവാൻ തുടങ്ങിയതോടുകൂടി ദിവസംഒന്നിനു എട്ടുമണിക്കൂർ വീതം നൂൽനൂറ്റാൽ എട്ടണവരെക്കും കൂലികിട്ടുമെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. പഴയ ചക്ക ഒരുതവണ തിരിയുമ്പോൾ നല്ലതുതവണമാത്രമേ കതിരു കുറുങ്ങുമായിരുന്നുള്ളു. മേൽപറഞ്ഞ പെറിയചക്രംകൂടി ചക്രയാട്ടു ഘടിപ്പിച്ചപ്പോൾ 120 മുതൽ 150 വരെ തവണ കതിരു കുറുങ്ങുമെന്നായി, എന്നു മാത്രമല്ല അതിൽ നൂല്ക്കുന്ന നൂലിനു ബലവും നേർമ്മയും കൂടുതലുണ്ടെന്നു പ്രത്യക്ഷപ്പെടുകയും ചെയ്തു. ഈ ചക്രയിൽ ഒരു മണിക്കൂർ നൂലുനൂറ്റാൽ 500 വാര നൂലു ഉണ്ടാകുമെന്നും കണ്ടിരിക്കുന്നു. 500 വാര നൂലുനൂല്ക്കുന്നവനു ഇപ്പോഴത്തെ നിരക്കിനു് ദിവസം നാലണ കൂലികിട്ടുന്നതാണ്. എന്നാൽ ഇതുകൊണ്ടും തൃപ്തിപ്പെടാതെ നൂലിനു നേർമ്മയും ഗുണവും വർദ്ധിപ്പിച്ചു ദിവസം ഒന്നിനു ഒരാൾക്കു എട്ടണ കൂലികിട്ടത്തക്കവണ്ണം ആക്കി തീർക്കുവാൻ "ഖാദി ഇൻഡ്യാ സ്പിന്നേഴ്സ് അസോസിയേഷൻ" ശ്രമിച്ചുവരുന്നു. ഇതുവരെ ഉണ്ടായിട്ടുള്ള ഖദർ കൊണ്ടു കാൺഗ്രസുകാരുടെ മാത്രം ആവശ്യംപോലും നിറവേറുവാൻ കഴിഞ്ഞിട്ടില്ല. 25-ാംനമ്പർ നൂൽവരെ സാമാന്യപരിചയം സിദ്ധിച്ചവർ ഇപ്പോൾ നൂറുവരുന്നുണ്ട്.

* * *

ഈനാട്ടിലെ നെയിത്തുകാർ നെയിത്തിൽ ആദായം ഒന്നുംകിട്ടാതെ വിഷമിച്ചുകൊണ്ടിരിക്കുന്നവരാണ്. ഒരു നെയിത്തുകാരന്റെ വീട്ടിൽ ശരാശരി, ഭാര്യയും ഭർത്താവും മക്കളും ഉൾപ്പടെ, അഞ്ചുപേർഉണ്ടായിരിക്കാവുന്നവരിൽ മൂന്നുപേരെങ്കിലും നൂൽനൂൽക്കുവാൻ തക്ക പ്രായം എത്തിയവർ ആയിരിക്കും. മൂന്നുപേരും നൂൽനൂറ്റാൽ മേല്പറഞ്ഞ കണക്കനുസരിച്ചു ദിവസം പന്ത്രണ്ടണ ആദായം കിട്ടുമെന്നുള്ളതു സ്പഷ്ടമാണല്ലോ. അങ്ങനെ നൂറെറ്റെടുത്ത നൂലു ആ നെയിത്തുകാരൻതന്നെ നെയ്യുന്നതായാൽ നൂൽനൂൽപും നെയിത്തുംകൊണ്ട് ഒരു നെയിത്തുകാരന്റെ കുടുംബത്തിനു ദിവസം ഒരു രൂപാ കുറഞ്ഞപക്ഷം ആദായം ഉണ്ടാക്കാവുന്നതാണ്. ഖദർ തുണിക്കു ചിലവുണ്ടാകുമോ എന്നുള്ള കാര്യത്തെപ്പറ്റി തല്ക്കാലം യാതൊരു സന്ദേഹത്തിനും വകയില്ലാത്തവണ്ണം ഖദറിന്റെ ആവശ്യം അത്രയ്ക്കു വർദ്ധിച്ചിട്ടുണ്ട്. പക്ഷേ ഈ കാര്യത്തെക്കുറിച്ചു പത്രത്തിൽ എഴുതിയതുകൊണ്ടോ സഭകളിൽ പ്രസംഗിച്ചതുകൊണ്ടോ വലിയ ഫലം ഉണ്ടാകുമെന്നുതോന്നുന്നില്ല. നെയിത്തുകാരുടെ ഇടയിൽതന്നെ സമുദായസേവകന്മാരിൽ ആരെങ്കിലും ഇറങ്ങി പ്രചരണവേലനടത്തുകയും പുതിയ ചക്കകളും മറ്റും നിർമ്മിച്ചുകൊടുത്തു പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. തിരുവിതാംകൂറിൽ കാൺഗ്രസുപ്രസ്ഥാനം ആരംഭിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ കാൺഗ്രസ്സിന്റെ സൃഷ്ടിപരമായ ഇക്കാര്യം അവർ ഏറ്റെടുത്തു നടത്തുമെന്നു വിശ്വസിക്കാം.

———

ഹരിജനോദ്ധാരണം

ഹരിജനങ്ങളുടെ ഉദ്ധാരണത്തിനു ബ്രി. ഗവമ്മെൻറ് ഒരു പ്രൊട്ടക്ടറെ ആദ്യം നിയമിച്ചു. പിന്നീടു അതു ഭേദപ്പെടുത്തി ഒരു ലേബർ കമ്മീഷണറെനിയമിച്ചു. ഇപ്പോൾ ലേബർ കമ്മീഷണറുദ്യോഗം നിറുത്തൽചെയ്ത് ആ ഉദ്യോഗത്തിനുള്ള ശമ്പളം പല ഹരിജനങ്ങൾക്കായി വീതിച്ചുകൊടുത്തു ഹരിജനങ്ങളെക്കൊണ്ടുതന്നെ ഹരിജനോദ്ധാരണം സാധിക്കണമെന്നു ഒരഭിപ്രായം ഒരു എം. എൽ. സി. ഒരു കാൺഗ്രസ്സു മന്ത്രിക്കുടെ ഉണ്ടായിരുന്ന സഭയിൽ അവതരിപ്പിച്ചുകാണുന്നു. മദ്രാസിൽ പ്രൊട്ടക്ടറുദ്യോഗം നിർത്തലാക്കിയപ്പോൾ ഇവിടെ അങ്ങനെ ഒരുദ്യോഗം സൃഷ്ടിച്ചു. പ്രൊട്ടക്ടറെതന്നെ കോവാപ്പറേററിവു രജിസ്ട്രാരുടെ പ്രൊട്ടക്ഷനിലാക്കി. ഇപ്പോൾ പ്രൊട്ടക്ടറുടെ പ്രൊട്ടക്ഷൻ, വിദ്യാഭ്യാസ ഡയറക്ടറെ ഏല്പിച്ചിരിക്കുന്നു.

* * *

ആണ്ടുതോറും പതിനായിരമോ, പതിനയ്യായിരമോ രൂപാ സഹായധനംകൊടുത്തു ഒരു ഹിന്ദുമിഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഹിന്ദുമിഷനെന്നപേരുകേട്ടാൽ എന്തോ ഒരു ഗാംഭീര്യം തോന്നാതിരിക്കില്ല. അവിടവിടെ മിഷന്റെ ശാഖകളും സ്ഥാപിച്ചു എന്നു റിപ്പോർട്ടു കാണാറുണ്ട്. ശാഖകളുടെ തണൽ ഹരിജനങ്ങൾക്കു വല്ല രക്ഷയും നൽകുന്നുണ്ടോ എന്നു ഞങ്ങൾ അറിഞ്ഞില്ല. ഇതിനുപുറമേ ഹരിജനസേവാസംഘവും പ്രവർത്തിക്കുന്നുണ്ട്. അവർക്കും ചില ഗ്രാന്റുകളും ഗവമ്മെൻറിൽനിന്നു കൊടുക്കുന്നുണ്ട്. ഈയിടെ ഹരിജനങ്ങൾക്കു മുന്നു കോളനികളും സ്ഥാപിക്കുവാൻ അനുവദിച്ചിട്ടുണ്ട്. ഈ എല്ലാ ഇനത്തിലുംകൂടി ഗവമ്മെൻറു ചിലവാക്കുന്ന തുക ഒരുമിച്ചുചേർത്തു് കുറെ ഹരിജനങ്ങളെതന്നെ പങ്കുവച്ചു ഏല്പിച്ചാൽ അവർതന്നെ ഇപ്പോഴത്തേതിലും ഭംഗിയായി ഹരിജനോദ്ധാരണം സാധിച്ചുകൊള്ളുമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഒന്നുമില്ലെങ്കിലും ഹരിജനവേലയുടെ പേരും പറഞ്ഞു കാറിൽകയറിനടക്കാൻ കുറെ ഹരിജനങ്ങളെ ശീലിപ്പിക്കുകയെങ്കിലും ചെയ്യാമല്ലൊ. ഹരിജനങ്ങളെ ഉദ്ധരിക്കുവാൻ, ഹരിജനങ്ങളെപോലെ നല്ലഉദ്ധാരകന്മാർ പാൽപ്പായസംകുടിച്ചു ജീവിക്കുന്നവരുടെ കൂട്ടത്തിൽ ഉണ്ടാകുമെങ്കിൽ പാവപ്പാത്ത താമരയും പൂക്കും.

* * *

ക്ഷേത്രപ്രവേശനവിളംബരം പ്രസിദ്ധീകൃതമായതോടുകൂടി തിരുവിതാംകൂറിൽ ഹരിജനങ്ങളും ഇല്ലാതായിഎന്നു ഒരാറ്റുകൂടി വർണ്ണന നടക്കുന്നു. വിളംബരവാർഷികം ഘോഷിക്കുവാൻ തിരുവനന്തപുരത്തെ ഈഴവ അനുമോദനകമ്മിറ്റിയും ഹരിജനസേവകസംഘവും ആഭിമുഖ്യം വഹിച്ചു സർ എം. കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം നടന്നു. ഹരിജനങ്ങളും ഇപ്പോഴും ഉണ്ടെന്നു ആ യോഗവും വെളിപ്പെടുത്തി. ക്ഷേത്രപ്രവേശനവിളംബരത്തെ എങ്ങനെയൊക്കെ വ്യാഖ്യാനിക്കുന്നുവോ ഞങ്ങൾക്കു ഒരുനിശ്ചയവുമില്ല. യോഗം ഭംഗിയായി നടന്നു.

——

അർദ്ധരാത്രി

[മേടയിൽ, എം. പി. അപ്പൻ എം. എ. [ആണേഴ്സ്]

എത്രനിശ്ചലം കമ്പപ്രപഞ്ചമിപ്പോളൊരു
ചിത്രതല്പജംപോലെ നിഭൃതംനിലകൊൾവൂ!
ഹന്ത! നിർവികാരമായ് ഗ്രഹങ്ങളുറങ്ങുന്നു,
ശാന്തമായ് മയങ്ങുന്നു ഗിരിയും വനങ്ങളും.
ലോകത്തിൻഹൃദ്ക്രിയയും കട്ടയായപോൽ ജഗ-
ത്താകവേ നിർജ്ജീവമായ്ത്തണുത്തുകിടക്കുന്നു.
ഹാ! കവർത്തിരുണ്ടൊരീഭൂമിയിൽക്കാണാകുന്നാ-
തേകമദ്വയം ശിവമെന്നതാമവസ്ഥയോ!
വർണ്ണഭേദമില്ലെങ്ങുമീയിരുൾപ്പടർപ്പുകൾ
സർവ്വവും മൽപിണ്ഡവുമൊന്നുപോലമരുന്നു.
ഉച്ചനീചമെന്നുള്ള ബുദ്ധിവിഭ്രമമെന്യേ
സ്വാത്മരന്ധ്രസുഷുപ്തിയിൽ സർവ്വവും ലയിക്കുന്നു.
നശ്വരപ്രതാപങ്ങളൊക്കെയും തകർത്തഹോ!
വിശ്വമണ്ഡലമാകെ സമത്വം ഭരിക്കുന്നു.

അനുപത്രങ്ങൾ

സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം

—o—

ലണ്ടിനിൽവെച്ചു കൂടിയ ഇന്ത്യൻ പൌരസ്വാതന്ത്ര്യ സമ്മേളനത്തിലേക്ക് മഹാകവി ടാഗോർ അയച്ച താഴെ ചേർക്കുന്ന സന്ദേശത്തെ ബാംബെയിലെ പൌരസ്വാതന്ത്ര്യസംഘം ആഫീസിൽനിന്നു പ്രസിദ്ധീകരണത്തിനു നൽകിയിരിക്കുന്നു:—

"എല്ലാദിവസവും ഒരുപോലെ ഒരു വ്യക്തി തന്നാത്താൻ രക്ഷിക്കേണ്ടതായുള്ള ഒരു അവകാശമാണ് സ്വാതന്ത്ര്യം; എന്തുകൊണ്ടെന്നാൽ ഏറ്റവും പ്രജായത്തപരമായ ഗവൺമെൻറിനു കൂടിയും, അതിന്റെ പ്രജകളുടെ ഭീരുത്വവും അലസതയുംകൊണ്ട് അതു പ്രലോഭിക്കപ്പെടുമ്പോൾ, മർദ്ദനത്തിനു ഒരു വാസനയുണ്ടായേക്കും. ആകയാൽ ഏതുവിധത്തിലുള്ള ഭരണത്തിനും ഒരു പൌരസ്വാതന്ത്ര്യസംഘം ആവശ്യമാണ്. സ്വാതന്ത്ര്യത്തിനുള്ള പ്രതിഫലമായി ചില ത്യാഗങ്ങളും ചെയ്യുവാനുള്ള നിരന്തരമായ സന്നദ്ധതകൊണ്ട് തന്റെ സ്വാതന്ത്ര്യത്തെ രക്ഷിക്കുവാൻ ഓരോ വ്യക്തിയേയും പഠിപ്പിക്കാത്ത പക്ഷം ആ സ്വാതന്ത്ര്യത്തെ രക്ഷിക്കാവതല്ല എന്നു ഇത്തരം പൌരസ്വാതന്ത്ര്യസംഘങ്ങൾ മനസ്സിലാക്കേണ്ടതാകുന്നു. ഓരോ വ്യക്തിയിലുമുള്ള ധാർമ്മികഗുണങ്ങളെ പ്രോദ്ഭിപ്പിക്കുവാനും, ഒരു വ്യക്തിയെന്ന നിലയിലുള്ള തന്റെ പ്രാഭവത്തെ ആയാൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനും ഉള്ള ഒരു സ്ഥാപനമാണ് ഇത്. അങ്ങനെയല്ലെങ്കിൽ, കേവലം ഭൌതികസംതൃപ്തിക്കുള്ള ഒരു മാർഗ്ഗമായി തന്റെ സ്വാതന്ത്ര്യത്തെ വ്യക്തി കരുതുകയാണ് എങ്കിൽ, ഭൌതികവിഭവങ്ങളാകുന്ന ചൂണ്ടലിര നീട്ടിക്കാണിച്ചു അയാളെ പ്രലോഭിപ്പിക്കുവാൻ ഭരണത്തിനു കഴിയും. റഷ്യ, ഇറ്റലി, ജർമ്മനി എന്നിവ സ്വച്ഛാധിപത്യമുള്ള രാജ്യങ്ങളിൽ നടക്കുന്നതു വാസ്തവത്തിൽ ഇതുതന്നെയാണ്.

"സ്വാതന്ത്ര്യത്തെ അതിനു വേണ്ടിത്തന്നെ സ്നേഹിക്കുവാനുള്ള പാരമ്പര്യം ബ്രിട്ടീഷ്കാർക്കുണ്ടെന്നു പറയപ്പെടുന്നുണ്ടെങ്കിലും മറവുള്ളവരുടെ സ്വാതന്ത്ര്യത്തെ യാതൊരു വിധത്തിലുള്ള സങ്കോചവും കൂടാതെ അവർ അപഹരിക്കാൻ സമ്മതിച്ചിരിക്കുന്നു. ഒരു പക്ഷേ എന്റെ ഇംഗ്ലീഷ് സുഹൃത്തുക്കൾ ഇതിനോടു യോജിക്കുകയില്ലായിരിക്കാം; എന്നാൽ മറവു രാജ്യങ്ങളെ അടക്കിവെച്ചു പൂഷണം ചെയ്യാനുള്ള മോഹത്തിന്റെ മന്ദാരം ഇനിയും കൂടുതൽ ശക്തിമത്തായിത്തീരുമ്പോൾ തങ്ങളുടെ അടിമരാജ്യങ്ങളെ മറവു രാജ്യങ്ങളുടെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കുവാൻവേണ്ടി ബ്രിട്ടീഷ് ഗവൺമെൻറിനു കൂടുതൽ അധികാരങ്ങളും നൽകുവാൻ ബ്രിട്ടീഷ് പ്രജകളും ഒരുങ്ങുന്നതായിരിക്കും. തങ്ങളുടെ സ്വന്തം സ്വാതന്ത്ര്യത്തെ തങ്ങളും അറിയാതെ തന്നെ വിട്ടുകൊടുക്കുകയും അതിൻഫലമായി ഒരു ഫാസിസ്റ്റ് പിടിയിൽ തങ്ങളെ അകപ്പെടുത്തുകയും ആണു തങ്ങളും ചെയ്തിട്ടുള്ളതെന്നു അപ്പോൾ അവർക്ക് ബോധപ്പെടുന്നതായിരിക്കും. രാഷ്ട്രത്തിന്റെ ഘടകങ്ങളായ വ്യക്തികളുടെ ധാർമ്മിക ശക്തിയിൽ മാത്രമേ സ്വാതന്ത്ര്യത്തിനു അടിസ്ഥാനമുള്ളൂ എന്നു അപ്പോൾ അവർക്കു ബോധോദയമുണ്ടാകുമായിരിക്കും."

[മ: രാ:]

കാൺഗ്രസ്സ് പ്രവർത്തക കമ്മിറ്റിയും ഫെഡറേഷനും

കൽക്കത്തയിൽവച്ചു നടക്കുന്ന സർവ്വേന്ത്യാ കാൺഗ്രസ്സ കമ്മിറ്റിയുടെ പ്രവർത്തകക്കമ്മിറ്റിയോഗത്തിൽ ഫെഡറേഷനെ എതിർക്കാൻ ഏഴു സംസ്ഥാന ഗവൺമെൻറുകളോടും അപേക്ഷിച്ചുകൊണ്ടു നിശ്ചയം പാസ്സാക്കിയിരിക്കുന്നു. ഫെഡറേഷൻ നടപ്പാക്കിയാൽ കാൺഗ്രസ്സ് മന്ത്രിസഭകൾ രാജിവെക്കണമെന്നുള്ള ഒരു അഭിപ്രായം ചിലർക്കുണ്ടായിരുന്നെങ്കിലും ഗാന്ധിജിയും മറ്റും അതിനോടു യോജിക്കാഞ്ഞതിനാൽ അതു സ്വീകരിച്ചില്ല. ഫെഡറേഷനെ എതിർക്കണമെന്നു ബ്രിട്ടീഷിന്ത്യയിൽ കാൺഗ്രസ്സുകാരും മുസ്ലിം ലീഗുകാരും പറയുന്നുണ്ട്. കാൺഗ്രസ്സുകാർ ഫെഡറേഷനെ എതിർക്കുന്നതു നാട്ടുരാജ്യങ്ങളിൽനിന്നു ഫെഡറൽ സഭയിൽ ചെല്ലുന്ന പ്രതിനിധികളും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടാതെ രാജാക്കന്മാർ നിയമിച്ചയക്കുന്നവരായിരിക്കുമെന്നുള്ളതുകൊണ്ടാണ്. നാട്ടുരാജ്യങ്ങളിൽ ഉത്തരവാദഭരണം ഏർപ്പെടുത്തി നാട്ടുരാജ്യങ്ങളും ബ്രിട്ടീഷിന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ ആകണമെന്നാണു കാൺഗ്രസ്സ് പറയുന്നതിന്റെ സാരം. മുസ്ലിംലീഗു ഫെഡറേഷനെ എതിർക്കുന്നതു ഫെഡറേഷൻവന്നാൽ നാട്ടുരാജ്യങ്ങളിൽനിന്നു വരുന്ന പ്രതിനിധികളും അധികവും ഹിന്ദുക്കളായിരിക്കാൻ ഇടയുള്ളതുകൊണ്ടു ഫെഡറൽ സഭയിലെ മുസ്ലിം ശക്തി കുറഞ്ഞുപോകുമെന്നു വെച്ചിട്ടായിരിക്കണമെന്നു തോന്നുന്നു. ഏതായാലും ബ്രിട്ടീഷിന്ത്യയിലെ കാൺഗ്രസ്സും മുസ്ലിംലീഗും എന്തുപറഞ്ഞാലും നാട്ടുരാജ്യങ്ങളിലെ ജനങ്ങൾക്കുഫെഡറേഷൻവരുന്നതാണു നല്ലതു്. നാട്ടുരാജ്യങ്ങൾ ഫെഡറേഷനിൽ ചേർന്നാൽ പിന്നെ നാട്ടുരാജ്യങ്ങളിൽ ഉത്തരവാദഭരണസ്ഥാപനം നീട്ടിക്കൊണ്ടുപോകാൻ അധികകാലം സാധിക്കയില്ല. അതുകൊണ്ടു മറ്റെന്തുവന്നാലും ഈ വലിയ ഋണം ഓർത്തിട്ടെങ്കിലും നാട്ടുരാജ്യങ്ങൾ ഫെഡറേഷനെ താങ്ങേണ്ടതാണ്. ബ്രിട്ടീഷിന്ത്യയിലെ നേതാക്കന്മാർ പറയുന്നതു ബ്രിട്ടീഷിന്ത്യയുടെ ഋണം മുൻനിറുത്തിയാണ്. നാട്ടുരാജ്യങ്ങൾ എങ്ങനെയെങ്കിലും കിടന്നുകൊള്ളട്ടെ എന്നാണു അവരുടെ വെപ്പു്.

[സഹോദരൻ]

—o—

എങ്ങുചെന്നെത്തും

(വക്കം എം. അബ്ദുൽഖാദർ)

മാരകാകേളി

ഇങ്ങനെഭൂസഹ വേദനതിങ്ങിഞാൻ
നീങ്ങിയാലെങ്ങുചെന്നെത്തും?
മാമകജീവിത ലക്ഷ്യമെവിടെഞാ-
നിന്നു കിടപ്പതെവിടെ?
ഇന്നുഞാൻനോക്കി രസിക്കുമാരമ്യമാം
താഴ്വതൻകുരിരുൾ കണ്ടുഞാനെത്രനാൾ
കണ്ണുകൾപൊത്തിക്കരയും?
ഉന്നതിയെന്നതിലിന്നു, തിയായൊരു
സംഗതിയായി ഞാൻതീർന്നു.
ഒന്നുമല്ലാതെയായീടുവാൻ മാനുഷൻ
പിന്നോട്ടുപോകുക നന്നോ?
വല്ലതുമാകുവാൻ മുന്നോട്ടുമുന്നോട്ട
നീങ്ങണംമാനുഷൻ നിത്യം.
ഒറ്റതിരിഞ്ഞൊരാഗന്തുകൻഞാ, നെന്നി-
ക്കില്ലൊരുതാവളംപോലും
ആ മനോമോഹനജീവിത ലക്ഷ്യത്തെ-
ക്കണ്ടുകണ്ടുൽക്കണ്ണാപൂവ്വം
വിശ്രമമില്ലാതെവിടെയും തങ്ങാതെ
വീണ്ടുംഗമിപ്പൂഞാൻ വേഗം
എന്നിട്ടും വിണ്ണിലെപ്പൊൻപുള്ളിപോലതു
ദൂരത്തുതന്നെ ഞാൻകാണ്മൂ
ഉന്നതജീവിതസ്ഥാനമേയെന്നെനീ
യങ്ങനെ മിന്നിവിളിയ്ക്കുന്നു
തീവെയിൽ ശീതളശുഭ്രികയെന്നപോ-
ലേറെനടക്കാം ഞാനെന്നും.
എങ്ങുംകിടക്കാതെ കണ്ണടച്ചീടാതെ
പിൻവലിയാതെ ഞാനേവം,
നിന്നാട്ടത്തെത്തുവാൻ വേദനതിങ്ങിഞാൻ
നീങ്ങിയാലെങ്ങു ചെന്നെത്തും?

——

കൗമുദി

വരിസംഖ്യവിവരം

(എല്ലായ്പോഴും മുൻക്രർ)

അഞ്ചലിൽ

ഒരാണ്ടത്തേയ്ക്ക്	4—0—0
മൂന്നുമാസത്തേയ്ക്ക്	1—0—0

ഇൻഡ്യയ്ക്കു പുറമേ

ഒരാണ്ടത്തേയ്ക്ക്	6—0—0
6 മാസത്തേയ്ക്ക്	3—0—0

ഒറ്റപ്രതി ഒരണ

വാരവൃത്താന്തങ്ങൾ

കിരീടം അവകാശപ്പെടുന്നു

54 വയസ്സുള്ള റാബർട്ട് പാച്ച്മാൻ എന്ന ഒരു വിയന്നാക്കാരൻ, താൻ ഹാപ്സ്ബർഗ് വംശത്തിന്റെ തലവനും, തൻമൂലം ആസ്ട്രിയാ ഹങ്കേറിയുടെ കിരീടാവകാശിയുമാണെന്നു വാദിച്ചുകൊണ്ട് പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ആറു വർഷക്കാലമായി ഇയാൾ തനിക്കാവശ്യമായ തെളിവുകൾ ശേഖരിച്ചുവരികയായിരുന്നു. ആസ്ട്രിയായിലെ ചക്രവർത്തി ആയിരുന്ന തീപ്പെട്ട ഫ്രാൻസു ജോസഫിന്റെ പൌത്രനും, ക്രൌൺപ്രിൻസു റുഡോൾഫിന്റെ അവകാശിയായ പുത്രനുമാണു താനെന്നു തെളിയിക്കുവാൻ സന്നദ്ധനാണെന്നു അദ്ദേഹം പ്രസ്താവിക്കുന്നു.

* * *

നിയമസഭകൾ

തിരുവിതാംകൂർ നിയമസഭകളുടെ അടുത്ത സമ്മേളനം വൃശ്ചികം 7-ാംനു ആരംഭിക്കുന്നു. അസംബ്ളി 7-ാംനു മുതൽ 12-ാംനു വരെയും കൗൺസിൽ 14-ാംനു മുതൽ 17-ാംനു വരെയും ഉണ്ടായിരിക്കുന്നതാണ്. നിയമസഭയുടെ ഇപ്പോഴത്തെ സമ്മേളനത്തിൽ തൊഴിലാളികളെ സംബന്ധിക്കുന്ന പല നിയമങ്ങളും ആലോചനയ്ക്കു വരുന്നതാണെന്നറിയുന്നു. തിരുവിതാംകൂർ യന്ത്രശാലാബിൽ, വ്യവസായവാദബിൽ, തൊഴിലാളികൾക്കു പ്രതിഫലം നൽകാനുള്ള ബിൽ മുതലായവ ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു.

* * *

ഇൻഡ്യൻ വൈമാനികന്റെ നിര്യാണം

അറ്റ്ലാന്റിക്ക് മഹാസമുദ്രം വിമാനമാർഗ്ഗം തരണംചെയ്യുന്നതിനുള്ള ഉദ്യമത്തിൽ തിരുവനന്തപുരം സ്വദേശിയായ മി. ജി. പി. നായർ അകാലനിര്യാണം പ്രാപിച്ചിരിക്കുന്നു. യാത്ര ആരംഭിച്ചു രണ്ടുമണിക്കൂർ കഴിയുന്നതിനുമുമ്പു ഫ്രാൻസിൽവെച്ചു വിമാനം പെട്ടെന്നു താഴുകയും ഒരു കമ്പിത്തൂണിൽ തട്ടി തകർന്നുപോവുകയും ചെയ്തു. മി. നായർ ഉടൻതന്നെ മൃതിയടഞ്ഞു. വിമാനത്തിൽ കമ്പിയില്ലാക്കമ്പിയന്ത്രം ഘടിപ്പിച്ചിരുന്നില്ല. ഈ അത്യാഹിതം സംഭവിക്കുവാനുള്ള ഹേതു എന്നും അജ്ഞാതമായിരിക്കുകയേയുള്ളൂ.

* * *

വിമാനത്തപാൽ

മഴക്കാലത്തു നിറുത്തിവെച്ചിരുന്ന ബോംബെ—തിരുവനന്തപുരം വിമാനത്തപാൽ സർവീസ് ഒക്ടോബർ 27-ാംനു മുതൽ വീണ്ടും ആരംഭിച്ചിരിക്കുന്നു. ഈ സർവീസ് ആരംഭിച്ചതിന്റെ മൂന്നാമത്തെ കൊല്ലമാണിതു്. കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ ഉപയോഗിച്ചതിനെക്കാൾ വലിപ്പവും വേഗവും കൂടിയ വിമാനമാണ് ഇപ്പോൾ ഉപയോഗിക്കുന്നതു്. പുതിയ വിമാനങ്ങളിൽ 5 പേർക്കു ഇരിക്കാൻ സൌകര്യമുണ്ട്. 8 മണിക്കൂർ 51മിനിട്ടാണ് ബാംബെയിൽ നിന്നും തിരുവനന്തപുരത്തെത്താൻ മുൻകൊല്ലങ്ങളിൽ വേണ്ടിവന്നിരുന്നതെങ്കിൽ 7 മണിക്കൂർ 15 മിനിട്ടു മാത്രമേ പുതിയ വിമാനത്തിനു ആവശ്യമുള്ളൂ. ബുധനാഴ്ചതോറും വിമാനം തിരുവനന്തപുരത്തു എത്തുന്നതും തിങ്കളാഴ്ച തിരിച്ചുപോകുന്നതുമാണ്.

* * *

നരിമാന്റെ അറസ്റ്റ്

ഉത്തരവാദഭരണസ്ഥാപനത്തിനു വേണ്ടിയുള്ള പൊതുജന പ്രക്ഷോഭണം, മൈസൂർ സംസ്ഥാനത്തിൽ അത്യന്തം ഗൗരവമായ ഒരു സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നു. ഇതിനകം പല അറസ്റ്റുകളും ബഹളങ്ങളും നടന്നിരിക്കുന്നു. കാൺഗ്രസ്സിന്റെ കൊടിക്കീഴിൽ നിന്നുകൊണ്ടാണ് അവിടെ പ്രക്ഷോഭണം ആരംഭിച്ചിരിക്കുന്നതു്. പക്ഷെ കാൺഗ്രസ്സിന്റെ ശക്തിയെ രാജ്യത്തിനകത്തു കടത്തുവാൻ ഗവൺമെൻറു ഇഷ്ടപ്പെടുന്നില്ല. രാജ്യവാസികളുടെ വ്യവസ്ഥാപിതമായ പ്രക്ഷോഭണത്തെ ഗവൺമെൻറു തടയുകയില്ലെന്നു ദിവാൻ നിയമസഭയിൽ വെച്ചു പ്രസ്താവിച്ചു. എങ്കിലും ഒരു പ്രസിദ്ധ കാൺഗ്രസ് പ്രവർത്തകനായ മി. കെ. എഫ്. നരിമാൻ അവിടെ ഒരു വ്യദ്യാർത്ഥി സമ്മേളനത്തിൽ പ്രസംഗിക്കുവാൻ പാടില്ലെന്നു മൈസൂർ പോലീസു റഗുലേഷൻ അനുസരിച്ചു അദ്ദേഹത്തിനു നിരോധനാജ്ഞ നൽകി. നിരോധനാജ്ഞയെ വകവയ്ക്കാതെ അദ്ദേഹം പ്രസംഗിക്കുകയും പോലീസുകാർ അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയും ചെയ്തു. ഇതിനെ തുടർന്നു വലിയ കല്ലേറും ലാത്തി പ്രഹരവും നടന്നിരിക്കുന്നു. പോലീസ് വെടി വെക്കേണ്ടതായിട്ടുപോലും വന്നു. നരിമാന്റെ പേരിൽ കേസ്സു ചാർജ്ജ് ചെയ്യുവാൻ ഗവൺമെൻറു വിചാരിക്കുന്നില്ല. അദ്ദേഹത്തെ വിട്ടയച്ചിരിക്കുന്നു. പോലീസുകാർ ഉൾപ്പെടെ പലരും ആശുപത്രിയിലാണ്.

* * *

ശ്രീ വിജയലക്ഷ്മിയും നഴ്സുകളും

ഐക്യസംസ്ഥാനത്തിലെ ആരോഗ്യവകുപ്പു മന്ത്രി മിസിസ്സ് വിജയലക്ഷ്മിപണ്ഡിറ്റ്, ബനാറീസിലെ പ്രസവശുശ്രൂഷാശിശുസംരക്ഷണകേന്ദ്രത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ച അവസരത്തിൽ ചെയ്ത ഒരു പ്രസംഗമദ്ധ്യേ ഇപ്രകാരം പ്രസ്താവിച്ചു.

"നമ്മുടെ അമ്മമാർക്കു ആരോഗ്യമുള്ള കുട്ടികളെ പ്രസവിക്കാൻ സാധിക്കാത്ത കാലത്തോളം നമ്മുടെ രാജ്യം അഭിവൃദ്ധിപ്പെടുകയില്ല. മാതൃത്വത്തിനുള്ള യാതൊരു പരിശീലനവും അവർക്കു നൽകുന്നില്ല. ഇൻഡ്യയിൽ അമ്മയുടെ കരച്ചിൽ അവഗണിക്കുകയാണ് ചെയ്യുന്നതു്. വയറാട്ടിയുടെയും നഴ്സിന്റെയും ജോലി ഇപ്പോഴും നികൃഷ്ടമെന്നാണ് കരുതിവരുന്നതു്. ഇതു സങ്കടകരമായിരിക്കുന്നു. ഇന്നു നിലവിലിരിക്കുന്ന ജോലികളിൽവെച്ചു ഏറ്റവും പാവനവും സ്ത്രീകൾക്കു ഏറ്റവും യോജിച്ചതുമായ ഒരു ജോലിയാണ് അതു്. നല്ല കുടുംബങ്ങളിലെ സ്ത്രീകൾ രാഷ്ട്രനിർമ്മാണത്തിൽ തങ്ങൾ സഹായിക്കുകയാണെന്നുള്ള ഒരു സേവനബോധത്തോടുകൂടി ഈ ജോലി ഏറ്റെടുക്കുകയാണെങ്കിൽ പ്രസവശുശ്രൂഷ ശിശുസംരക്ഷണം മുതലായ പ്രശ്നത്തിനു പരിഹാരം നേടാവുന്നതാണ്."

* * *

നവജീവൻ

കോട്ടയം എം. എസ്. പ്രസ്സിൽ നിന്നും സ്വാമി ശ്രീനാരായണ തീർത്ഥർ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്ന 'നവജീവൻ' എന്ന പ്രതിവാര പത്രത്തിന്റെ ആദ്യലക്കം കൈപ്പറ്റി നന്ദിപറയുന്നു. കൗമുദിയുടെ ആകൃതിയും വലിപ്പവുമാണ് നവജീവനും ഉള്ളതു്. നവജീവനിലെ ആദർശങ്ങളും പ്രതിപാദ്യവിഷയങ്ങളും ജാതിയുടേയും മതത്തിന്റേയും പേരിലുള്ള വടംവലി, തൊഴിലാളിമുതലാളി ഭിന്നിപ്പു്, അല്പപ്പട്ടിണികാരുടെ ദുരന്തദുരിതങ്ങൾ, മുതലായവയുടെ പരിഹാര മാർഗ്ഗങ്ങളെപ്പറ്റി ആരായുകയും ആ മാർഗ്ഗങ്ങളെ പ്രചരിപ്പിക്കുകയുമാണെന്നു പ്രസ്താവിച്ചുകാണുന്നു. കൊച്ചി തിരുവിതാംകൂർ ദിവാൻജിമാരുടെ സന്ദേശങ്ങൾക്കു പുറമെ പല നല്ല ലേഖനങ്ങളും ഈ ലക്കത്തിൽ അടങ്ങിയിരിക്കുന്നു. ഈ സഹജീവിക്കു ഞങ്ങൾ സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

* * *

വീരകേരളൻ

—o—

തിരുവനന്തപുരത്തു മലയാളി പ്രസ്സിൽ നിന്നും ശ്രീമാൻ കെ. ജി. വാര്യർ അച്ചടിച്ചു തിരുനാൾസംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ വീരകേരളൻ എന്നപ്രതിവാര പത്രത്തിന്റെ പ്രഥമ ലക്കം കൈപ്പറ്റി നന്ദിപറയുന്നു. ഡബ്ബിൾ ഡിമ്മി എട്ടുപേജിൽ ഒരു സർവ്വസ്വതന്ത്ര പ്രതിവാര പത്രമായി പുറപ്പെടുവിക്കുന്ന ഈ സഹജീവിക്കു ഞങ്ങൾ സകല മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

———

കേരകൃഷി

———

ചില വിവരങ്ങൾ

—o—

1932-33-ലെ കണക്കനുസരിച്ചു ഇൻഡ്യയിൽ ആകെ 1388000 ഏക്കർ ഭൂമിയിൽ നാളികേരകൃഷി ചെയ്തുപോരുന്നുണ്ട്. ഇതിൽ 91-ശതമാനം ദക്ഷിണ ഇൻഡ്യയിലാകുന്നു. ഇതിൽ മദ്രാസു പ്രാവിൻസിൽ 40-ശതമാനവും തിരുവിതാംകൂറിൽ 38-ശതമാനവും ശേഷം മൈസൂർ തുടങ്ങിയ ഏതദ്ദേശീയ രാജ്യങ്ങളിലുമാകുന്നു.

* * *

തിരുവിതാംകൂറിലെ കയറ്റുമതിയിൽ മൂന്നിൽ ഒന്നും നാളികേരവിഭവങ്ങളാകുന്നു. ആകെയുള്ള വ്യാപാരികളിൽ മൂന്നിലൊന്നിലധികം നാളികേര വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നു. വ്യവസായികളിൽ 36-ശതമാനവും കയറ്റു വ്യവസായികളാണ്. തിരുവിതാംകൂറിൽ 11400 ആളുകൾ എണ്ണക്കരുക്കൾ ആട്ടി എണ്ണ എടുക്കുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. എണ്ണക്കരുകളിൽവെച്ചു പ്രാധാന്യം അർഹിക്കുന്നതു നാളികേരമാകുന്നു.

* * *

സിലോണിൽനിന്നും ഇൻഡ്യയിലേക്കു ഇറക്കുമതി ചെയ്യുന്ന നാളികേരത്തിന്റെ എണ്ണം 1929-30-ൽ-10932-ആയിരുന്നതു് 1934-ൽ 1906000 ആയി വർദ്ധിച്ചിട്ടുണ്ട്. കൊപ്രായുടെ കാര്യത്തിലാണെങ്കിൽ 1929-30-ൽ-152 ഹൺഡ്രഡ്വെയിറ്റായിരുന്നതു് 1934-ൽ-674840 ഹൺഡ്രഡ് വെയിറ്റ ആയിട്ടും ഉയർന്നിട്ടുണ്ട്. 1929-30-ൽ-1566 ഹൺഡ്രഡ് വെയിറ്റ് വെളിച്ചെണ്ണ ഇറക്കുമതി ചെയ്തിരുന്നതു് 1934-ൽ-7392000 ആയി വർദ്ധിച്ചു. ഈ അനിയന്ത്രിതമായ ഇറക്കുമതിയുടെ വർദ്ധനവു മൂലം ഇവിടത്തെ കേരോല്പന്നങ്ങളുടെ വിലസ്ഥിരമായി കുറയുന്നതിനു ഇടയായിട്ടുണ്ട്.

* * *

കരുനാഗപ്പള്ളിയിൽ വെച്ചുകൂടിയ കേരകർഷകയോഗത്തിൽ പാസ്സാക്കിയ പ്രധാന നിശ്ചയങ്ങളുടെ ചുരുക്കം താഴെ ചേർക്കുന്നു.

ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുന്ന വിദേശ കൊപ്രായ്ക്കു ടൺ ഒന്നിനു 100-രൂപയിൽ കുറയാത്ത സംരക്ഷണച്ചുങ്കം ചുമത്തണം.

തിരുവിതാംകൂറിൽ കൊപ്രായ്ക്കു ചുമത്തിയിരിക്കുന്ന ഏറ്റുമതിച്ചുങ്കം നിറുത്തൽ ചെയ്യണം.

മലയാളക്കരയിൽ രോഗം ബാധിച്ചിട്ടുള്ള തെങ്ങുകളുടെ സർവ്വേ നടത്തി കരം ഇളവു ചെയ്യണം.

സാമ്പത്തികസ്ഥിതി പരിഗണിച്ചു തിരുവിതാംകൂർ ഗവൺമെൻറു ഉടനെ കണ്ടെഴുത്തു തുടങ്ങുന്നതു്.

—o—

കോഴഞ്ചേരിക്കുശേഷം അഥവാ എന്റെ രജയിൽജീവിതം

രാജശ്രീ സി. കേശവൻ ബി. എ., ബി. എൽ-അവർകളുടെ ആത്മകഥാകഥനം; ലളിതവും ഉജ്ജ്വലവും വികാരതരളിതവുമായ ഭാഷയിൽ എഴുതിയിട്ടുള്ള ഒരു വിശിഷ്ടസാഹിത്യഗ്രന്ഥം.

വില രൂപാ ഫ

1113 വൃശ്ചികം 15-ാംനു- പുസ്തകം പ്രതീക്ഷിക്കുക. അപേക്ഷകൾ നേരത്തേ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാകുന്നു.

മാനേജിംഗ് എഡിറർ,
കൗമുദി, തിരുവനന്തപുരം

പത്രാധിപക്കുള്ള കത്തുകൾ

ഹിറ്റ്ലർ മുസ്സോളിനിക്രൂടി കാഴ്ച്ച

ദക്ഷിണഭാരതി പത്രാധിപർ മി. ബി. നാരായണപിള്ളയുടെ ശ്രമഫലമായി മലയാളരാജ്യം ഉടമസ്ഥൻ ശ്രീമാൻ കെ. ജി. പരമേശ്വരൻപിള്ള അവർകൾക്കു ഇരണിയിൽ വെച്ചു ഒരു അനുമോദനം നൽകി. മി. ശിവതാണുപിള്ള എം. എൽ. എ., യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ആ യോഗത്തിൽ നടന്ന പ്രസംഗങ്ങൾ മലയാളരാജ്യത്തിൽ റിപ്പോർട്ടുചെയ്തിരുന്നതിൽ നിന്നും ചില ഭാഗങ്ങൾ താഴെചേർക്കുന്നു.

"മഹാന്മാർ എന്നുപേരിനു യഥാർത്ഥത്തിൽ രണ്ടുകൂട്ടർ മാത്രമെ അർഹരാകുന്നുള്ളൂ. ഒന്നു പൊതുജനസേവകനും ത്യാഗിയുമായ ലോകോപകാരി; വേറൊന്നു യഥാർത്ഥ സാഹിത്യപ്രയോക്താവു്. അതു രണ്ടും ഇന്നത്തെ അതിഥിയിൽ സമ്മിളിതമായിരിക്കുന്നു.!!

ദേശീയ മനഃസ്ഥിതിയെ ജനതതിയിൽ ഉൾക്കൊള്ളിക്കുവാൻ വടക്കും തെക്കും നിന്നു 'മലയാളരാജ്യവും' 'ദക്ഷിണഭാരതി'യും ചെയ്യുന്ന സ്തുത്യർഹവും അഭിമാനപ്രദവുമായ ശ്രമം പൗരന്മാർ അതിന്റെ യഥാർത്ഥരൂപത്തിൽ മനസ്സിലാക്കുന്നുണ്ടോ എന്നു സംശയമാണു്.

ഇന്നത്തെ അതിഥി ഒരു പുരാണപുരുഷനാണു്. പുരാണപുരുഷന്മാർ ധർമ്മസ്ഥാപനാർത്ഥം അവതാരമെടുത്തപോലെ ഇന്നത്തെ അദ്ധ്യക്ഷനും അതിഥിയും പ്രത്യേകാവതാരങ്ങളാകുന്നു.

അദ്ധ്യക്ഷന്റേയും അതിഥിയുടേയും ഇന്നത്തെ സമാഗമം ഒരു ഹിറ്റ്ലർ മുസ്സോലിനിക്രൂടി കാഴ്ചയാണു്. രാഷ്ട്രീയ ഗൂഢകൗശ്ശലങ്ങൾ സംഭവിക്കാതിരിക്കയില്ല."

പ്രസംഗങ്ങൾ ഇങ്ങനെ അങ്ങാട്ടു പോകുന്നു. ഒരു സംശയം മാത്രം. ഹിറ്റ്ലർ ആരു്? മുസ്സോലിനി ആരു്?

പി. ആർ. വാമദേവൻ

—o—

"ദാരിദ്ര്യം"

ആരും ആഗ്രഹിക്കാത്ത ഒരു ബഹുമതിയത്രെ ദാരിദ്ര്യം. ഇന്നത്തെ ലോകനീതി ബഹുഭൂരിപക്ഷംപേർക്കും ഈ അസാമാന്യ ബഹുമതിയെ നിർബ്ബന്ധമായി ദാനംചെയ്യുന്നു. അതിനെ ഉപേക്ഷിക്കുവാൻ ആർക്കും സാധിക്കുന്നില്ല. ക്ഷമാപൂർവ്വം അതിനെ സ്വീകരിക്കാതെ, എതിർത്തു വിജിതരാകുന്നവർ നൂറു ചൂരൽ അടിയും ഒരു ദിവസത്തെ പട്ടിണിയും അനുഭവിക്കുന്നു. ഇതാണു ലോകനീതിയുടെ ഒരു ഏകദേശരൂപം. ഈ നീതിയുടെ ഉദ്ദേശ്യം ദാരിദ്ര്യത്തെ ഒരു ശിക്ഷയായി ഗണിക്കുന്നു എന്നു തോന്നുന്നു. ഈ ശിക്ഷയുടെ ഉദ്ദേശ്യം ഒരു കുറ്റത്തിനു പ്രതിഫലമായി ഏർപ്പെടുത്തിയതാണെന്നു തോന്നുന്നു. ഈ കുറ്റം ഏതാണെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടു്. ഒരുപക്ഷേ ദാരിദ്ര്യത്തിനു കാരണമായ ഏതെങ്കിലും കുറ്റത്തിനു ശിക്ഷയായിട്ടായിരിക്കാം ദാരിദ്ര്യം നൽകുന്നതു്

തൊഴിലാളികളോട്

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള

[ഈ മാസം 14-ാംനു കൊല്ലം കൺവൊൺമെൻറ് മൈതാനത്തുവച്ചു കൂടിയ തൊഴിലാളിമഹായോഗത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽനിന്ന്]



***യന്ത്രമോ ശക്തിയോ ഉപയോഗിക്കാതെ നടത്തുന്ന തൊഴിൽശാലകളേയും തൊഴിലാളിനിയമം ബാധിക്കേണ്ടതാണ്. കൊല്ലത്ത് അനവധി അങ്ങിക്കമ്പനികളുണ്ട്. അവിടെ മനുഷ്യയന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. അവരുടെ സംരക്ഷണത്തിന് വേണ്ട വ്യവസ്ഥകളും അത്യാവശ്യമാണ്. അവിടെ ജോലിചെയ്യുന്ന സ്ത്രീകളും നിരവധിയാണ്. അവരുടെ കൈകളും കണ്ടാൽ കുഷ്ഠരോഗികളുടെ കൈപോലെയിരിക്കുന്നു. അതിനുകാരണം അന്വേഷിച്ചു നിവാരണമാർഗ്ഗങ്ങളും ഉണ്ടാക്കണം. ഈ കമ്പനികളിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് അവരുടെ ശിശുക്കളെ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങളില്ല. ചാക്കുകൾകൊണ്ട് തൊട്ടിലുകളും ഉണ്ടാക്കി തൊഴിൽശാലകളുടെ ചില മൂലകളിലായി ആ പിഞ്ചുപൈതങ്ങളെ അവർ സൂക്ഷിക്കുന്ന ഹൃദയം പിളർക്കുന്ന ഈ കാഴ്ചകാണുവാനുള്ള ദൗർഭാഗ്യം ഒരിക്കൽ ഉണ്ടായാൽ ആ ആൾക്ക് ഒരു മാനസാന്തരം വരാതിരിക്കയില്ല. ഈ സ്ഥിതികൾക്ക് ഒരു പോംവഴി കണ്ടുപിടിക്കണം. ഉടമസ്ഥന്മാർ അതിനു തയ്യാറാകുന്നില്ലെങ്കിൽ ഗവൺമെണ്ട് അവരെക്കൊണ്ട് ചെയ്യിക്കണം. ഇങ്ങനെയുള്ള പല പരിഷ്കാരങ്ങളും ഇവിടെയും സമീപസ്ഥലങ്ങളിലുമുള്ള തൊഴിൽശാലകളിൽ വരുത്തേണ്ടതായുണ്ട്. തൊഴിലാളികളുടെ പ്രവൃത്തിസമയം 48 മണിക്കൂറായി കുറയ്ക്കേണ്ടതാണ്. അങ്ങനെ ചെയ്താൽ ഉടമസ്ഥന്മാർക്ക് ഒരുവിധത്തിലും നഷ്ടംവരാൻ ഇടയില്ല.

***അനാവശ്യമായ കാര്യങ്ങളിൽ കഴിയുന്നതും തൊഴിലാളികൾ ബന്ധപ്പെടാതിരിക്കണം. പത്തോ പത്തിലധികമോ ആളുകൾ ജോലിചെയ്യുന്നത് തൊഴിലാളിനിയമപരിധിക്കുള്ളിൽ വരുത്തണമെന്നുള്ളതും കാമ്യമല്ല. കൂടിൽ വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ് ആ വ്യവസ്ഥ. അതിനാൽ ചുരുങ്ങിയത് 20 തൊഴിലാളികൾ വേലചെയ്യുന്ന ഒരു തൊഴിൽശാലയേ നിയമത്തിൽപ്പെടുത്താവൂ. പണിമുടക്കിനെപ്പറ്റി ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ചു മാത്രമേ പണിമുടക്കാൻ പാടുള്ളു. വഴിപിഴച്ച രാഷ്ട്രീയ പ്രശ്നങ്ങൾക്കുവേണ്ടി അങ്ങനെ ചെയ്യരുത്. അതു തൊഴിലാളി താല്പര്യങ്ങൾക്കു വിരോധമാണ്.

മുതലാളികൾ സംഘടനാശക്തിയുള്ളവരാണ്. അതിനാൽ വിജയം കരസ്ഥമാകണമെങ്കിൽ തൊഴിലാളികൾ സംഘടിച്ച് നിയമാനുസൃതമായ പ്രക്ഷോഭണം നടത്തണം. ഇന്നത്തെ നിയമസഭകളിൽ വലിയ ആശവെച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ല. അവിടെ തൊഴിലാളി താല്പര്യങ്ങൾ വിസ്മരിക്കപ്പെടാനെ മാർഗ്ഗമുള്ളു. നിയമസഭയിൽ കക്ഷികളുടെ ബാഹുല്യമാണ് നാം കാണുന്നത്. സംയുക്തം, ദേശീയം, സ്വതന്ത്രം. അവർക്ക് സാമുദായിക മനോഭാവം മാത്രമെയുണ്ടായിരുന്നുള്ളുവെങ്കിൽ ക്ഷമിക്കാമായിരുന്നു. അങ്ങനെയുള്ള ഒരു മനോഭാവം മനുഷ്യസ്വഭാവത്തിനപ്പുറത്തല്ല. സമുദായത്തെ സ്നേഹിക്കുന്നത് പാപമല്ല. എന്നാൽ സാമുദായികമായ ഒരു വളച്ചുകെട്ടല്ല മെംബറന്മാരിൽ കാണുന്നത്. സ്വാർത്ഥബുദ്ധിയുടെ നഗ്നനർത്തനമാണ് അവരിൽ പ്രതിഫലിച്ചു കാണുന്നത്. ഉദ്യോഗകാംക്ഷയും പുതുവലിനെപ്പറ്റിയുള്ള ചിന്തയും ആണ് അവരിൽ മുന്നിട്ടു നിൽക്കുന്നത്. തേയില, റബ്ബർ, മുതലായതു കൃഷിചെയ്യുന്നതിനെപ്പറ്റി നിയന്ത്രണം വന്നുകഴിഞ്ഞതുകൊണ്ട് പുതുവലിനെപ്പറ്റി വലിയ നിഷ്കർഷയില്ലാതായി തീർന്നിട്ടുണ്ട്. ഉദ്യോഗങ്ങളെ ലക്ഷ്യമാക്കി ഗവൺമെൻറിനെ സ്ഥാനത്തും അസ്ഥാനത്തും പൊതിയുകയാണ് അവരുടെ ജോലി. സംയുക്ത പാർട്ടിക്കും നാഷ്നൽ പാർട്ടിക്കും ഉദ്യോഗങ്ങൾ വേണം. അതിനാൽ ഈ കക്ഷികൾ ഗവൺമെൻറിനെ സേവക്കായി മത്സരിക്കുന്നു. ഇതിൽ ഒരു നേരമ്പോക്കുണ്ട്. സംയുക്ത കക്ഷിയുടെ പിൻഭാഗത്തു നിവർത്തനപ്രേതം കിടപ്പുള്ളതിനാൽ അവർ ഗവൺമെൻറിനെ പ്രീതിക്കു പാത്രവാന്മാരല്ലെന്നും അവരെ എതിർക്കുന്നത് ഗവൺമെണ്ടിന് സന്തോഷകരമായിരിക്കുമെന്നും വിചാരിച്ച് ദേശീയകക്ഷി സംയുക്തകക്ഷിയെ എപ്പോഴും എതിർക്കുന്നു. വാദവിഷയമായ സംഗതിയെക്കുറിച്ച് ആലോചിക്കുന്നില്ല. സംയുക്ത കക്ഷിയുടെ മേൽ കുതിരകയറുകയെന്നേ ഉദ്ദേശമുള്ളു. അതുകൊണ്ട് ഇവർക്ക് ഉദ്യോഗംകൊടുക്കാൻ ശ്രമിച്ചാൽ പക്ഷെ തൊഴിലാളികളെ അവർ സഹായിച്ചേക്കാം. ഉദ്യോഗാർത്ഥികളെക്കുറിച്ച് ഒരു യോഗത്തിൽ പ്രസ്താവിക്കേണ്ടതായി ഒരിക്കൽവന്നകുടി. അതിനാൽ അവർ തുണിയെടുത്ത് അദ്ധ്യക്ഷനെ വിമർശനം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ നേരിട്ടുനില്ക്കുവാനുള്ള ധൈര്യമില്ല. ശക്തിയോടുകൂടി നേരിട്ടുവരാതെ ഒളിയമ്പുകളെയ്ത് ചാരിതാർത്ഥ്യം നേടുന്ന ഭീരുക്കളെക്കുറിച്ച് ആലോചിക്കുമ്പോൾ പദ്മിനീപത്നത്തിന്റെ കഥ ഓർമ്മവരുന്നു. ദൈവവും ചെകുത്താനുമായുണ്ടായ യുദ്ധത്തിൽ ദൈവം ചെകുത്താനെ ബന്ധിച്ച് നരകത്തിലിട്ടു. അവിടെനിന്നും രക്ഷപ്രാപിക്കുവാൻ ചെകുത്താൻ ആലോചനകൾ തുടങ്ങി. നേരിട്ടു യുദ്ധം ചെയ്താൽ അതല്ലെങ്കിൽ ഒളിഞ്ഞുള്ള പതിപ്രയോഗംമൂലമോ രക്ഷനേടണമെന്നായിരുന്നു ചെകുത്താന്റെ ആലോചന. നേരിട്ടുള്ള യുദ്ധത്തിൽ ദൈവത്തിനെജയിക്കാൻ സാധിക്കയില്ല പിന്നെ അദ്ദേഹത്തെ തോല്പിക്കാൻ ഒരുവഴി മാത്രമേയുള്ളു. ദൈവത്തിന്റെ ആശകളും ആശിസ്സുകളും സ്ഥിതിചെയ്യുന്നതാരൊ ആ ജീവിയെ നശിപ്പിക്കുന്നതു ദൈവത്തിനോടു പകവീട്ടുന്നതിനു തുല്യമാണല്ലൊ. അതിനാൽ ചെകുത്താൻ സപ്പർവേഷത്തിൽചെന്ന് പദ്മിനീസായിൽ വസിച്ചിരുന്ന ആദാമിനേയുംഹവ്വായേയും പാപം ചെയ്യിച്ചു. അതുപോലെയാണ് ഇവിടത്തേയും വിമർശനങ്ങൾ. മന്ത്രകാന്തികണ്ട് പട്ടികൾ കുരച്ചതുകൊണ്ട് ഒരു ഫലവുമില്ല. മനഃസ്സാക്ഷിയോടു വിദൂരബന്ധംപോലുമില്ലാതെ, സത്യത്തെ മറയ്ക്കുകയും മറക്കുകയും ന്യായബോധവും സന്മാർഗ്ഗബോധവുമില്ലാതെ എന്തും പറയുകയും പ്രവർത്തിക്കുകയുംചെയ്യുന്ന ഈ രാഷ്ട്രീയശിഖണ്ഡികളെ ഗവൺമെണ്ടു ന്യായാധിപസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുമെന്നു വിചാരിക്കുവാനുള്ള ധൃഷ്ടതയും ധൈര്യവും അവർക്കുണ്ടെങ്കിൽ അതിൽ അസൂയക്ക് അവകാശമില്ലതന്നെ. മൌഢ്യത്തിന്റേയും ബുദ്ധിഹീനതയുടേയും കൂത്തക അവർക്കുതന്നെയിരുന്നുകൊള്ളട്ടെ. അതിനാൽ ഒരുകാര്യം തൊഴിലാളികൾ ചെയ്താൽ കൊള്ളാം. ഈ ഉദ്യോഗാർത്ഥികൾക്കെല്ലാം ഉടനെ ഉദ്യോഗം കൊടുക്കണമെന്ന് ഒരു നിവേദകസംഘമായിച്ചെന്ന് ദിവാൻജിയെ കണ്ടുപറയണം. അങ്ങനെചെയ്താൽ പക്ഷെ അവർ തൊഴിലാളിതാല്പര്യങ്ങളെക്കുറിച്ച് അനുഭാവം കാണിച്ചേക്കാം. ഇതാണ് ഇന്നത്തെ സ്ഥിതി. അതിനാൽ തൊഴിലാളികൾ ആലോചിച്ച് പ്രവർത്തിക്കേണ്ട സന്ദർഭമാണിത്. അതിന് സംഘടിതവും കാര്യക്ഷമവും നിയമാനുസൃതവുമായ പ്രക്ഷോഭണമാണ് വേണ്ടത്.

യോഗത്തിൽ പാസാക്കിയ പ്രധാന പ്രമേയങ്ങൾ

1. പത്തോ അതിലധികമോ ആളുകൾ ജോലിചെയ്യുന്നതും പൂർവ്വം ഉപയോഗിക്കാത്തതുമായ ഫാക്ടറികളെക്കൂടി ഫാക്ടറീസ് ബില്ലിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തുകയും ജോലിസമയം ആഴ്ചയിൽ 48 മണിക്കൂറാക്കുകയും ചെയ്യണം.

2. ട്രേഡ് ഡിസ്പ്യൂട്ട്സ് ബില്ലിൽ നിയമവിരുദ്ധമായ പണിമുടക്കിനെപ്പറ്റി പറയുന്ന 16-ാമതു വകുപ്പുമുതൽ 18വരെ ഉപവകുപ്പുകൾ ഉൾപ്പെടെയുള്ളഭാഗം തൊഴിലാളികളുടെ മൗലികാവകാശമായ പണിമുടക്കു സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാകയാൽ ആ ഭാഗം ബില്ലിൽനിന്നും നിശ്ശേഷം എടുത്തുകളയണം.

3. സ്ത്രീകളും കുട്ടികളും ധാരാളമായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും ഏറ്റവും അനാരോഗ്യകരമായ രീതിയിൽ നടത്തപ്പെടുന്നവയും സംസ്ഥാനത്തെ ഫാക്ടറി തൊഴിലാളികളുടെ ഒരു വലിയഭാഗം ഉൾപ്പെടുന്നതുമായ കാഷ്യൂനട്ട് ഫാക്ടറികളും ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുമോ എന്നുള്ള സംഗതി സംശയാസ്പദമായിരിക്കുന്നതിനാൽ അവകൂടി പ്രത്യക്ഷത്തിൽ ഉൾപ്പെടുന്ന രീതിയിൽ ബില്ല് ഭേദഗതിചെയ്യണം.

4. കൊച്ചിയിലെ ഫ്രാഞ്ചൈസ് കമ്മിറ്റിയുടെ റിപ്പോർട്ടിലും അതിന്മേൽ ഗവൺമെണ്ടു ചെയ്യുന്ന തീരുമാനത്തിലും അവിടെയുള്ള തൊഴിലാളികളുടെ പ്രാതിനിധ്യത്തെ അവഗണിച്ചതിൽ ഈ യോഗത്തിനുള്ള കഠിനമായ പ്രതിഷേധത്തേയും വ്യസനത്തേയും രേഖപ്പെടുത്തിക്കൊള്ളുന്നു.

5. കൊല്ലം നഗരസഭാരിത്തിക്കുള്ളിൽ തൊഴിലാളികൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ അങ്ങിഫാക്ടറികൾ സ്ഥാപിക്കുകയോ സ്ഥാപിച്ചുകഴിഞ്ഞവ മേലാൽ തുടർന്നു നടത്താൻ അനുവദിക്കയൊ ചെയ്യരുത്.

മതങ്ങൾ യഥാർത്ഥത്തിൽ പ്രയോഗത്തിൽ വരുത്താൻ സന്ദർഭം ലഭിക്കും. അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും, അസാന്മാർഗ്ഗികനടപടികളും ഭൂമുഖത്തു നിന്നു മറയും. സ്വാർത്ഥരാജ്യം ഭൂമിയിൽ സ്ഥാപിതമാകും.

ഇതിനുവേണ്ടി പരിശ്രമിക്കുന്നതിനുള്ള കാലം വിദൂരസ്ഥിതമൊ?

എ. എ. താഴക്കുത്ത്

ദരിദ്രന്മാർ സംഘടിക്കണം

(പി. കേശവദേവ്)

ഞാൻ ഒരു ദരിദ്രനാണ്. തൊഴിലാളിയാണ്. എന്റെ കഥയൊന്നു കേൾക്കുവാൻ വായനക്കാക്കു ദയവുണ്ടാകണം.

ബ്ലാഹേൽനായരും, പറയത്തു മേനവനും, മന്ദത്തു കുഞ്ഞൻനായരും, ഭാസ്കരൻനായരും, മള്ളൂർ ഗോവിന്ദപ്പിള്ളയും,



കെ. എം. പണിക്കരും, ഡാക്ടർ കുഞ്ഞൻപിള്ളയും, ജനിച്ച സമുദായത്തിലാണു ഞാൻ ജനിച്ചതു്. ധനസ്ഥിതിയിലും, വിദ്യാഭ്യാസത്തിലും, പരിസ്കാരത്തിലും, മറ്റുള്ള സമുദായങ്ങളുടെ മുന്നിലല്ലെങ്കിലും ഒട്ടും പിന്നിലല്ലാത്ത ആ സമുദായത്തിൽതന്നെയാണ്, എന്റെ അച്ഛനും അമ്മയും ജനിച്ചതു്. ദുസ്സഹമായ ദുരിതങ്ങൾക്കുശേഷം, എന്റെ അച്ഛൻ ഒരു നായരായിതന്നെ മരിച്ചു. എന്റെ അമ്മ, ക്ലേശഭൂയിഷ്ഠമായ ആ ജീവിതം അവസാനിക്കുന്ന നിമിഷത്തെ പ്രതീക്ഷിച്ചുകൊണ്ടു കഴിയുകയാണ്. ഞാനാകട്ടെ, അഹോരാത്രം വേലചെയ്തിട്ടും എന്റെയും എന്റെ കുടുബത്തിന്റെയും നിത്യാവശ്യങ്ങൾ നിവ്വഹിക്കുവാനുള്ള വകപോലും കിട്ടാതെ, ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ കിടന്നു ശ്വാസം മുട്ടുന്നു.

കുബേരന്മാരുടെ സമുദായത്തിൽ ജനിച്ച ഞാൻ, ഒരുപിടി അന്നംകിട്ടുവാൻ വഴികാണാതെ പല ദിനരാത്രങ്ങളും പട്ടിണികിടക്കേണ്ടിവന്നിട്ടുണ്ട്. രാഷ്ട്രീയാധികാരങ്ങളും കൈവശപ്പെടുത്തിവച്ചിരിക്കുന്ന ഒരു സമുദായത്തിൽ ജനിച്ച എനിക്ക്, രാഷ്ട്രീയനിയമങ്ങളുടെ കഠിനമായ മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മറ്റൊരു സമുദായത്തോടും കിടനിൽക്കുന്ന ഒരു സമുദായത്തിൽ പിറന്ന ഞാൻ, ജ്ഞാനസമ്പാദനത്തിനു വേണ്ടി പലരോടും പുസ്തകങ്ങളും യാചിക്കേണ്ടിവന്നിട്ടുണ്ട്. ജീവിതത്തിലെ ഈ പരുപരുത്ത അനുഭവങ്ങളും, സാമുദായികവും മതപരവും രാഷ്ട്രീയവുമായ പരിധികളെ അതിലംഘിച്ചു ചിന്തിക്കുവാനും, എന്റെ ദാരിദ്ര്യത്തിനും തജ്ജന്യമായ ദുരിതങ്ങൾക്കും ഉള്ള കാരണം അന്വേഷിക്കുവാനും എന്നെ പ്രേരിപ്പിച്ചു.

എന്റെ അന്വേഷണം വിഫലമായില്ല. ദാരിദ്ര്യം എനിക്കു മാത്രമുള്ളതല്ലെന്നും, ഈ ലോകത്തിലെ ബഹുഭൂരിപക്ഷക്കാർ എന്നപ്പോലെയൊ അതിൽ കൂടുതലായോ ദാരിദ്ര്യം അനുഭവിക്കുന്നവരാണെന്നും, എനിക്കു മനസ്സിലായി. എന്റെ ദാരിദ്ര്യത്തിനും മറ്റുള്ളവരുടെ ദാരിദ്ര്യത്തിനും, കാരണം ഒന്നാണെന്നും എനിക്കു ബോദ്ധ്യപ്പെട്ടു. അതായതു്, ഈ ലോകത്തിൽ എല്ലാവർക്കുമായുള്ള ജീവിതവിഭവങ്ങളെ ഏതാനും ധനികന്മാർ കയ്യടക്കി വച്ചിരിക്കുന്നതാണ് ദാരിദ്ര്യത്തിനുള്ള കാരണമെന്ന് എനിക്കു ബോധ്യമായി. മാത്രമല്ല, ജാതികളും മതങ്ങളും രാഷ്ട്രങ്ങളും എല്ലാം തന്നെ, ദരിദ്രരെ ഭിന്നിപ്പിക്കുന്നതിനും, ധനികതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനും ഉള്ള തന്ത്രങ്ങളാണെന്ന് എനിക്കു മനസ്സിലായി. ഇതും ബോധ്യമായപ്പോൾ ജാതീയമേന്മയോടും, മതവിശ്വാസത്തോടും, രാജ്യാഭിമാനത്തോടും ഞാൻ എന്നേക്കുമായി യാത്രപറഞ്ഞു. എല്ലാസമുദായങ്ങളിലും, മതങ്ങളിലും, രാജ്യങ്ങളിലും ഉള്ള ദരിദ്രരെ സംഘടിപ്പിച്ചു് ദാരിദ്ര്യത്തിനു പരിഹാരമുണ്ടാക്കുവാനുള്ള മഹനീയ സംരംഭത്തിൽ ഞാൻ ഉള്ളഴിഞ്ഞു സഹകരിച്ചു. അതിൽപിന്നീടൊരിക്കലും, ഞാൻ ജനിച്ച സമുദായത്തോടു പ്രത്യേകമായി ഒന്നും ഞാൻ പറഞ്ഞിട്ടില്ല. പക്ഷെ, ഈ അവസരത്തിൽ—ജാതിയുടെയും മതത്തിന്റേയും പേരിൽ ദരിദ്രരെ ഭിന്നിപ്പിച്ചു നിത്തി ചൂഷണം നടത്തുവാനുള്ള ധനികതന്ത്രം അതിന്റെ പാരമ്യത്തിൽ എത്തിയിട്ടുള്ള ഈ അവസരത്തിൽ—ദരിദ്രരായ നായന്മാരോടു രണ്ടുവാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ദരിദ്രനായ നായർ, മറ്റേതൊരു സമുദായത്തിലേയും ദരിദ്രനെപ്പോലെ, ദരിദ്രൻമാത്രമാകുന്നു. ധനികനായ നായർ മറ്റേതെങ്കിലും സമുദായത്തിലെ ധനികനെപ്പോലെ, ധനികൻ മാത്രമാണ്. ധനികനായ നായർ ദരിദ്രനായരെ കൊള്ളചെയ്തു ജീവിക്കുന്നു. ധനികനായ നായർ ദരിദ്രനായരുടെ തലയിൽകയറി നിന്ന് ഉദ്യോഗങ്ങളും രാഷ്ട്രീയാധികാരങ്ങളും കൈവശപ്പെടുത്തുന്നു. നായർ സമുദായമെന്നാൽ എന്താണ്? നായർധനികരുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാനുള്ള ഒരു കോട്ട. "നായർ സ്പിരിറ്റ്" എന്നുവച്ചാലെന്താണ്? നായരുദ്യോഗസ്ഥന്മാരുടെ ഉദ്യോഗക്ഷത്തകപാച്ചിക്കുവാനുള്ള ഒരു മയക്കുമരുന്ന്. ഈ നായർ സമുദായാഭിമാനംകൊണ്ടും, ഈ "നായർ സ്പിരിറ്റ്"കൊണ്ടും, ദരിദ്രരായ നായന്മാക്കു വല്ല പ്രയോജനവും ഉണ്ടൊ? കൂലിവേലക്കാരായ നായന്മാക്കും, കർഷകരായ നായന്മാക്കും, തൊഴിലില്ലാതെ അലയുന്ന നായന്മാക്കും, ഒരു കാശു കൂലി കൂടുതൽകിട്ടുവാൻ, ഒരിടങ്ങഴി നെല്ലു കൂടുതൽവിളയിക്കുവാൻ, ഒരുതുള്ളിക്കഞ്ഞിയൊ ഒരുവാര തുണിയൊ കിട്ടുവാൻ, ഈ "നായർ സ്പിരിറ്റ്" സഹായമാകുന്നുണ്ടൊ? ധനികന്മാരുടേയും അവരുടെ "കൊച്ചമ്മ"മാരുടേയും ആട്ടും തുപ്പും സഹിക്കുന്ന ഭൃത്യന്മാരായ നായന്മാരുടേയും, തൊഴിലാളികളും കർഷകരും ആയ നായന്മാരുടേയും, തലയെണ്ണംകൊടുത്തിട്ടല്ലേ ഈ നായർപ്രഭുക്കന്മാർ അവരുടെ രാഷ്ട്രീയക്കുത്തക പാലിക്കുന്നതു്?

കേരളത്തിലെ ഏതെങ്കിലും ഒരു നായർ സംഘടനയിൽ, ദരിദ്രരായ നായന്മാരുടെ ദാരിദ്ര്യത്തെ മാറ്റുവാനുള്ള വല്ല കാര്യപരിപാടിയും ഉണ്ടൊ? നായർസമ്മേളനങ്ങളിൽ, ദരിദ്രരായ നായന്മാരുടെ കാര്യം എപ്പോഴെങ്കിലും ആലോചനാവിഷയമായിട്ടുണ്ടൊ? നായന്മാരുടെ അന്ധവിശ്വാസങ്ങളേയും, നായർധനികന്മാരുടെ മേന്മയേയും പുലത്തുകയല്ലേ ഈ നായർസംഘടനകളുടെ ഉദ്ദേശം? നായന്മാരുടെ ഏറ്റവും വലിയ സ്ഥാപനമായ "നായർ സർവീസ് സൊസൈറ്റി"യിൽ സാധാരണക്കാരനായ ഒരു നായക്കു അംഗമായി ചേരുവാൻപോലും സാധിക്കുമോ?

"ബ്രാഹ്മണതൊഴിലാളിക്കും നായർതൊഴിലാളിക്കും ഉള്ള നിലയല്ല, സാമുദായികമായി പുലയതൊഴിലാളിക്കും ഈഴവതൊഴിലാളിക്കും ഉള്ളതു്" എന്നു് ഈയിടെ ഒരു പത്രം എഴുതിയിരിക്കുന്നതുകണ്ടു. പ്രഥമദൃഷ്ടിയിൽ ഇതു ശരിയാണെന്നു തോന്നിയേക്കാമെങ്കിലും, യാഥാർത്ഥ്യം അങ്ങനെയല്ല. ഈഴവതൊഴിലാളിക്കു പ്രവേശനമുള്ള സ്ഥലങ്ങളിൽ പുലയതൊഴിലാളിക്കും, നായർതൊഴിലാളിക്കും ബ്രാഹ്മണതൊഴിലാളിക്കും പ്രവേശനമുള്ളിടങ്ങളിൽ പുലയതൊഴിലാളിക്കും ഈഴവതൊഴിലാളിക്കും, പ്രവേശനമില്ലെന്നു വരാം. പൊതുസ്ഥലങ്ങളിൽ അങ്ങനെയുള്ള ഭിന്നതകൾ ഇപ്പോൾ തിരുവിതാംകൂറിൽ ഇല്ലെങ്കിലും, അതുണ്ടായിരുന്ന കാലത്തെ സ്ഥിതിതന്നെ പരിശോധിച്ചുനോക്കാം. ഈഴവതൊഴിലാളിക്കൊ പുലയതൊഴിലാളിക്കൊ പ്രവേശനമില്ലാത്ത ക്ഷേത്രങ്ങളിലൊ പൊതുനിരത്തുകളിലൊ പ്രവേശിക്കുന്ന നായർതൊഴിലാളി, അവന്റെ ദാരിദ്ര്യത്തേയും അടിമത്വത്തേയും ആ സ്ഥലങ്ങളിൽകൂടി പ്രദർശിപ്പിക്കുന്നു എന്നല്ലാതെ, അവനു കൂടുതൽ മെച്ചമൊന്നും ഇല്ല. ഉദ്ദേശം 15 വർഷങ്ങൾക്കുമുൻപു്—ഞാനൊരു മതവിശ്വാസിയായിരുന്നകാലത്തു്—തിരുവിതാംകൂറിലെ ഒരു ക്ഷേത്രത്തിൽ വച്ചുണ്ടായ അനുഭവം ഇപ്പോൾ ഓർമ്മവരുന്നു. അന്നൊരുദിവസം ഒരു കൃഷ്ണക്ഷേത്രത്തിൽ ഞാൻ തൊഴുതുകൊണ്ടു നിൽക്കവെ, പിറകിൽ ഒരലർച്ചകേട്ടു തിരിഞ്ഞുനോക്കി. ഞാൻ ദേവസന്നിധിയിൽനിന്നു് ഒഴിഞ്ഞുമാറണമെന്നായിരുന്നു ആ അലർച്ചയുടെ സാരം. ദേവദർശനത്തിനായി വരുന്ന ഒരു "വലിയ ആളി"ന്റെ ഭൃത്യനാണു് അങ്ങനെ അലറിയതു്. ഞാൻ ഒന്നുകൂടി തൊഴുവാൻ ഭാവിച്ചപ്പോഴേക്കു് ആ "വലിയ ആൾ" എന്റെ അടുത്തുവന്നു് ഒന്നു തുറിച്ചുനോക്കി. അതാടുകൂടി ഭൃത്യൻ ഒരു തള്ളും. ആ സംഭവം എന്റെ മതവിശ്വാസത്തിൽ സാരമായ മാറ്റം വരുത്തുകയുണ്ടായി. ഞാൻ ഒരു ധനികകുടുംബത്തിലൊ, ഒരു ഉദ്യോഗസ്ഥന്റെ മകനായൊ ജനിച്ചിരുന്നുവെങ്കിൽ എന്നെ അവിടെനിന്നു് ആട്ടിപ്പായിക്കുകയില്ലായിരുന്നു. ദരിദ്രനായ ഒരു "ചെറുക്കൻ" ആയതുകൊണ്ടാണു് എന്റെ സാന്നിദ്ധ്യം ആ "വലിയ ആളിനു" ദുസ്സഹമായിതീർന്നതു്.

ഒരു നായർതൊഴിലാളിക്കു്, ഒരു ബ്രാഹ്മണമുതലാളിയുടെയൊ നായർമുതലാളിയുടേയൊ വീട്ടിൽ പ്രവേശിക്കുവാൻ സാധിക്കുമായിരിക്കാം. അതുകൊണ്ടു നായർതൊഴിലാളിക്കുള്ള ഗുണം, കൂടുതൽ അധിക്ഷേപങ്ങളും മർദ്ദനങ്ങളും ലഭിക്കുമെന്നുള്ളതു മാത്രമാണ്. നായരാണെന്നുള്ള കാരണത്താൽ നായർതൊഴിലാളിക്കു് നായർമുതലാളി കൂടുതൽ കൂലികൊടുത്തതായി എനിക്കറിവില്ല. അതുപോലെ തന്നെയാണ് മറ്റു സമുദായങ്ങളിലേയും ധനികദരിദ്രബന്ധം. മലബാറിലും കൊച്ചിയിലും നായർമുതലാളിമാരും ബ്രാഹ്മണമുതലാളിമാരും നടത്തുന്ന പ

ല ഫാക്ടറികളും ഞാൻ അറിയും. അവയിൽ നായർ തൊഴിലാളികളും ധാരാളമുണ്ട്. മുസ്ലീം തൊഴിലാളികൾക്കും, തീയ്യതൊഴിലാളികൾക്കും, ക്രിസ്ത്യൻ തൊഴിലാളികൾക്കും കിട്ടുന്ന കൂലിമാത്രമേ നായർ തൊഴിലാളികൾക്കും കിട്ടുന്നുള്ളൂ. നായർ തൊഴിലാളികൾക്ക് പ്രത്യേകമായ ഒരു ആനുകൂല്യവും ആ മുതലാളിമാർ ചെയ്തുകൊടുക്കുന്നില്ല. മറ്റു തൊഴിലാളികളെപ്പോലെതന്നെ നായർ തൊഴിലാളികളും, അടിമത്വത്തിലും ദാരിദ്ര്യത്തിലും ആണ്ടുകിടക്കുകയാണ്.

തിരുവിതാംകൂറിലെ നിവർത്തനപ്രക്ഷോഭണകാലത്ത്, തിരുവനന്തപുരത്തെ ചാലഭാഗത്തിൽക്കൂടി ഞാൻ നടക്കുവാൻ ഇടയായി. നായന്മാരുടെ സമുദായ മേന്മയെപ്പറ്റിയും, രാജ്യസേവനത്തെപ്പറ്റിയും മറ്റും അത്യുജ്ജ്വലങ്ങളായ പ്രസംഗങ്ങൾ നടക്കുന്ന കാലമായിരുന്നു അത്. അനവധി ദരിദ്രകളായ നായർ സ്ത്രീകൾ അരിയുംകൊണ്ട് അവിടെ വരുന്നതു ഞാൻ കാണുകയുണ്ടായി. കച്ചവടക്കാരിൽനിന്ന് നെല്ലുവാങ്ങിക്കൊണ്ടുപോയി കുത്തിക്കൊടുത്തിട്ടു കിട്ടുന്ന കൂലികൊണ്ടുജീവനം കഴിക്കുന്നവരാണ് അവർ. അവരുടെ കൂട്ടത്തിൽ വൃദ്ധകളും, മദ്ധ്യവയസ്കകളും, യുവതികളും ഉണ്ടായിരുന്നു. അവരിൽ പലരും അനാഥകളും ആയിരുന്നു. ആ തൊഴിലാളിസ്ത്രീകളും, പുലയരിലൊ ഈഴവരിലൊ ഉള്ള തൊഴിലാളിസ്ത്രീകളും തമ്മിൽ ഞാൻ ഒരു വ്യത്യാസവും കണ്ടില്ല. വണ്ടിയുന്തുകാരും ചുമടെടുക്കുന്നവരും ആയ പല നായർതൊഴിലാളികളേയും ഞാൻ അവിടെ കാണുകയുണ്ടായി. അവർ മറ്റു സമുദായങ്ങളിലെ തൊഴിലാളികളുടെ കൂട്ടത്തിൽ വേലചെയ്യുകയും, അവരെപ്പോലെതന്നെ അദ്ധ്വാനഭാരം അനുഭവിക്കാരുമായി ജീവിക്കുകയും ചെയ്യുന്നവരാണ്. ദരിദ്രരായ ആ നായർസ്ത്രീകളുടെയും, നായർ തൊഴിലാളികളുടെയും ശിരകളിൽ "വേലുത്തമ്പിയുടെയും രാജാകേശവദാസന്റെയും രക്തം പായിക്കു"വാൻ നായർനേതാക്കന്മാർ എത്രതന്നെ ശ്രമിച്ചിട്ടും, അവരുടെ ശിരകളിലുള്ള രക്തത്തെ മുതലാളിമാർ വലിച്ചൂറ്റുകുന്നതാണ് ഞാൻ കണ്ടതു്.

ഞാൻ ഒന്നുകൂടി ആവർത്തിക്കുന്നു: നായർ തൊഴിലാളി, മറ്റേതൊരു സമുദായത്തിലെയും തൊഴിലാളിയെപ്പോലെ, തൊഴിലാളി മാത്രമാണ്; ദരിദ്രൻ മാത്രമാണ്; ചൂഷിതനാണ്; മർദ്ദിതനാണ്. അവനുണ്ടെന്നു വച്ചിരിക്കുന്ന സാമൂഹ്യമേന്മ വെറും മയക്കുവിദ്യയാകുന്നു. നായർധനികന്മാക്ക് മറ്റു സമുദായങ്ങളിലെ ധനികന്മാരോടു പടപൊരുതി രാഷ്ട്രീയരംഗത്തു പാലിക്കുവാൻ മാത്രമുള്ള ഉപകരണങ്ങളാണ് നായർ ദരിദ്രന്മാർ. ദാരിദ്ര്യവും പട്ടിണിയും മാറിക്കിട്ടുകയാണ് അവരുടെ ആവശ്യം. ധനികന്മാരുടെ ചൂഷണത്തിൽനിന്നും മർദ്ദനത്തിൽനിന്നും രക്ഷ ലഭിക്കുകയാണ്, അവക്ക് വേണ്ടതു്. അതിനായി നായർദരിദ്രന്മാർ മറ്റു ദരിദ്രരോടുകൂടി സംഘടിക്കുകയേ തരമുള്ളൂ. ദരിദ്രരുടെ സാമ്പത്തിക താല്പര്യങ്ങളെ മറച്ചുവച്ചു്, അവരുടെ ദാരിദ്ര്യത്തിനുപരിഹാരം കണ്ടുപിടിക്കുവാൻ അനുവദിക്കാതെ അവരെ എന്നെന്നും ധനികരുടെ അടിമകളാക്കി വച്ചുകൊണ്ടിരിക്കുന്ന ധനികക്കോട്ടകളാണ് മിക്കവാറും എല്ലാ സമുദായസ്ഥാപനങ്ങളും. അത്തരം നായർധനികക്കോട്ടകളിൽനിന്ന് നായർദരിദ്രന്മാരെ രക്ഷപ്പെടുത്തുവാനും അവരെ ദരിദ്രസംഘടനകളിലേക്ക് ആകർഷിക്കുവാനും, ആദർശാലികളായ നായർ യുവാക്കന്മാർ പരിശ്രമിക്കേണ്ടിയിരിക്കുന്നു. നായർ തൊഴിലാളികളുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നതു് തൊഴിലാളി സംഘങ്ങളാണെന്നും, നായർ കർഷകന്മാരുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നതു് കർഷകസംഘങ്ങളാണെന്നും നായർദരിദ്രന്മാരെ ഉൽബോധിപ്പിക്കുവാൻ, ഊർജ്ജിതമായ ശ്രമം തുടങ്ങേണ്ട കാലം അതിക്രമിച്ചിട്ടുണ്ട്. നായർദരിദ്രരും, ഈഴവദരിദ്രരും, ക്രിസ്ത്യൻദരിദ്രരും, മുസ്ലീംദരിദ്രരും, പുലയദരിദ്രരും, സാമ്പത്തികതാല്പര്യങ്ങളിൽ സംഘടിച്ചാൽ മാത്രമേ ജാതിനശിക്കുകയുള്ളൂ. അപ്പോൾ മാത്രമേ നായർധനികരും, ഈഴവധനികരും, ക്രിസ്ത്യൻധനികരും മുസ്ലീംധനികരും, ദരിദ്രന്മാരുടെ ദൃഷ്ടിയിൽനിന്നും മറച്ചുവച്ചിരിക്കുന്ന സാമ്പത്തികപ്രശ്നം വെളിച്ചത്തു വരികയുള്ളൂ.


——

ഈഴവക്ഷേത്രങ്ങൾ

(സി. വി. കുഞ്ഞുരാമൻ)

മയ്യനാട്ടിലും പരിസരങ്ങളിലുമായി എനിക്കു നല്ല പരിചയമുള്ള അഞ്ചു ക്ഷേത്രങ്ങളിൽ ഒന്നിനെക്കുറിച്ചു കഴിഞ്ഞതവണ ഞാൻ എഴുതിയിരുന്നുവല്ലൊ ഇത്തവണ മയ്യനാട്ടെ അഞ്ചുതമ്പുരാൻശാസ്താംകോവിലിനെ സംബന്ധിച്ചു ചില വിവരങ്ങൾ എഴുതാമെന്നു വിചാരിക്കുന്നു. വളരെ പുരാതനമായ ഒരു ക്ഷേത്രമാണിതു്. കൊല്ലം മുതൽ തെക്കോട്ടു നെയ്യാറ്റിൻകരവരെയുള്ള ഈഴവരുടെയിടയിൽ മയ്യനാട്ടു ഇല്ലക്കാർ എന്നൊരു വിഭാഗക്കാരുണ്ട്. മുമ്പ് ഈ ഇല്ലങ്ങളും തുക്കുന്നപ്പുഴവരെ വടക്കോട്ടും ഉണ്ടായിരുന്നു. മയ്യനാട്ടില്ലത്തിന്റെ ഉത്ഭവം മേല്പറഞ്ഞ ക്ഷേത്രത്തിൽനിന്നാണെന്നു പത്തെഴുപതുകൊല്ലംമുമ്പേ റവറൻഡ് മെറ്റീർ എന്ന ഇംഗ്ലീഷ് മിഷനറി എഴുതിയ ഒരു പുസ്തകത്തിൽ പ്രസ്താവിച്ചുകാണുന്നു.

പരവൂർകായലിന്റെ ഒരു ശാഖയായ താന്നീക്കായലിന്റെ കിഴക്കേ കരയിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. കായലിന്റെ പടിഞ്ഞാറെകര, കരുമ്പുറംപോലെയുള്ള ഒരു കടപ്പുറം കഴിഞ്ഞാൽ, കടലാണ്. ഒരിക്കൽ ഫീനത്തുപോയി ഏഴകടലോടിവന്ന ഒരു കപ്പൽ കോവിലിനു നേരെ കടലിൽ വന്നപ്പോൾ നങ്കൂരമിടാതെതന്നെ നിന്നുപോയി. എത്ര ചെയ്തിട്ടും കപ്പൽ ഇളകിയില്ല. ഒടുവിൽ ആരോപറഞ്ഞു ശാസ്താവിനു ഒരു വഴിപാടു കഴിക്കണമെന്നു്. കപ്പിത്താൻ ഉടൻതന്നെ ഒരു ചീനപ്പട്ട കൊണ്ടുവന്നു ശാസ്താവിനു കാണിക്കവച്ചു. കപ്പൽ ഉടനെ ഇളകിയോടാനും തുടങ്ങി. അങ്ങനെ കപ്പൽ നിത്താൻ ശക്തിയുള്ള ഒരു ശാസ്താവായിരുന്നു അഞ്ചുതമ്പുരാൻ കോവിലിലെ ശാസ്താവു്. ശ്രീകോവിലും, ബലിവട്ടവും, തിരുമുറ്റവും, നാലമ്പലവും, മണ്ഡപവും, ഒക്കെ ഉണ്ടായിരുന്ന ഒരു വലിയ മഹാക്ഷേത്രമായിരുന്നു ഇതു്. പക്ഷെ ഇപ്പോൾ ക്ഷേത്രത്തിന്റെ മായാറായ അടിസ്ഥാനവും അക്കാലത്തെയാരാധനാ കുറച്ചുതീർത്ത വിളക്കുകല്ലും ഒരു കിണറുമല്ലാതെ മറ്റു യാതൊന്നും കാണ്മാനില്ല. ശാസ്താവുവക തനതായിട്ട പുറംപോക്കായി രണ്ടരേക്കർ ഭൂമി കിടപ്പുണ്ട്. ഈ ഭൂമിയുടെ കിഴക്കേഅറ്റത്തു ഒരു ഭഗവതിക്ഷേത്രം ഉണ്ടായിരുന്നതായിട്ടാണ് മയ്യനാട്ട് ഇംഗ്ലീഷ് മിഡിൽസ്കൂൾ ആദ്യം നിന്നിരുന്നതു്. ക്ഷേത്രത്തിനു തെക്കുഭാഗത്തായി ആറാട്ടുകുളം എന്നപേരിൽ വളരെ വിശേഷപ്പെട്ട ഒരു കുളം ഉണ്ടായിരുന്നു. നാലുവശവും നല്ലഭംഗിയിൽ കല്പടികൾ കെട്ടിച്ചിട്ടുണ്ടായിരുന്നു. ക്ഷേത്രകാര്യങ്ങളിൽ ഇടക്കാലത്തു ഈഴവർക്കു പല കാരണങ്ങളാൽ വന്നുകൂടിയ അനാസ്ഥകൊണ്ടുകൂടി ഈ കുളം ഇപ്പോൾ കല്പടികൾ പൊട്ടിത്തൊഴിഞ്ഞും നാനാവിധമായി തീർന്നു. ഒരിക്കൽ ഈ കുളം ഞാൻതന്നെ ഇറപ്പിക്കുകയും സംഗതിവശാൽ അതിനു സമീപം താമസിച്ചിരുന്നപ്പോൾ അതിൽ പതിവായി കുളിക്കുകയും ചെയ്യാറുണ്ടായിരുന്നു. കായലിലേക്കു വെള്ളം വാർന്നുപോകാൻ ഓവും, ഊറവുവന്നു നിറയുവാൻ സൌകര്യവും ഉണ്ടായിരുന്നതിനാൽ സ്ഫടികനിർമ്മലമായ ജലം കൊണ്ടു വേനൽക്കാലത്തുപോലും കുളംനിറഞ്ഞിരുന്നു. ഈ കുളത്തിന്റെതൊട്ടു പടിഞ്ഞാറെകരയിൽ ഉണ്ടായിരുന്ന തൊടിയുടെ ഉടമസ്ഥൻ കുളവും കുളത്തിന്റെ കരയിലുണ്ടായിരുന്ന കുറച്ചു ഭൂമിയും പാവ്യകാരെ ശിപാർശചെയ്തു പുറംപോക്കിൽനിന്നൊഴിപ്പിച്ചു പേരിൽ പുതിപ്പിച്ചു കുളംനികത്തി അതിൽ തെങ്ങുവച്ചു. തെങ്ങു നല്ല പുഷ്ടിയായി വളർന്നു പാളപ്പായം ആയപ്പോൾ അയാൾ മരിക്കുകയും അയാളുടെ ശവശരീരം ആ കുളത്തിന്റെ മദ്ധ്യസ്ഥലത്തുതന്നെയിട്ടു ദഹിപ്പിക്കുകയും ചെയ്തു.



ശാസ്താംകോവിലിന്റെ അവശിഷ്ടങ്ങൾ

ഈ ക്ഷേത്രം പണ്ടു അഞ്ചു നമ്പൂതിരിപ്പാടന്മാരുടെ വകയായിരുന്നു എന്നും അവർ സ്ഥലംവിട്ടു പോയപ്പോൾ മയ്യനാട്ടുണ്ടായിരുന്ന ഈഴവരിൽ അഞ്ചു ചാന്നാന്മാരെയും വിളിച്ചു ക്ഷേത്രഭരണം അവരെ ഏല്പിച്ചു എന്നുമാണു പുരാവൃത്തം. ചക്കനാമഠം, ചൂരനാമഠം, പെരുമഠം, ക്രമമഠം, പുളിക്കമഠം എന്നിങ്ങനെമഠപ്പേരുകളുള്ള ചില പറമ്പുകളും ക്ഷേത്രപരിസരങ്ങളിൽ ഇപ്പോഴും ഉണ്ടെന്നുള്ളതു ഈ ഐതിഹ്യത്തിനു ആധാരമായി പറഞ്ഞുവരികയും ചെയ്യുന്നു.

ഏതായാലും മയ്യനാട്ടെ അഞ്ചു ചാന്നാന്മാരുടെ ഭരണത്തിലാണു ഈ ക്ഷേത്രം ഇരുന്നിരുന്നതു്. ചാന്നാന്മാരുടെ അധികാരം സമുദായത്തിനു ഉപകാരവും, ഉപകാരത്തിൽ അധികം ഉപദ്രവവും, ഉണ്ടാക്കിക്കൊണ്ടിരുന്ന കാലത്തു ഒരു വലിയ ക്രിമിനൽ കേസ് ഉണ്ടായി.

ക്ഷേത്രത്തിലെ പ്രധാനമായ ഉത്സവം സ്ത്രീകളുടെ വിളക്കെടുപ്പാണു്. അകത്തുട്ട വിളക്കു് പുറത്തുട്ട വിളക്കു ഇങ്ങനെ വിളക്കെടുപ്പു രണ്ടു ക്ലാസ്സുകളിലായി തിരിച്ചിരുന്നു. അകത്തുട്ട വിളക്കിനു സ്ഥാനമാനം ഉള്ള ചാന്നാട്ടികളും അവരുടെ സ്ഥാനമാനചിഹ്നങ്ങളായ വസ്ത്രാഭരണങ്ങളോടുകൂടി ഹാജരാകണം. നാലമ്പലത്തിനകത്തു് ശ്രീകോവിലിനു ചുറ്റും മൂന്നുവലത്തു പ്രദക്ഷിണം വച്ചു പുറത്തേക്കിറങ്ങുമ്പോൾ സ്ഥാനമാനക്കാരുടെ ഇളമുറക്കാരും അല്ലാത്ത വരുമായി പതിക്രമത്തിൽ പരസ്പരം വിവാഹം കൊണ്ടും മറ്റും കൂടിനടപ്പുകാരായ സ്ത്രീകൾ അവരുടെ വിളക്കുകളുമായി നിരന്നു നില്ക്കും. ചാന്നാട്ടികളും മുമ്പിലും മറ്റുള്ളവർ പിമ്പിലുമായി ഒന്നിനു പുറകേ ഒന്നായി യാതൊരു കുഴപ്പവും കൂടാതെ പത്തിരുന്നൂറു പെണ്ണുങ്ങൾ, വൃദ്ധകളും, യുവതികളും, കന്യകകളും, അണിനിരന്നു നടന്നു കുളത്തിനു മൂന്നു പ്രദക്ഷിണം വച്ചു തിരിയെ ക്ഷേത്രത്തിൽ എത്തി നാലമ്പലത്തെയും പ്രദക്ഷിണം വച്ചു വിളക്കവസാനിപ്പിക്കുന്നു. ഇങ്ങനെ നാലു ദിവസത്തെ വിളക്കെടുപ്പുണ്ടു്. മീനമാസത്തിലേയോ മേടമാസത്തിലേയോ പൂരത്തിനാണു പ്രധാന ഉൽസവം. ഉൽവത്തിനു പത്തു ദിവസംമുമ്പെ കൊടിയേറുണ്ടു്. പച്ചമുള മൂടോടെ പിഴുതുകൊണ്ടുവന്നാണു കൊടിമരം നാട്ടുന്നതു്. കൊടിമരം നാട്ടുന്നതിന്റേയും വിളക്കെടുപ്പിന്റേയും മറ്റു ചടങ്ങുകളും എല്ലാം മറ്റു ക്ഷേത്രങ്ങളിലെ പോലെതന്നെ. ഉൽവത്തിനു എല്ലാവീട്ടുകാരും വരി കൊടുക്കണം. വരി ഇട്ടുന്നതു ചാന്നാന്മാരും മറ്റു പ്രമാണികളും കൂടിയിരുന്നു ഓരോ വീട്ടുകാരുടേയും സ്ഥിതിക്കനുസരിച്ചാണു്. ഒരു വീട്ടുകാരനെ വരിയിൽ ചേർത്തില്ലെങ്കിൽ അതു അയാൾക്കു വലിയ സങ്കടമാണു്. വരിയിൽ ചേരാത്തവൻ, കല്യാണത്തിനു കൈവെറ്റില കിട്ടാത്തവനും ജാതിഭ്രഷ്ടനുമായി ഗണിക്കപ്പെട്ടും അവനെ പന്തിയിൽ ചേർക്കുകയില്ല. സമുദായസംബന്ധമായി വല്ല കുറവും ചെയ്തവരെയാണു വരിയിൽചേർക്കാത്തതു്. അവരുടെ സ്ത്രീകളെ വിളക്കെടുക്കുവാൻ സമ്മതിക്കുകയില്ല. ഒരു സ്ത്രീയെ ഇടത്താപള്ളിയിൽ പെരുനാൾകാണാൻ പോയി എന്ന കാരണത്താൽ വിളക്കെടുപ്പിനു ചേരാൻ സമ്മതിച്ചില്ല. ആ സ്ത്രീയെക്കൊണ്ടു ചാന്നാന്മാർ നിർബന്ധിച്ചു പിഴമൂളി വരിയോലയെഴുതിക്കുകയും പ്രായശ്ചിത്തം ചെയ്യിക്കുകയും ചെയ്തു. തൽസംബന്ധമായ കേസിലാണു ചില ചാന്നാന്മാർ ശിക്ഷിക്കപ്പെടുവാൻ ഇടയായതു്. ഈ ശിക്ഷ ഉണ്ടായതിൽപിന്നെ വളരെക്കാലം ക്ഷേത്രത്തിൽ ഉത്സവം മുടങ്ങിക്കിടന്നു. എനിക്കു എട്ടാപത്തോ വയസ്സുള്ളപ്പോൾ എന്റെ അമ്മാവന്റെ ശ്രമത്താൽ ഒരു ഉത്സവം പിന്നീടു നടന്നു. വീണ്ടും ഉത്സവം മുടങ്ങിക്കിടന്നു. 77-ലോ 78-ലോ ചെയിലഴിയത്തു മി. സി. ജി. പത്മനാഭനും, ഞാനുംകൂടി ഉത്സാഹിച്ചു വീണ്ടും ഒരു ഉത്സവംകൂടി നടത്തി. കണ്ണമംഗലത്തു മി. കണ്ണൻമുതലാളിയും മറ്റു ചില ചെറുപ്പക്കാരും ഉത്സാഹിച്ചു ഒന്നുരണ്ടു ഉത്സവങ്ങളും പിന്നെയും നടന്നിട്ടുണ്ടു്. അതിനുശേഷം അവിടെ



[നാഗരുകോവിൽ മുനിസിപ്പൽപ്രസിഡൻറ് മി. ശിവതാണുപിള്ള എം. എൽ. എ.]

ഉൽസവം ഇല്ലതന്നെ. ചിലർ ക്ഷേത്രങ്ങളും പുതുതായി പണികഴിപ്പിച്ചു ഉൽസവങ്ങളും മറ്റും പരിഷ്കൃതരീതിയിൽ നടത്തിയാൽകൊള്ളാമെന്നു ആഗ്രഹമുണ്ടു്. ക്ഷേത്രവും ക്ഷേത്രാരാധനയും ആവശ്യമില്ലെന്നുള്ള ചെറുപ്പക്കാരും ചിലർ ഇല്ലായ്കയില്ല.

ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തി ശാസ്താവാണു്. ശാസ്താവു കേരളീയർക്കു മാത്രമുള്ള ഒരു പ്രത്യേക ദൈവമാകുന്നു. ബുദ്ധമുനിക്കു ശാസ്താവു എന്നു പേരുണ്ടു്. ശാസിക്കുന്നവൻ അഥവാ ധർമ്മശാസനം നടത്തുന്നവൻ എന്നാണു ശാസ്താവിന്റെ അർത്ഥം. ഈ അർത്ഥത്തിലാണു ബുദ്ധനു ശാസ്താവെന്നു പേരുണ്ടായതു്. അനേകം ശാസ്താക്ഷേത്രങ്ങളും കേരളത്തിലുണ്ടു്. കൊല്ലത്തിനു തെക്കുള്ള ശാസ്താക്ഷേത്രങ്ങളുടെ സമൃദ്ധിയെന്നു ഗവൺമെൻറു ഭരണത്തിലിരിക്കുന്ന ക്ഷേത്രങ്ങളുടെ പട്ടിക വായിച്ചാലറിയാം. ബുദ്ധമതത്തിനു ഇവിടെ പ്രചുരപ്രചാരം ഉണ്ടായിരുന്ന കാലത്തു സ്ഥാപിക്കപ്പെട്ടവയാണു പ്രാചീന ശാസ്താക്ഷേത്രങ്ങളും എന്നു വിചാരിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. ബുദ്ധമതത്തിന്റെ അധഃപതനകാലത്തു ബുദ്ധവിഗ്രഹങ്ങളേയും വിഹാരങ്ങളേയും ഹൈന്ദവീകരിച്ച കൂട്ടത്തിൽ ശാസ്താവിനെ കുതിരവാഹനനായ ഒരു കാട്ടുദേവതയാക്കി ചമച്ചതാണു ശബരിമല ശാസ്താവിനെക്കുറിച്ചും മറ്റും പ്രചാരത്തിലിരിക്കുന്ന പുരാണം. ശബരിമല ശാസ്താവിനെപോലെ പ്രസിദ്ധിയുള്ള മറ്റൊരു ശാസ്താവു കേരളത്തിൽ ഇല്ലെന്നുതന്നെ പറയാം. ബുദ്ധമതക്കാരുടെ "ശരണം" വിളി ശബരിമലയ്ക്കു പോകുന്നവർക്കും ഉണ്ടെന്നറിയാമല്ലോ. അഞ്ചുതമ്പുരാൻകോവിലിലെ ശാസ്താവു വ്യാഘ്രവാഹനനായ ശാസ്താവു ആയിരുന്നു എന്നു വിചാരിക്കുവാൻ യാതൊരു ന്യായവും ഇല്ല. ഈ ശാസ്താവിന്റെ പൂജ നടത്തിവന്നതു പണ്ടാരങ്ങളായിരുന്നു. ഈഴവക്ഷേത്രങ്ങളിൽ പൂജക്കാരായ പണ്ടാരങ്ങളെ "സംഘ"പണ്ടാരങ്ങൾ എന്നാണു പറഞ്ഞുവരുന്നതു്. പ്രസിദ്ധമായ ഓച്ചിറദേവരെ ശാസ്താവെന്നു പറയുന്നതുണ്ടോ എന്നറിഞ്ഞില്ല. അവിടത്തെ കാണിക്കകളും മറ്റും സ്വീകരിക്കുന്നതു ഇപ്പോഴും 'സംഘത്തിൽ' പണ്ടാരങ്ങളാണു്. തെക്കൻദിക്കുകളിൽനിന്നു ശബരിമല അയ്യപ്പന്മാർ ഓച്ചിറയിലെന്നപോലെ അവിടെനിന്നാണു "ശരണ"വുംവിളിച്ചു ശബരിമലയ്ക്കു പോകുന്നതു്.

മയ്യനാടിന്റെ പുരാതനമഹിമയ്ക്കു ലക്ഷ്യമായുള്ള ശാസ്താംകോവിലിനെ പഴയചട്ടുകളും അനുസരിക്കാതെ നവീനകാലസ്ഥിതിക്കു യോജിച്ച ഒരമ്പലമായി പരിഷ്കരിക്കുവാൻ സ്ഥലത്തെ പ്രധാനന്മാർ ഉത്സാഹിച്ചാൽ കൊള്ളാമെന്നുതോന്നുന്നു. ക്ഷേത്രം അബദ്ധവിശ്വാസത്തെ പുലർത്തുമെന്നാണു ചിലരുടെ ഭയം. ശരിയായരീതിയിൽ നടത്തപ്പെട്ടാൽ സുബദ്ധവിശ്വാസത്തെ പുലർത്തുവാനും ക്ഷേത്രത്തെ ഉപയോഗപ്പെടുത്താവുന്നതാണു്. വേണ്ട സഹായങ്ങളും ദേവസ്വംകമ്മിഷണർ ചെയ്യാമെന്നും പറയുന്നുണ്ടു്.

—o—

ഭാവി

അറിയണമെങ്കിൽ നിങ്ങളുടെ ജനനസമയമോ കത്തെഴുതുന്ന സമയമോ കാണിച്ചു ഉടൻ അപേക്ഷിക്കുക.

അടുത്ത ഒരുകൊല്ലത്തിൽ സംഭവിക്കാനിരിക്കുന്ന സകല വിവരങ്ങളും പറയുന്നതിനു് 2രൂ. ഏതെങ്കിലും 5 ചോദ്യങ്ങൾക്കുത്തരം 1രൂ. ആയുർജാതകം 7 രൂപ.

പ്രഫസ്സർ-

ജേക്കബ്ബ് മാത്യു (കെ.) ജ്യോത്സ്യൻ

കഞ്ഞിക്കുഴി—കോട്ടയം

THE

KERALA VILASOM BANK LTD

(Incorporated in Travancore)

HEAD OFFICE : THIRUVALLA,

BRANCHES:- Alleppey, Cochin, Calicut, Ernakulam, Marthandom, Madras (16, Broadway) Peermade, Trivandrum, Thiruvalla, Tinnevelly.

5 1/2 o/o COMPOUND INTEREST 3 YEAR CORONATION BONDS

Issued in denominations of Rs 100, 500, 1000 and 5000.

The present Value of the same is Rs. 85-2-8, Rs. 425-13-4, Rs. 851-10-8 and Rs.4258-5-4, respectively.

Fixed Deposits are received at 4, 4 1/2 & 5o/o for 6, 12 & 24 months respectively

9o/o DIVIDEND

The Bank was paying 9o/o Dividend per annum consistently, for the last 8 years. A few SHARES are available at PAR. All kinds of Banking business undertaken.

Enquiries solicited at any of the Branches or Head Office

CHAIRMAN :—

Dr. K. T. Mathew, D. Hy., D. P. H., (Cantab)
Retd:—Director of Public Health

K. P. PHILIP
Secretary

MADRAS & INDORE

സാഹിത്യവീഥി

അനുകരണമോ പരിഭാഷയോ

ഏതാണ് ഇന്ന് നമുക്ക് ആവശ്യം?

കേരളഭാഷാസാഹിത്യത്തെ വിപുലമാക്കി ചെയ്യാനുള്ള രണ്ടു പ്രധാനപ്പെട്ട മാർഗ്ഗങ്ങളാണ് അന്യ സാഹിത്യകൃതികളുടെ അനുകരണവും, അവയുടെ പരിഭാഷയും. ഇതിൽ ഏതു മാർഗ്ഗത്തെയാണ് കേരളഭാഷ കൈക്കൊള്ളേണ്ടതു് എന്ന പ്രശ്നം വളരെ പ്രാധാന്യമേറിയതാണ്. ഭാഷാസാഹിത്യത്തിനും, വിജ്ഞാനപ്രചരണത്തിനും അത്യന്തം ഉപകരിക്കുന്നമാർഗ്ഗം ഏതോ, അതാണ് സ്വീകരിയ്ക്കേണ്ടതെന്നതിന് യാതൊരു തർക്കവുമില്ല. ഇനി നോക്കാനുള്ളതു് അതു് ഇവയിൽ ഏതാണ് എന്നുള്ളതാണ്.

ഈ പ്രശ്നത്തെ നാം നേരിടുന്നതിനു മുൻപ് മറ്റു സാഹിത്യങ്ങളും ഇത്തരം പതനങ്ങളിൽ കൈക്കൊണ്ടിരിക്കുന്ന മാർഗ്ഗമേതാണെന്ന് ആലോചിക്കുന്നതു് നന്നായിരിക്കും. ഉദാഹരണമായി പാശ്ചാത്യ സാഹിത്യങ്ങളെ നോക്കുക. മഹാകവികളായ ഷേക്ക്സ് പീയരുടേയോ, വെർജിലിന്റെയോ ഡാന്റിയുടേയോ, കൃതികളെ യാതൊരു ഭാഷയിലും ഇതേവരെ അനുകരിക്കാൻ ഉദ്യമിച്ചിട്ടില്ല; എന്നാൽ നേരെ മറിച്ച് ഇവയെ എല്ലാംതന്നെ അന്യസാഹിത്യങ്ങളിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

മലയാളസാഹിത്യത്തിന്റെ പുരോഗതിക്ക് അതു് ഇന്നു ആശ്രയിച്ചുവരുന്നതു് പ്രധാനമായി ഇംഗ്ലീഷിനേയാണ്. ഇംഗ്ലീഷ് കൃതികളെ അനുകരിച്ചു് ഇന്നു് മലയാളത്തിൽ ഉണ്ടാവുന്ന കൃതികൾക്കു യാതൊരു കയ്യും കണക്കുമില്ല. ഇവയിൽ മിക്കതും വെറും വിരൂപങ്ങളായ അനുകരണങ്ങൾ ആണ്. സുന്ദരികളായ വല്ല മദാമ്മക്കുട്ടികളേയും പിടിച്ചു് മുണ്ടും, മേൽമുണ്ടും ചാത്തിച്ചു് വേഷം മാറ്റി, അതോടുകൂടി ഒരു പേരുമാറ്റലും കഴിച്ചു് കേരളത്തിൽ കൊണ്ടുവന്നു്, ശുദ്ധകേരളീയമോ, വിദേശീയമോ അല്ലാത്ത ഒരു കൃത്രിമ അന്തരീക്ഷത്തിൽ വളത്തി, ഇവ രണ്ടിലും പെടാത്ത ഒരു ജാതിക്കാരാക്കിതീർത്തുവിട്ട്, നോവൽ കർത്താക്കന്മാരെന്നും, നാടക കർത്താക്കന്മാരെന്നും സ്വയം അഭിനയിക്കുന്ന പണ്ഡിതമന്യന്മാരുടെ സംഖ്യ നമ്മുടെയിടയിൽ കൂടിവരുന്നതിൽ നാം തീർച്ചയായും വ്യസനിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അനുകരണങ്ങളെ നാം വെറുക്കുകയും ത്യജിക്കുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഇനി അനുകരണങ്ങൾ നമുക്ക് യോജിച്ച വയല്ലെങ്കിലും ചില പ്രത്യേക കാരണങ്ങൾകൊണ്ട് ചില കൃതികൾ അവയുടെ ജന്മഭൂമിയിൽ നിന്നും പറിച്ചെടുത്തു് കൃത്രിമ പരിസരങ്ങളിൽ വളർത്തുന്നതു് നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുന്ന ഒരു കൂട്ടം വിമർശകന്മാർ ഉണ്ട്. അവരുടെ ഒരു വാദം വിദേശീയങ്ങളായ സ്ഥലങ്ങളും, പേരുകളും മലയാളികൾക്ക് ഉച്ചരിക്കുവാൻ പ്രയാസമാണ് എന്നാകുന്നു. അതുകൊണ്ട് നമുക്ക് ആ പ്രയാസത്തിൽ നിന്നും കരകയറാൻ അനുകരണമാക്കിക്കളയാം മാത്രം എന്നാണ്. ഇതിൽ യാതൊരു അർത്ഥവുമില്ല. പ്രസ്തുതപേരുകളും ആചാരങ്ങളും സ്ഥലങ്ങളും, അപ്രകാരം തന്നെ സ്വീകരിച്ച് മലയാളത്തിൽ എഴുതിയിട്ടുള്ള രണ്ടു വിശിഷ്ട നോവലുകളാണ് മി: നാലപ്പാട്ട നാരായണമേനവന്റെ "പാവങ്ങളും", മി: ഏ ബാലകൃഷ്ണപിള്ളയുടെ 'കാമുകനും'. അതുപോലെ തന്നെയുള്ളനാനാംതരം പരിഭാഷകളാണ് പ്രോസ്പർമെറിമേയുടെ 'കാർമാനും', ഇബ്സന്റെ 'പ്രേതങ്ങളും'. ഈ ഗ്രന്ഥങ്ങളിൽ മൂലഗ്രന്ഥങ്ങളിലെ പേരുകളും, സംഭവങ്ങളും അതേപടി ചേർത്തുകൊണ്ട് അവ 'വിരസവും, ശുഷ്കവും' ആയിതീർന്നിട്ടുണ്ടെന്ന് യഥാർത്ഥ സാഹിത്യാഭിരുചിയുള്ള ആരെങ്കിലും പറയുമോയെന്ന് സംശയമാണ്. പാവങ്ങളിലെ ഴാങ്ങ്വാൽ ഴാങ്ങിന്റെ സ്ഥാനം വല്ല കുഞ്ഞുനായക്കും കാമുകനിലെ ഡൂവായുടെ സ്ഥാനം വല്ല പുപ്പുപിള്ളക്കും നൽകി അതിനനുസരിച്ച് ആചാരവും സംഭവങ്ങളും മാറ്റിയിരുന്നെങ്കിൽ തീർച്ചയായും വിശ്വസാഹിത്യത്തിലെ ഈ പ്രസിദ്ധ കൃതികളുടെ മേന്മ മുഴുവനും അറിഞ്ഞു് ആസ്വദിക്കുന്നതിന് മലയാളികൾക്ക് സാദ്ധ്യമല്ലാതെ പോകുമായിരുന്നു.

ഇപ്പോൾ പ്രസിദ്ധീകരിച്ച മറ്റൊരനുകരണകൃതിയിൽ മൂലഗ്രന്ഥത്തിൽ വിവരിക്കുന്ന സ്കോട്ടീയകക്ഷികൾ തമ്മിലുള്ള വടംപിടിത്തത്തെ മലയാളീകരിച്ചപ്പോൾ അതു് ഗുരുവായൂർ ക്ഷേത്രപ്രവേശന സംരംഭമായി തീർന്നിട്ടുണ്ട്. തൻമൂലം ഈ മലയാള ഗ്രന്ഥത്തിലെ കഥാബീജത്തിന് അതിന്റെ മൂലകൃതിയിൽ പ്രത്യക്ഷപ്പെടുന്ന വികാരോത്തേജനമോ, മേന്മയോ തീരെ ഇല്ലാതെയായിട്ടുണ്ട്. മൂലഗ്രന്ഥത്തിലെ കൊക്ക്, അനുകരണത്തിലെ കാക്കയായാൽ ഉണ്ടാകാവുന്ന ഒരു അസ്വാദ്യതയാണ് ഇത്തരം അനുകരണങ്ങളിൽനിന്നു വായനക്കാർക്ക് ലഭ്യമാകുന്നതു്. ഇത്തരം ദുർവ്യാപാരത്തെ കഴിയുന്നതും വേഗത്തിൽ ഭാഷാസാഹിത്യത്തിൽ നിരുത്തേണ്ടതു് ഉത്തമന്മാരായ ഭാഷാഭിമാനികളുടെ കടമയാണ്. ഇപ്രകാരം നിന്ദ്യമായ അനുകരണഭ്രമം വേറെ ഏതെങ്കിലും സാഹിത്യങ്ങളിൽ കാണാൻകഴിയുമോയെന്ന് സംശയമാണ്. ഷേക്ക്സ്പീയർ കൃതികൾ ജർമ്മൻ ഭാഷയിലേയ്ക്കും, ഗീഥേയുടെ നാടകങ്ങൾ ഇംഗ്ലീഷിലേയ്ക്കും, ഡസ്റ്റോവ്സ്കിയുടെ നോവലുകൾ നാർവീജിയനിലേക്കും, ന്യൂട്ഹംസന്റെ കൃതികൾ ഇംഗ്ലീഷിലേക്കും ആദ്യം അനുകരിക്കുകയല്ല ചെയ്തിട്ടുള്ളതു്. ഇവയെല്ലാംതന്നെ സ്ഥലകാല ആചാര സംഭവങ്ങൾക്ക് യാതൊരു വ്യത്യാസവും കൂടാതെയാണ് വിദേശസാഹിത്യഭണ്ഡാഗാരങ്ങളെ പോഷിപ്പിച്ചിരിക്കുന്നതു്. അവിടങ്ങളിൽ എല്ലാംതന്നെ അത്തരം പരിഭാഷകൾ സാദ്ധ്യമാണെന്നുവരികിൽ, നമുക്ക് എന്തുകൊണ്ട് അപ്രകാരം ചെയ്തുകൂടാ? വിശ്വസാഹിത്യകാരന്മാരുടെ കലാപാടവം പാത്രസൃഷ്ടിയിലും അന്തരീക്ഷ സൃഷ്ടിയിലും, അവർ കാണിക്കുന്ന അസാമാന്യമായ വൈദഗ്ദ്ധ്യം, ഭാഷയിൽ അവർ പ്രത്യക്ഷപ്പെടുത്തുന്ന വ്യക്തിത്വം മുതലായവ നമ്മുടെ നാട്ടുകാർ മനസ്സിലാക്കി അവരുടെ മേന്മയെപ്പറ്റി മലയാളികൾ ധരിക്കണമെന്നാഗ്രഹമുള്ളവർ ആരുംതന്നെ അരോചകങ്ങളും, മൂലഗ്രന്ഥകാരന്റെ കലാപാടവത്തെ അധിക്ഷേപിക്കത്തക്ക സ്വാതന്ത്ര്യങ്ങളാൽ അരിവിരസങ്ങളും ആക്കിതീർക്കുന്ന ഇത്തരം സാഹിത്യപരിശ്രമങ്ങളെ—അനുകരണങ്ങളെ— പ്രോത്സാഹിപ്പിക്കാതെയിരിക്കേണ്ടതു് അവരുടെ കടമയാണ്. നമ്മുടെ സാഹിത്യത്തിന്റെ ഇന്നത്തെ ആവശ്യം, ഉത്തമങ്ങളായ ഗ്രന്ഥങ്ങളുടെ അനന്തരം പരിഭാഷകളാണ്. അല്ലാതെ നപുംസകങ്ങളായ അനുകരണങ്ങൾ അല്ലാ എന്നാണ് ഈ ലേഖകന്റെ അഭിപ്രായം.

—o—

മഹാകവി കുമാരനാശാന്റെ
അകാല നിര്യാണത്താൽ കൈരളിക്കു
ലഭിക്കാതെ പോയ
ശ്രീബുദ്ധചരിതം കിളിപ്പാട്ട്
6-ം, 7-ം 8-ം കാണ്ഡങ്ങൾ
വില അണ 12
ഗ്രന്ഥകർത്താ:—
ഏ. ചക്രപാണി ബി. ഏ.
അപേക്ഷിക്കേണ്ടും മേൽവിലാസം—
ഇന്ദിരാ ബുക്ക്ഡിപ്പോ
പേട്ട—തിരുവനന്തപുരം

വായ്ദർ & കമ്പനി ക്ലിപ്തം
(Bankers, Brokers, Commission Agents etc)
തിരുവനന്തപുരം
പ്രതിമാസച്ചിട്ടികൾ.
ടി കമ്പനി തലയാലംനിന്നു് 11.3-ാമാണ്ടു് വൃശ്ചികമാസം 5-ാംനു-ആരംഭിച്ചു് ഇരുപത്തിഅഞ്ചു മാസംകൊണ്ടവസാനിക്കുന്ന ഒരു പ്രതിമാസ ലേലച്ചിട്ടിയും ഒരു പ്രതിമാസ നറുക്കെടുപ്പുചിട്ടിയും നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു.

ഈ ചിട്ടികളിൽ പ്രതിമാസം

40	രൂപാവീതം	25	തവണയായി	1000	രൂപാമുതലുള്ള ഏ ക്ലാസും
20	,,	,,		500	,, ബി ,,
10	,,	,,		250	,, സി ,,
5	,,	,,		125	,, ഡി ,,

ഉണ്ടായിരിക്കുന്നതാണ്.

ചിട്ടികളിൽ ചേരണമെന്നുള്ളവർ തലയ്ക്കോലയ്ക്കു് ഉടൻ ആവശ്യപ്പെടുക.

കെ. ജി. വായ്ദർ
മാനേജിംഗ് ഡയറക്ടർ,
വായ്ദർ ആൻഡ് കമ്പനി ക്ലിപ്തം,
തിരുവനന്തപുരം

ജനനരാശി

അദ്ധ്യായം 11

വൃശ്ചികരാശി—നവമ്പർമാസം

[മൂക്കോന്നു കുമാരൻ]

വൃശ്ചികം രാശി ഒക്ടോബർ 21-ാംനു- ആരംഭിക്കുന്നു. ഏഴു ദിവസം മൻരാശിയുടെ ശിഖബാധിച്ചു ബലം കുറയുന്നതിനാൽ, ഒക്ടോബർ 28-ാംനു-വരെ പൂർണ്ണബലത്തിൽ വരുന്നില്ല. പിന്നീടു നവമ്പർ 20-ാംനു- വരെ പൂർണ്ണബലത്തിലായിരിക്കും. അതിന്നുശേഷം 7 ദിവസം ധനരാശിയുടെ ശിഖ ബാധിച്ചു ക്രമേണ ബലം കുറഞ്ഞുവരും.

വൃശ്ചികം രാശി രണ്ടു ചിഹ്നങ്ങളാൽ സൂചിപ്പിക്കപ്പെടുന്നു—തേളിന്റെയും കഴുകന്റേയും. ഈ രാശിയിൽ ജനിച്ചവർ അന്യോന്യവിരുദ്ധങ്ങളായ സംഗതികളുടെ ഒരു കൂട്ടുകെട്ടാണെന്നു തോന്നും. ഉത്തമന്മാരും അധമന്മാരും ആയ മനുഷ്യർ ഈ രാശിയിൽ ജനിച്ചവരായി ഉണ്ടെന്നുതോന്നും. ഇരുപതു വയസ്സുവരെ ഇവർ അത്യന്തം പരിശുദ്ധഹൃദയന്മാരും സത്യസന്ധന്മാരും മതഭക്തന്മാരും ആയിരിക്കും. സ്വന്തം പ്രകൃതി ഒരിക്കൽ ഉജ്ജ്വലിച്ചു തുടങ്ങിയാൽ, നേരെ വിപരീതമായ നിലയിലായിത്തീരുന്നു വെന്നു പലപ്പോഴും കണ്ടെന്നുവരാം. എന്നാൽ ലോകത്തു് ഏറ്റവും വിശുദ്ധന്മാരായി അറിയപ്പെട്ടവർ ഈ രാശിയിൽ ജനിച്ചവരായിരുന്നു. ഈ കാലത്തു ജനിച്ചവർ എല്ലാവരുംതന്നെ, പെട്ടെന്നുണ്ടാകുന്ന മനോവികാരങ്ങൾക്ക് അടിമപ്പെട്ടവരായിരുന്നു. ഇവരുടെ ജീവിതത്തിന്റെ അടിസ്ഥാനംതന്നെ അതായിരിക്കും. ഇവർക്കു മറ്റുള്ളവരെ ആകർഷിച്ചു വശത്താക്കാനുള്ള ശക്തി ഉണ്ടായിരിക്കും. മനുഷ്യരുടെ മനോവികാരങ്ങളേയും മനോഭാവങ്ങളേയും പ്രസംഗങ്ങളും കൊണ്ടു് ഇളക്കി വശത്താക്കുകയല്ലാതെ, ന്യായവാദത്തെ എതിർത്തു വശത്താക്കുകയല്ല ഇവർ ചെയ്യുക. ഏതായാലും കേൾവിക്കാരെ ഇവർക്ക് ഇഷ്ടമുള്ള നിലയിൽ വളച്ചുകൊണ്ടുവരുവാൻ സാധിക്കും.

ഇവർ ചാതുര്യമുള്ള ലേഖകന്മാരായിരിക്കും; പ്രസ്പഷ്ടമായ രീതിയിൽ വിവരിച്ചു ഫലിപ്പിക്കാൻ കഴിവുള്ളവരായിരിക്കും. ഏതു വിഷയത്തിലും ഏറ്റപ്പെട്ട യോഗ്യതപ്രാപിക്കുവാൻ കഴിയും. പെട്ടെന്നു വല്ല ആപത്തോ ബുദ്ധിമുട്ടോ നേരിട്ടാൽ സന്ദർഭങ്ങളിൽ ഇവർ മനസ്സുപതറിപ്പോകാതെ ശാന്തരും, എന്താണു പ്രവർത്തിക്കേണ്ടതെന്നു ദൃഢനിശ്ചയമുള്ളവരും ആയിരിക്കും. ശസ്ത്രക്രിയയിൽ വിഖ്യാതി പ്രാപിച്ച വൈദ്യന്മാരിൽ അനേകം പേരും ഈ രാശിയിൽ ജനിച്ചവരായിരുന്നു.

ഇവർക്കുള്ള വലുതായദോഷം ഇവരുമായി സംസർഗ്ഗം ചെയ്യുന്നവരോടു് അനുസരിച്ചു പ്രവർത്തിച്ചുകളയുമെന്നുള്ളതാകുന്നു. ദുഷ്ടബുദ്ധികളുടെ ഇടയിലാണുപെട്ടതെങ്കിൽ, അവരുമായി തല്ക്കാലം അത്യധികം കൂട്ടുകെട്ടിലായിപ്പോകും. എന്നാൽ അതു നിമിത്തം കേവലം തുലഞ്ഞുപോകുന്നതിനു മുൻപു, വല്ലവിധത്തിലും രക്ഷപ്പെടും; ഏതു പ്രയാസമുള്ള ഘട്ടത്തിൽ നിന്നും അവസാന സന്ദർഭത്തിൽ ഒഴിഞ്ഞുമാറിക്കളവാൻ ഇവർക്കു സാധിച്ചെന്നുവരും.

ഇവർ പലപ്പോഴും വലിയ പരോപകാരികളായി, ലോകം നന്നാക്കാനുള്ള ശ്രേഷ്ഠതരമായ വ്യവസ്ഥകളും ഏറ്റെടുത്തുകയും, കൊണ്ടാടപ്പെട്ടാൽ സഹജീവികൾക്കു വേണ്ടി നല്ല കാര്യങ്ങളും സാധിക്കുകയും ചെയ്യും.

ഇവർ പലപ്പോഴും രണ്ടുതരം ജീവിതം നയിക്കുന്നവരായിക്കും—ഒന്നു ലോകത്തെ ബോധിപ്പിക്കുവാനും, മറേറതു തങ്ങൾക്കുതന്നെ വേണ്ടിയും. വിവാഹംകഴിച്ചാൽ രണ്ടുവീടകം ഏറ്റെടുത്തി പുലത്താൻ ഇവർക്കു വാസനയുണ്ടായിരിക്കും; ഒന്നു ലോകാചാരമനുസരിച്ചു് അധികം ഉത്തരവാദിത്വത്തോടുകൂടിയുള്ളതും, മറെറാന്നു, തനിയെ പാർത്താൽ മറുള്ളവരുടെ ബാധയിൽനിന്നു് ഒഴിഞ്ഞുനില്ക്കാനെങ്കിലും സാധിക്കുന്ന സൈരജീവിതത്തിനുവേണ്ടിയും പറയുന്നതും (A Bohemian retreat) വ്യാപാരാദികളിലും രാഷ്ട്രീയകാര്യങ്ങളിലും ഇവർക്കു സമർത്ഥമായ ആലോചനകളും ഉണ്ടായിരിക്കും. പക്ഷേ, മറുള്ളവർക്കു വേണ്ടുന്ന ഉപദേശങ്ങളും നല്കുവാനായിരിക്കും ഇവർ അധികം പറിയുന്നതു്. ഈ രാശിയിൽ ജനിച്ചവർക്കു് ഏതു കാര്യവും "നാളെയാമെന്നുള്ളൊരു നേരവും നിനയാതെ" ഇരിക്കണം എന്നു് അവരെ ഉപദേശിച്ചുകൊണ്ടിരിക്കണം. ദീർഘസൂത്രത്വം ഇവരുടെ വലിയ ദോഷവും ഇവരുടെ ഏറ്റവും വലിയ ശത്രുവും ആകുന്നു.

ചിന്താശക്തി ഉപയോഗിച്ചു പോരാടുവാൻ മിടുക്കന്മാരാണിവർ; തലനാരുകീറി വാദിക്കുകയും ചെയ്യും. പട്ടാളസംബന്ധമായ ഏർപ്പാടുകളും വ്യവസ്ഥകളും എഴുതി ഉണ്ടാക്കാൻ സാമർത്ഥ്യമുള്ളവരായിരിക്കുമെങ്കിലും, യുദ്ധത്തെയും രക്തപ്രവാഹത്തെയും ഇവർ വെറുക്കും. ഇതുനിമിത്തം ഇവർ സമാധാനപാലകന്മാരായി വിഖ്യാതിസമ്പാദിക്കും. യഥാർത്ഥപറയുന്നതായാൽ, ഇവർ മറുള്ളവർതമ്മിലുള്ള വിരോധം പറഞ്ഞുരീർത്തു, ശത്രുക്കളെ മിത്രങ്ങളാക്കുന്നതിനു പോരുന്നവരായിരിക്കും. നവംബർ 7-ാംനു- ജനിച്ച ഏഴാം എഡ്വർഡ് മഹാരാജാവു് ഇതിനു് ഉത്തമദൃഷ്ടാന്തമായിരുന്നു. (പണ്ഡിറ്റ് ജവഹർലാൽനെഹ്രു നവമ്പർ 14-ാംനു- യായിരുന്നു ജനിച്ചതു്).

വാക്കുകൊണ്ടും എഴുത്തുകൊണ്ടും ഒരു സ്പ്രിങ്ങിന്റെ കടിപോലെ പ്രവർത്തിക്കുവാൻ സാധിക്കും; പക്ഷേ സഹതാപജന്യമായ വല്ല മനോവികാരവും കണ്ടാൽ, എല്ലാം വിസ്മരിച്ചു, കാരുണ്യത്തിന്റെ അവതാരമായി കണ്ടെന്നുവരും. ഈ രാശിയിൽ ജനിച്ചവർക്കുള്ളതുപോലെ അത്ര അധികം മിത്രങ്ങളും അത്ര അധികം ശത്രുക്കളും മറെറയാതൊരു രാശിയിൽ ജനിച്ചവർക്കും ഉണ്ടാകയില്ല. എന്നാൽ ഇവരുടെ പൌരുഷേയത്വം, തട്ടത്തുനിർത്താൻ സാധിക്കാത്ത തിരമാലയെപ്പോലെ, സർവ്വത്തെയും തട്ടിനീക്കി മുന്നോട്ടുപോകാൻ ഇവരെ സഹായിക്കും.

ഇവരുടെ ജീവിതത്തിൽ കാമന്റെ ബാധ കഠിനമായുണ്ടായിരിക്കും. സ്ത്രീകൾ പുരുഷന്മാരെയും പുരുഷന്മാർ സ്ത്രീകളെയും ആകർഷിക്കും. എന്നാൽ മനഃശക്തിയും ഉൽക്കർഷേച്ഛയും അധികം പ്രകാശിക്കുന്നവരാണെങ്കിൽ, കാമനെ തോല്പിച്ചു ജീവിതത്തിൽ വിജയം നേടുവാൻ ഇവർക്കു സാധിക്കും.

ഈ രാശിയിൽ ജനിച്ചവർക്കു, ഉൽക്കർഷേച്ഛ ഉണ്ടാകുവാൻ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കണം; അവരെ രക്ഷപ്പെടുത്തുന്ന ഏകകാര്യം അതായിരിക്കും. ഉൽക്കർഷത്തിനായി ഏതു ത്യാഗവും ഇവർചെയ്യും; ഏതു സുഖവും വേണ്ടെന്നുവെക്കും. അതുകൊണ്ടു മറ് ഏതു രാശിയിൽ ജനിച്ചവരെക്കാളും അധികം കാര്യങ്ങളും സാധിക്കും. തങ്ങളെപ്പറ്റി ലോകത്തിനുള്ള അഭിപ്രായത്തെ ഇവർ അധികം വിലകല്പിക്കും. ഈ ഒരു ദോഷം നിമിത്തം, രഹസ്യവർത്തമാനങ്ങൾ പുറത്താക്കാതിരിക്കുമെന്നു പറഞ്ഞു പണം പറിക്കുന്ന വഞ്ചകന്മാരുടെ വലയിൽ പെട്ടുപോകും. സ്വാർത്ഥതൽപരരായിരിക്കാൻ ഇവർക്കു വാസനയുണ്ടാകുന്നതും തൽക്കാല ആവശ്യം സാധിക്കേണ്ടതിനു മറുള്ളവയൊക്കെ ത്യജിക്കാൻ ഒരുക്കമുള്ളവരായിരിക്കുന്നതും ആകുന്നു.

എന്നാൽ ഈ സ്വഭാവത്തിനു നേരെ വിപരീതമായ ഒരു സ്വഭാവവും ഇവരിൽ കാണാം; ഇവരുടെ കാര്യം സാധിച്ചാൽ, അതിലേക്കു ലഭിച്ച സഹായത്തിന്റെ പത്തിരട്ടി തിരിച്ചുകൊടുക്കത്തക്ക ഔദാര്യം ഇവരെപ്പോലെ മററാർക്കും ഉണ്ടാകയില്ല.

ഗൃഹജീവിതത്തിൽ ഇവർ അധികാരഗൌരവമുള്ളവരായിരിക്കും; എല്ലാം തങ്ങളുടെ ശാസനയിൻകീഴിലായിരിക്കണം എന്നു് ഇവർ പ്രതീക്ഷിക്കും എന്നാൽ സ്ത്രീകളുടെമേൽ ഇവർക്കുള്ള സ്വാധീനശക്തി അത്യധികമാകയാൽ അവർ ഇവരുടെ അധികാരംനടത്തലിനെ എപ്പോഴും ക്ഷമിക്കും. ഈ രാശിയിൽ ജനിച്ചയാൾ, തന്റെ ഭാര്യയെ അത്യധികം ദ്രോഹിച്ചാലും ആ സ്ത്രീ ഇയാൾക്കുവേണ്ടി മരണംവരെ പോരാടും. ഇവർക്കു അയസ്കാന്തതുല്യമായ ഒരു ആകർഷണശക്തിയുള്ളതിനാൽ, മറുള്ളവരുടെമേൽ മാനസികമായ ഒരു അപൂർവ്വസ്വാധീനം ഉണ്ടായിരിക്കും. ഇവർ പ്രകൃത്യാ ആശ്വാസകരന്മാരാകുന്നു. ഇവരുടെ ഗംഭീരചൈതന്യം മറുള്ളവരിൽ പകരും. ഇവരുടെ സഹതാപം ഉജ്ജ്വലിച്ചുകഴിഞ്ഞാൽ, ദാനംചെയ്യാനും സഹായിക്കാനും വളരെ ഇഷ്ടമുള്ളവരായിത്തീരുകയും, മറുള്ളവരെ തുണയ്ക്കുന്നതിൽ ഏതു് ആപത്തിനെയും അഗണ്യമാക്കി പ്രവർത്തിക്കുകയും ചെയ്യും.

ഇവർ സ്ത്രീജിതന്മാരാകാതിരിക്കാൻ വളരെ സൂക്ഷിക്കണം; ഇല്ലെങ്കിൽ ഇവർ ഒടുവിൽചെന്നു പതിക്കാത്ത കുപമുണ്ടായിരിക്കയില്ല. അധികകാലം ചെല്ലുന്നതിനു മുൻപു ഇവർക്കു ലോകാതീതമായ രഹസ്യങ്ങളും കണ്ടറിവാനുള്ള യോഗ്യത സിദ്ധിച്ചെന്നുവരാം. കവികളായും ചിത്രകാരന്മാരായും ഇവർ പ്രകാശിക്കും. ഇവർ ജന്മനാ തത്വജ്ഞാനികളും പ്രകൃതിനിരീക്ഷണംചെയ്തു വിജ്ഞാനം സമ്പാദിക്കുന്നവരും ആയിരിക്കുന്നതിനു പുറമേ, മനുഷ്യരുടെ സ്വഭാവാദികളും അനുനീക്ഷണംചെയ്തു പരിച്ഛേദിച്ചു് ഗ്രഹിക്കാൻ അനന്യസാധാരണമായ സാമർത്ഥ്യമുള്ളവരായും തീരാം.

ഇവരെ അറിയുന്നവരെല്ലാം ഇവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എന്നാൽ ഈ രാശിയിൽ ജനിച്ചവരിൽ അല്പംപേർ മാത്രമേ, ദുഷ്ടമായ അപവാദത്തിൽനിന്നു രക്ഷപ്പെടുകയുള്ളു. ഈ രാശിയിൽ ജനിച്ചവർക്കു രണ്ടുമാർഗ്ഗത്തിൽ ധനസമ്പാദ്യമുണ്ടാകും. ചെറുപ്പകാലത്തു പല സങ്കടങ്ങളും ബുദ്ധിമുട്ടുകളും പരാധീനതയും ഉണ്ടാകും. ഈവക പ്രായാസങ്ങളും ഇവരുടെ മനഃശക്തിയേയും ഉൽക്കർഷേച്ഛയേയും വർദ്ധിപ്പിക്കുകയും കാലക്രമേണ വിജയവും വിഖ്യാതിയും അനുഭവമാക്കുകയും ചെയ്യും.

സ്നേഹിതന്മാർ

സ്വന്തംരാശിയിൽ ജനിച്ചവരും ജൂൺ 21-ാംനു-മുതൽ ജൂലായി 2027 തീയതിവരെയും ഫെബ്രുവരി 19 മുതൽ മാർച്ച് 2027 തീയതിവരെയും ഏപ്രിൽ 20-മുതൽ മെയ് 20-27 തീയതിവരെയും ഏതെങ്കിലും തീയ്യതി ജനിച്ചവരും ഇവർക്കു സ്ഥിരമിത്രങ്ങളോ ബന്ധുക്കളോ ആയിരിക്കുന്നതാണ്.

ആരോഗ്യം

ഇവർ ചെറുപ്പത്തിൽ കൃശഗാത്രരായിരിക്കും; മദ്ധ്യവയസ്സെത്തിയാൽ ശരീരത്തിന്റെ ഘനം വർദ്ധിക്കുകയും തടി കൂടുകയും ചെയ്യും. ആണായാലും പെണ്ണായാലും ലിംഗവ്യാധി പിടികൂടുമെന്നുള്ള ആപത്തിൽനിന്നു രക്ഷപെടുവാൻ സംഗതിയുണ്ട്. വൃക്കകൾക്കും രോഗം ബാധിക്കാം. ഇവരുടെ അവയവങ്ങളിൽ രോഗബാധക്കു് അധികം വശംവദമാകുന്നതു ഹൃദയമായിരിക്കും. ഇവർ ആയാസകരമായ വ്യായാമങ്ങളോ ജോലികളോ ചെയ്യരുതു്.

വർണ്ണങ്ങൾ

ചുവപ്പു്, നീലം, എന്നിവയുടെ ഏതു ഛായയും ഇവർക്കു പറഞ്ഞതു്.

രത്നങ്ങൾ

വൈഡൂര്യം, പുഷ്യരാഗം, എന്നിവയും ഏതുതരം ചുവന്ന കല്ലുകളും ഇവർക്കു് ഉപയോഗിക്കാവുന്നതാണ്.

അമേരിക്കയിലെ പ്രസിദ്ധനായ വസ്വെൽറ്റ്, ഏഴാം എഡ്വർഡ് ചക്രവർത്തി ഇറലിയിലെ മൂന്നാം ഇമ്മാനുവൽരാജാവു്, ഇംഗ്ലണ്ടിലെ ഒന്നാം ചാൾസ്രാജാവു്, എന്നിവരും, പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവും, "കീറെ" താനും ഈ രാശിയിൽ ജനിച്ചവരായിരുന്നു.

———



ചെറുകഥ

എനിക്കു തെറ്റിപ്പോയി

മിസ്റ്റർ രവീന്ദ്രൻ വളരെ പൊടിയും തടേറടവുമുള്ള ഒരു ചെറുപ്പക്കാരൻ ആയിരുന്നു. അഞ്ചടി ആറിഞ്ചിൽ കുറയാതെയുള്ള പൊക്കം, വെള്ളച്ചുവപ്പുകലർന്ന വർണ്ണം. ഇരുഭാഗത്തോട്ടും ചീകി മിനുസപ്പെടുത്തിവച്ച ചുരുണ്ട തലമുടി, ചെറിയ ഭംഗിയുള്ള മേൽമീശ, പ്രകാശമേറിയ നീണ്ടകണ്ണുകൾ, സർവ്വോപരി ആരെയും ഹഠാദ് ആകർഷിക്കുന്ന മുഖം ഇവയാൽ രവീന്ദ്രൻ ആകർഷകനായിരുന്നു. വയസ്സ് 24; അവിവാഹിതൻ. വൻപിച്ചസ്വത്തിന്റെ ഉടമസ്ഥൻ. എങ്കിലും അദ്ദേഹം പ്രവൃത്തിവിമുഖനായിരുന്നില്ല. ജോലിത്തിരക്കു നിമിത്തം അദ്ദേഹത്തെ സ്വഭവനത്തിൽ വളരെക്കുറച്ചുമാത്രമെ കണ്ടിരുന്നുള്ളൂ.

കൃത്യാന്തരബാഹുല്യനിമിത്തം അദ്ദേഹം തന്റെ സമയത്തിൽ സിംഹഭാഗവും വല്ല വിശേഷപ്പെട്ട ഹോട്ടലുകളിലും കഴിച്ചിരുന്നു. കൽക്കട്ടായിൽ "ക്ലൈവുസ്ട്രീറ്റി"നടുത്തു സ്ഥാപിക്കപ്പെട്ടിരുന്ന "ഹോട്ടേൽമജസ്റ്റിക്കി"ൽ അദ്ദേഹം തന്റെ സമയത്തിൽ ഭൂരിഭാഗവും ചിലവുചെയ്തിരുന്നു. ഹോട്ടൽ ഏതുസമയവും സദൃശംകരായ സ്ത്രീപുരുഷന്മാരെക്കൊണ്ടു നിറഞ്ഞിരുന്നു.

രവീന്ദ്രനെ ഒരിക്കൽ കണ്ടിട്ടുള്ളവർക്കും തന്നെ അദ്ദേഹത്തെ മറക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ ആരെയും മയക്കുന്ന തുറന്ന ചിരി, വശീകരണമുഖാകൃതി, ഹൃദയസ്പർശകമായ സംഭാഷണചാതുര്യം, ഇവയാൽ ഏതു സ്ത്രീപുരുഷന്മാരും—പ്രത്യേകിച്ചും സ്ത്രീകളും—അയാളിൽതാനെലയിച്ചുപോകുകഒരു സാധാരണസംഭവംമാത്രമായിരുന്നു. അന്നു രവീന്ദ്രൻ ഹോട്ടലിന്റെ മൻവശത്തുള്ള വരാന്തയിൽ ഒരു മൂളിപ്പാട്ടും പാടി ഉലാത്തുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ദൃഷ്ടി അടുത്ത മുറിയിൽ ഒരു കോണിൽ ഒരു പുസ്തകം വായിച്ചുകൊണ്ടിരുന്ന ഒരു ജഗന്മോഹിനിയിൽ യാദൃശ്ചികമായി പതിഞ്ഞു. അവൾ വെളുത്ത പട്ടുകൊണ്ടുള്ള ഒരുടുപ്പും ഒരു സാരിയും ധരിച്ചിരുന്നു. പല സുപ്രസിദ്ധ സിനിമാതാരങ്ങളും അയാളെ ആകർഷിച്ചിട്ടുണ്ട്. എങ്കിലും അത്ര പ്രൗഢഗംഭീരമായ സൗന്ദര്യം അതിനുമുൻപു അയാൾ ആരിലും ദർശിച്ചിരുന്നില്ല. അത്രയ്ക്ക് ഒരു സുരലോക സൗന്ദര്യറാണിയായിരുന്നു അവൾ. കഴുത്തിൽ ഒരു വജ്രമാലയും, കൈകളിൽ രത്നഖചിതമായ ഈരണ്ടുവളകളും, വിരലിൽ ഒരു വജ്രമോതിരവും മാത്രമെ അവൾ ആഭരണങ്ങളായി ധരിച്ചിരുന്നുള്ളൂ. അദ്ദേഹം സാവധാനത്തിൽ നടന്നുചെന്നു കൗണ്ടർ ക്ലാർക്കിന്റെ അടുക്കൽ ഇങ്ങനെ സസ്മിതം ചോദിച്ചു:—

"ഇവിടെ എപ്പൊഴും വലിയ തിരക്കാണ്, അല്ലെ?"

"അതെ സർ. ഇവിടെ ഏതുസമയവും വളരെ തിരക്കാണ്. സന്ദർശകരോടുള്ള ഞങ്ങളുടെ പെരുമാറ്റവും അങ്ങനെയാണ്."

"അതെ, അതെ, അതെനിക്കുമനുഭവമാണ്. പിന്നെ, ആ കോണിൽ ഇരുന്ന ഒരു യുവതി വായിക്കുന്നുണ്ടല്ലോ. നിങ്ങൾ അവളെ അറിയുമോ? അവളുടെ പേരെന്ത്?"

ബുക്കിങ്ക്ലാർക്ക് തലയുയർത്തി ഇങ്ങനെ പറഞ്ഞു. അവിടുന്നു ആരെപ്പറ്റിയാണു ചോദിക്കുന്നത്? ആ മൂലയ്ക്കു ഒരു മാസികയും വായിച്ചുകൊണ്ടിരിക്കുന്ന സ്വർണ്ണകുമാരിദേവിയെപ്പറ്റിയാണോ? സുരേശചന്ദ്രബാബുവിന്റെ കനിഷ്ഠപുത്രിയല്ലെ അത്. അദ്ദേഹം കൽക്കട്ടായിലുള്ള ഒന്നാമത്തെ ധനികനാണ്. കുമാരി കുറച്ചുദിവസത്തേയ്ക്കു ഒരു സ്ഥലത്തു സ്വൈരമായിരിക്കുന്നതിനുവേണ്ടി ഇവിടെ വന്നിരിക്കയാണ്."

"ഇവിടെ എന്നു വന്നു? എത്രദിവസം താമസിച്ചേക്കും?"

"ഇന്നലെവന്നു. ഒരുവാരം പക്ഷെ താമസിച്ചേക്കും."

"ശരി, ക്രൂടെ ആരെങ്കിലും വന്നിട്ടുണ്ടോ?"

"ഇപ്പോൾ ഇല്ല. ഇനി ആരെങ്കിലും വരുമായെന്നറിഞ്ഞുകൂടാ."

"വന്ദനം" ഇത്രയും പറഞ്ഞിട്ട് രവീന്ദ്രൻ അദ്ദേഹത്തിന്റെ മുറിയിലേക്കു പോയി. ഉടനെ മെലിഞ്ഞു പൊക്കംകുടിയ ഒരു മനുഷ്യൻ ക്ലാർക്കിന്റെ അടുക്കൽവന്നു "അവൻ എന്താണു നിങ്ങളുടെ അടുക്കൽ പറഞ്ഞുകൊണ്ടു നിന്നത്" എന്നു ചോദിച്ചു.

"ഇവിടെത്താമസിക്കുന്ന സ്വർണ്ണകുമാരിദേവിയെപ്പറ്റി ചോദിക്കുകയായിരുന്നു."

"എന്റെ വിചാരം അസ്ഥാനത്തിലല്ല. അവന്റെ അഭിപ്രായം ഞാൻ മുൻകൂട്ടിഗ്രഹിച്ചതാണ്. ഏതായാലും അവന്റെ ആഗ്രഹം സാധിക്കുന്നതിനു ഞാൻ ഒരിക്കലും സമ്മതിക്കയില്ല." എന്നു രാമചന്ദ്രറാവു. ആത്മഗതം ചെയ്തു. ഇയാൾ പെൻഷൻപറ്റിയ ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്. ഹോട്ടൽ മാനേജർ മി: മോഹനൻ അയാളെ ഒരു പ്രത്യേക ഉദ്യോഗസ്ഥനായി അവിടെ തിരഞ്ഞെടുത്തതായിരുന്നു. അദ്ദേഹത്തിന്റെ ജോലി അവിടെ വരുന്ന സന്ദർശകരെ അവരറിയാതെ സൂക്ഷിക്കുകയും അവരുടെ സ്വഭാവസ്ഥിതികളും മനസ്സിലാക്കി അപകടംവല്ലതുമുണ്ടെങ്കിൽ മാനേജരെ അറിയിച്ചു അങ്ങനെയുള്ളവരെ ഉടൻതന്നെ ഹോട്ടലിൽനിന്നു പിരിച്ചുവിടുകയോ അല്ലെങ്കിൽ പൊലീസിൽ അറിയിച്ചു അവരെ ബന്ധനത്തിലാക്കുകയോ ആയിരുന്നു.

ഇത്രയുംകാര്യങ്ങൾ അറിഞ്ഞുടനെ റാവു ഓടിച്ചെന്നു മാനേജരെക്കണ്ടു ഉണ്ടായ സംഭവങ്ങൾ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. "മിക്കവാറും ഇവരുടെ സമാഗമം ഏതെങ്കിലും തുറന്ന പ്രദേശങ്ങളിൽ വച്ചായിരിക്കും നടക്കുക. ഏതു സ്ത്രീകളും മോഹിക്കത്തക്ക ഒരു സുന്ദരനാണു അവൻ. അതുകൊണ്ടു ഈ പെൺകുട്ടി വളരെ വേഗത്തിൽ അവന്റെ വലയ്ക്കുള്ളിൽ വീഴാൻ ഇടയുണ്ട്. അങ്ങനെവന്നാൽ അനവധി വിലപിടിപ്പുള്ള ആഭരണങ്ങളും തട്ടിക്കൊണ്ടു അവൻ കടന്നുകളയുമെന്നാണ് ഞാനൂഹിക്കുന്നതു. അതുകൊണ്ട് എന്തെങ്കിലും ഉപായം കണ്ടുപിടിച്ചു അതിനെ തടയണം" എന്നു മിസ്റ്റർ ചന്ദ്രറാവു മാനേജരോട് ആവശ്യപ്പെട്ടു.

"നിങ്ങൾ പറയുന്നതുപോലെ അവനെ അവന്റെ ഉദ്യമത്തിൽനിന്നും വിരമിപ്പിക്കത്തക്കവിധത്തിൽ നമുക്കു തെളിവുകൾഒന്നുംതന്നെയില്ല. എന്തെങ്കിലും തെളിവുകൾ കിട്ടിക്കഴിഞ്ഞാൽ നമുക്കു വേണ്ടതു ചെയ്യാം. അല്ലാതെ ഒരുത്തനെയിരിക്കുന്ന ഒരു മനുഷ്യനെ ഹോട്ടലിൽനിന്നും പറഞ്ഞയക്കുന്നതിനു ഞാൻ തയ്യാറില്ല." എന്നു മാനേജർ പറഞ്ഞു.

"അവളുടെ ആഭരണങ്ങൾ അനവധി ഉറപ്പിക വിലപിടിച്ചതാണ്."

"ശരിയാണ്, അവളുടെ ആഭരണങ്ങൾ അനവധി ഉറപ്പിക വിലപിടിച്ചതാണെന്നു എനിക്കും അറിയാം."

"അതു് അവൻ കണ്ടിട്ടുമുണ്ട്."

മാനേജർ വിഷമിച്ചു. എന്താണു ചെയ്യേണ്ടതെന്നു അദ്ദേഹത്തിനു തോന്നിയില്ല. ഒടുവിൽ "ഏതായാലും നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. നമ്മുടെ സ്ഥാപനത്തിന് തന്നിമിത്തം ചീത്തപ്പേരൊന്നും ഉണ്ടാവാതെ സൂക്ഷിച്ചുകൊള്ളുകയും വേണം" എന്നു റാവുവിന്റെ അടുക്കൽ പറഞ്ഞിട്ടു മാനേജർപോയി.

പിറേറദിവസം നേരംവെളുത്തു. കാലത്തെ ഭക്ഷണവും കഴിച്ചുകൊണ്ട് കുമാരി അവരുടെ സ്വന്തം കാറിൽകയറി എവിടെയോ ഓടിച്ചുപോയി. അല്പംകഴിഞ്ഞുടനെ രവീന്ദ്രനും തന്റെ കാറിൽകയറി അവൾപോയവഴിയെ ലക്ഷ്യമാക്കി ഓടിച്ചു.

ഉച്ചഭക്ഷണത്തിനു അല്പംമുൻപു കുമാരി അവരുടെ കാറിൽ അവിടെവന്നു. കുമാരിയുടെ അടുത്തു രവീന്ദ്രനും ഇരിക്കുന്നതുകണ്ടു മി: റാവു അമ്പരന്നു. "അവൻ എത്രക്ഷണത്തിൽ കുമാരിയെ പാട്ടിലാക്കിക്കഴിഞ്ഞു" എന്നു റാവു പിറുപിറുത്തു. ഇങ്ങനെ രണ്ടുമൂന്നുദിവസം അവരെ ഒന്നിച്ചുകണ്ടു. അന്നൊക്കെയും ഭക്ഷണത്തിനുമാത്രം അവർ ഹോട്ടലിൽ വന്നിരുന്നു. സന്ധ്യയ്ക്കു ഹോട്ടലിൽ വന്നാൽതന്നെയും ചിലപ്പോൾ കുമാരി വീണയോ ഹാർമോണിയമോ വായിക്കുകയും രവീന്ദ്രൻ പാടുകയും ചെയ്തു സമയം പോക്കിയിരുന്നു. "അബലകൾ ചപലകളല്ലെ" എന്നു റാവു സമാധാനപ്പെട്ടു. എങ്കിലും അവരുടെ നടപടികളെ അദ്ദേഹം വൃച്ചയെപ്പോലെ പതുങ്ങിനിന്നു നോക്കിയിരുന്നു.

ഒരുദിവസം അവർ രണ്ടുപേരുംകൂടി ആ ഹോട്ടലിന്റെ മൻവശത്തുള്ള ഒരു വൃക്ഷച്ചുവട്ടിൽ പോയിരുന്നു ഇങ്ങനെ സംഭാഷണം ആരംഭിച്ചു.

"കുമാരി, ഇന്നു നിങ്ങൾ അസാധാരണ സൗന്ദര്യവതിയായി കാണപ്പെട്ടു. അതിശയനീയം."

"പുരുഷന്മാക്കല്ലെ അതിനെപ്പറ്റി നിശ്ചയമുള്ളൂ" എന്നു കുമാരി പ്രതിവചിച്ചു.

"ഈ ഉടുപ്പിൽ, ഈ ആഭരണങ്ങളും ധരിച്ചു, ഇത്ര സൗന്ദര്യവതിയായി നിങ്ങളെ ഇന്നു മാത്രമാണ് ഞാൻ ഇങ്ങനെ കാണുന്നതു."

"ഈ ആഭരണങ്ങൾ എന്നെ പറഞ്ഞതിൽ നിന്നും നിങ്ങൾക്കതിന്റെ ഭീമമായ വില യെപ്പറ്റി യാതൊരു നിശ്ചയവും ഇല്ലെന്നവരുന്നല്ലൊ. ഈ വജ്രമാലയ്ക്കു തന്നെ അനവധി പവൻ വിലയുണ്ട്."

"ഈ ആഭരണങ്ങൾ എന്നെ പറഞ്ഞതിൽ നിന്നും ആഭരണങ്ങൾക്കു വിലയില്ല എന്നർത്ഥമില്ല. ആഭരണങ്ങൾ കുറച്ചു മാത്രമല്ലേ ഉള്ളു എന്നാണു ഞാൻ വിവക്ഷിച്ചതു്."

"ഇവിടെ വരുന്ന പല സ്ത്രീകൾക്കും ഇതേക്കാൾ കൂടുതൽ ആഭരണങ്ങൾ ഉള്ളതായി ഞാനും കാണാറുണ്ടു്. പക്ഷെ ഞാൻ അധികം ആഭരണങ്ങൾ ഇഷ്ടപ്പെടുന്ന കൂട്ടത്തിലല്ല."

"ഇതിൽ വല്ലതും പൊയ്പ്പോയാലോ? അതിനെപ്പറ്റി നിങ്ങൾക്കു ഭയമില്ലെ?"

"നഷ്ടപ്പെടുകയോ?"

"ഹോട്ടലുകളിൽ ആഭരണം കളവുപോകുക ഒരു സർവ്വസാധാരണമാണു്."

"ഓ, എനിക്കതിനെപ്പറ്റി ഭയമില്ല. എന്റെ യാതൊരു സാധനങ്ങളും ആരും മോഷ്ടിച്ചുകൊണ്ടുപോകുന്നതിനു് ധൈര്യപ്പെടുന്നതല്ല."

"നിങ്ങൾ പക്ഷെ ഇതെല്ലാം ഇരിമ്പുപെട്ടികളിൽ സൂക്ഷിക്കയായിരിക്കാം."

"ഓ, ഒരിക്കലുമില്ല. എന്റെ ആഭരണങ്ങൾ എന്റെ കൈവശമുള്ള ഒരു ആഭരണപ്പെട്ടിയിൽ വച്ചുപൂട്ടി അതിനെ എന്റെ മുറിയിലുള്ള മേശപ്പുറത്തുതന്നെയാണു വച്ചിരിക്കുന്നതു്."

"അതിന്റെ താക്കോൽ കൂടെക്കൊണ്ടുനടക്കയായിരിക്കും."

"അതു ഞാനെന്റെ കിടക്കയുടെ തലയ്ക്കൽ വച്ചിട്ടുണ്ടു്. പക്ഷെ—രവീന്ദ്രൻ നിങ്ങൾ എന്തിനിതൊക്കെ അന്വേഷിക്കുന്നു. നമുക്കു വേറെ വല്ലതിനെപ്പറ്റിയും സംഭാഷണംചെയ്യാം. നിങ്ങൾ എന്താണു എന്നെപ്പറ്റി പറഞ്ഞുകൊണ്ടിരുന്നതു്?"

പതുങ്ങിനിന്നു അവരുടെസംഭാഷണം ആദ്യന്തം ശ്രവിച്ച മി: റാവു അവിടെനിന്നും പതുക്കെപിറകോട്ടവലിഞ്ഞു മറ്റൊരുവഴിയിൽക്കൂടി നടന്നു ഹോട്ടലിലേക്കു പോയി നേരെ മാനേജരുടെ മുറിയിലേക്കു ചെന്നു "അവൻ ആരെന്നു ഞാൻ ഭൂരിപക്ഷം താമസക്കാരും ഇതു കാര്യമായി ഗണിച്ചു അവരവരുടെ വിലകൂടിയ സാധനങ്ങളും എല്ലാംതന്നെ മാനേജരെ ഏൽപ്പിച്ചു. പക്ഷെ കുമാരി ഇതിൽ അത്ര ശ്രദ്ധിക്കുന്നില്ലെന്നു കണ്ടു മാനേജർ അവരെ പ്രത്യേകം വിളിച്ചു വളരെ കാര്യമായി ഇങ്ങനെ പറഞ്ഞു:—

"ദേവി, ഞാൻ പറയുന്നതിൽ മുഷിയരുതു്. നിങ്ങൾ ഇവിടെ താമസിക്കുന്നിടത്തോളംകാലം എനിക്കു നിങ്ങളെപ്പറ്റി ശ്രദ്ധിക്കാതിരിക്കാൻ സാധിക്കുന്നതല്ല. അപരിചിതന്മാരുമായിട്ടു് ഇവിടെവച്ചു സ്നേഹിക്കുകയെന്നതു അത്ര നല്ലതല്ല. സൂക്ഷിക്കണം എന്നു ഞാൻ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു."

"എന്തു്, നിങ്ങൾ എന്താണു പറയുന്നതു്?"

"ഒന്നുമില്ല ഞാൻ നിങ്ങൾക്കു ഒരു മുന്നറിയിപ്പുതരുന്നു. അത്രതന്നെ. നിങ്ങളുടെ ഇപ്പോഴത്തെ പരിചയക്കാരൻ മിസ്റ്റർ രവീന്ദ്രൻ ഒരു കള്ളനാണെന്നാണു് ഞങ്ങളുടെ നോട്ടത്തിൽ കാണുന്നതു്. അതുകൊണ്ടു അയാളുടെ പരിചയം ഒന്നു കുറച്ചാൽമതി. വിശിഷ്യാ ആഭരണങ്ങളും പണവും എന്നെ ഏല്പിച്ചാൽ കുറെക്കൂടി ഉചിതമായിരിക്കും. പിന്നെ അവിടുത്തെ ഇഷ്ടം. എന്റെ കടമ ഞാൻ നിർവ്വഹിച്ചു കഴിഞ്ഞിരിക്കുന്നു."

കുമാരിയുടെ നയനങ്ങൾ വികസിച്ചു. "നിങ്ങൾക്കിതു പറയാൻ ധൈര്യമുണ്ടായതെങ്ങനെ? നിങ്ങൾക്കതിനുള്ള അവകാശം എങ്ങനെ സിദ്ധിച്ചു? മിസ്റ്റർ രവീന്ദ്രൻ എന്റെ ഒരു ഉറ്റമിത്രമാണെ. നിങ്ങളിൽനിന്നും ഞാനിതു പ്രതീക്ഷിച്ചിരുന്നില്ല."

"ആപ്തമിത്രമായതുകൊണ്ടു തന്നെയാണു് ഞാനിക്കാര്യം ഇത്ര തുറന്നു പറഞ്ഞതു്. ഒടുവിൽ എന്നെ കുറ്റംപറയരുതു്" എന്നു മാനേജർ പറഞ്ഞു.

"ഇതു ഞാൻ തീരെ വിശ്വസിക്കുന്നില്ല. ഒന്നാംതരം കുടുംബത്തിൽ ജനിച്ചു, ഉന്നതവിദ്യാഭ്യാസംചെയ്തു വൻപിച്ച സ്വത്തിന്റെ ഉടമസ്ഥനായ ഒരു മാന്യൻ കള്ളനോ? അസംബന്ധം അസംബന്ധം" എന്നു കുമാരി അട്ടഹസിച്ചു.

"എന്തുമാവട്ടെ ആഭരണങ്ങൾ സൂക്ഷിച്ചുകൊള്ളണം."

"ഏതായാലും ഇപ്പോൾ താക്കോൽമാത്രം പോയതല്ലെ ഉള്ളു. അതിനു ഞാൻ വേറൊരു താക്കോൽ തരാം. ഇനിയെങ്കിലും നിങ്ങളുടെ വിലപിടിച്ചുള്ള സാധനങ്ങൾ ഞങ്ങളുടെ ഇരിമ്പുപെട്ടിക്കുള്ളിൽ സൂക്ഷിക്കുന്നതിനു ഞങ്ങളെ ഏല്പിച്ചാൽ കൊള്ളാം.

"ഞാൻ വിചാരിച്ചതങ്ങനെയല്ല" കുമാരി പറഞ്ഞു.

"എന്റെ ആഭരണങ്ങൾ അവിടെത്തന്നെ ഇരിക്കുന്നതായാൽ രവീന്ദ്രനെ നിങ്ങൾക്കവിടെ വച്ചുപിടിക്കാമല്ലൊ എന്നാണു ഞാൻ വിചാരിച്ചതു്."

"ശരി. വളരെ നല്ല അഭിപ്രായം" കള്ളന്മാരെ പിടിക്കാൻ അതിസമർത്ഥനെന്നു സ്വയം അഭിമാനിച്ചിരുന്ന പൊൻഷ്യൻഡു പൊലീസു ഉദ്യോഗസ്ഥൻ മി: റാവുവിന്റെ ഹൃദയം ആനന്ദംകൊണ്ടു പുളച്ചു. മുഖം സന്തോഷംകൊണ്ടു വികസിച്ചു. "കുമാരിയുടെ മുറിയിൽ ഇന്നു ഞങ്ങൾ രണ്ടുപേരും പതുങ്ങിയിരുന്നു അവനെപ്പിടിച്ചു പൊലീസിൽ ഏല്പിക്കാം. അക്കാര്യം ഞാനേറ്റു" എന്നു റാവു അഭിപ്രായപ്പെട്ടു.

"പക്ഷെ———" മാനേജരെന്തെങ്കിലും പറയുന്നതിനു റാവു അവസരംകൊടുത്തില്ല. "അക്കാര്യം ഞാൻ സാധിച്ചുതരുന്നുണ്ടു്. നിങ്ങൾ കൂടെ മുറിയിൽ എന്റെ അടുക്കൽ വേണം അത്രമാത്രം".

ഇതുപോലെ സംഭാഷണം ഹോട്ടലിനുള്ളിൽവച്ചു വളരെ രഹസ്യമായിട്ടാണു നടന്നതു്.

രവീന്ദ്രനാകട്ടെ ലോകത്തിന്റെ യാതൊരു വഞ്ചനയും അറിയാത്തതുപോലെ അന്നത്തെ വർത്തമാനക്കടലാസും വായിച്ചുകൊണ്ടു് വരാന്തയിൽ ഒരു ചാരുകസാലയിൽ കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തു ഒരു പൈറിയ പുഞ്ചിരി കളിയാടിയിരുന്നു. ഹോട്ടലിലെ തിക്കും തിരക്കും മറ്റും ഒന്നും തന്നെ രവീന്ദ്രനെ തീണ്ടിയതുപോലുമില്ല. പെട്ടെന്നു തല ഉയർത്തി നോക്കിയപ്പോൾ റാവു അവിടെ നിൽക്കുന്നതുകണ്ടു "ഗുഡ്മൊറ്റെ മി: റാവു കുമാരിയെ നിങ്ങൾ കണ്ടോ?" എന്നു ചോദിച്ചു. "കാറിൽ കയറി എവിടെയ്ക്കോ ഓടിച്ചു പോകുന്നതു കണ്ടു". "വന്ദനം"

റാവു മാനേജരുടെ അടുത്തു ചെന്നപ്പോൾ അദ്ദേഹം ഗുമസ്ഥന്റെ അടുക്കൽ ഇങ്ങനെ പറയുന്നതുകേട്ടു. "ഇന്നു രാത്രി എനിക്കു അധികം ജോലിയുണ്ടു് ഒരു അതിപ്രധാന സംഗതിയെക്കുറിച്ചു എനിക്കു മി: റാവുമായിട്ടു കുറച്ചു അധികനേരം സംസാരിക്കാനുണ്ടു്. ഞങ്ങളെ ആരുംവന്നു ഉപദ്രവിക്കാതിരിക്കാൻ നീ പ്രത്യേകം ശ്രദ്ധിക്കണം. ആരു വന്നു അന്വേഷിച്ചാലും ഞാനില്ലെന്നു പറഞ്ഞേക്കണം. ഫോണിൽ ആരെങ്കിലും വിളിച്ചാലും ശരി. ഇന്നുരാത്രിയിൽ മാനേജർ നിങ്ങളുതന്നെ."

"കൊള്ളാം, സർ." ക്ലാർക്കു മറുപടി പറഞ്ഞു. രവീന്ദ്രൻ അപ്പൊഴും വായിച്ചുകൊണ്ടു കിടന്നിരുന്നു. കുറച്ചു കഴിഞ്ഞു മാനേജരും, കുമാരിയും റാവും കൂടി ഒരു രഹസ്യസംഭാഷണം നടത്തി. "രവീന്ദ്രന്റെ വിചാരം കുമാരി കാറിൽകയറി പുറത്തെവിടെയൊ പോയിരിക്കുന്നു എന്നാണു്. നമുക്കു രണ്ടുപേർക്കും രാത്രിയിൽ ഏതാ അത്യാവശ്യകാര്യമുണ്ടെന്നും അങ്ങനെ നമ്മളും ഇന്നു ഈ മുറിയിൽ നിന്നും പുറത്തിറങ്ങുന്നതല്ലെന്നും മാറ്റാരാണു രവീന്ദ്രനെ ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്" എന്നു മി: റാവു അഹ്ലാദപൂർവ്വം പറഞ്ഞു.

"ഇനി ഞാനെന്താണു പെയ്യേണ്ടതു്?" എന്നു കുമാരി ചോദിച്ചു ഭവതി ഇവിടെത്തന്നെയിരിക്കണം. ഇന്നു ഇനി കുമാരിയെ അവൻ കാണരുതു്"

"അപ്പോൾ ഈ ആഭരണങ്ങളോ? അവയെല്ലാം നിങ്ങളും നിങ്ങളുടെ ഇരിമ്പുപെട്ടിയ്ക്കുള്ളിൽ സൂക്ഷിക്കണം"

"ഇപ്പോൾതന്നെ- ——"

"ഇല്ല, അങ്ങനെ പറയരുതു്. എനിക്കിപ്പോൾ ഇതു ധരിച്ചുകൊണ്ടിരിക്കാൻതന്നെ ഭയമാകുന്നു. ദയവുചെയ്തു നിങ്ങൾ ഇതൊക്കെ ഇവിടത്തെ ഇരിമ്പുപെട്ടിയ്ക്കുള്ളിൽ സൂക്ഷിക്കണം"

പി. എ. ജോസഫ്—ഓമനപ്പുഴ

മനസ്സിലാക്കിക്കഴിഞ്ഞു. അവൻ ആ ആഭരണങ്ങൾക്കു വേണ്ടിയാണു് അവളുമായിട്ടുള്ള സ്നേഹം പിടിച്ചിരിക്കുന്നതു്. അതെനിക്കു മനസ്സിലായി. അവൻ ഇന്നപ്പോഴെന്നില്ലാതെ അതിൽ കൈവയ്ക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല. എനിക്കതു മനസ്സിലായി" എന്നു പറഞ്ഞു.

"നമുക്കതെങ്ങനെ സാധിക്കും. ഞാൻ പോലീസിലേക്കു ഫോൺചെയ്യട്ടയോ?"

"പാടില്ല. നമുക്കിപ്പോൾ അവനെ അറസ്റ്റുചെയ്യിക്കത്തക്കവിധത്തിൽ തെളിവുകൾ ഒന്നുമില്ല. ഇതിനും പുറമെ അവൻ ഒരു സാധാരണക്കാരനല്ലെന്നു കണ്ടാൽ അറിയരുതൊ? നാം ചെയ്യുന്നതു അസംബന്ധമെന്നുവന്നാൽ പിന്നത്തെക്കഥ ഊഹിക്കാൻപോലും പ്രയാസമാണ്."

"അതു ശരിയാണ് എന്നാലും നമുക്കു നമ്മുടെ ഹോട്ടലിൽ താമസിക്കുന്നവർ ജാഗ്രതയായിരിക്കണമെന്നു അവരെ ഒന്നു ഓർമ്മപ്പെടുത്തിയാൽ തരക്കേടില്ല."

പിറേറദിവസം നേരംവെളുത്ത ഉടനെ മാനേജർ ഹോട്ടലിൽ താമസിക്കുന്ന എല്ലാവരെയും വിളിച്ചു ഓരോരുത്തരുടെയും വിലപിടിപ്പുള്ള സാധനങ്ങൾ എല്ലാംതന്നെ അദ്ദേഹത്തെ ഏൽപ്പിക്കണമെന്നും, അങ്ങനെ ചെയ്യുന്നില്ലെങ്കിൽ വരുന്ന നഷ്ടത്തിനു താൻ ഉത്തരവാദിയല്ലെന്നും അവരോടു പറഞ്ഞു.

"ഈ ഹോട്ടലിൽനിന്നും പോകുന്നതുവരെയ്ക്കും അതു ഞാൻ ഇപ്പോൾ എവിടെ സൂക്ഷിക്കുന്നുവോ അവിടെത്തന്നെയാണു ഇനിയും സൂക്ഷിക്കാൻപോകുന്നതു്. നിങ്ങൾക്കു മറ്റു വല്ല സംഗതികളും പറയണമെന്നു തോന്നുന്നുണ്ടോ? ഇല്ലെങ്കിൽ ദയവുചെയ്തു മിണ്ടാതിരിക്കുക." ഇതുമും പറഞ്ഞു കുമാരി അവിടെനിന്നും എഴുന്നേറ്റുപോയി; മാനേജർ വ്യസനത്തോടുകൂടി തന്റെ മുറിയിലേക്കും.

കുമാരി അന്നത്തെ ബാക്കിസമയം മുഴുവനും രവീന്ദ്രനെന്നിച്ചുമാറോ തമാശപറഞ്ഞും പാട്ടുപാടിയും കഴിച്ചുകൂട്ടി.

* * *

അന്നു അത്താഴഭക്ഷണം കഴിഞ്ഞു കുമാരി മുറിയിൽചെന്നു നോക്കിയതിൽ തന്റെ മേശയുടെ താക്കോൽ കാണുന്നില്ല. സല്പം ഒരു പരിഭ്രമത്തോടുകൂടി മാനേജരുടെ മുറിയിലേക്കു ഓടിച്ചെന്നു. അപ്പോൾ അവിടെ മിസ്റ്റർ റാവു മാനേജരുമായി സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നതുകണ്ടു. കുമാരിയെ കണ്ടുടനെ ഉടനെ സംഗതി ഏതാണ്ടു മനസ്സിലാക്കിയ റാവു "ഞങ്ങളും മുൻകൂട്ടി പറഞ്ഞിട്ടുണ്ടായിരുന്നല്ലൊ" എന്നു പറഞ്ഞു. "ശരി, നിങ്ങളും പറഞ്ഞതുതന്നെയാണു ശരി. രവീന്ദ്രൻ എന്റെ താക്കോൽ മോഷ്ടിച്ചതുതന്നെയായിരിക്കണം. മറ്റാരും അങ്ങനെ ചെയ്യാൻ ധൈര്യപ്പെടുന്നതല്ല."

അവർ ആഭരണങ്ങളെല്ലാം വാങ്ങിച്ചു ഇരിമ്പുപെട്ടിയ്ക്കുള്ളിൽ സൂക്ഷിച്ചു. താക്കോലും ഭദ്രമായി ഒരിടത്തു സൂക്ഷിച്ചു.

"നമുക്കു ഒരു പത്തുമണിയോടുകൂടി കുമാരിയുടെ മുറിയിൽപോയി കട്ടിലിനുതാഴെ ഒളിച്ചിരിക്കണം. അവൻ നിശ്ചയമായും അതിനകത്തു കയറിവന്നു മേശതുറക്കുന്നതിനു മുമ്പു നമുക്കു ചാടിവീണു അവനെ ബന്ധിച്ചുകൊള്ളണം. കുറച്ചു കയറും മറവും നമ്മുടെകൂടെവേണം." ഇങ്ങനെ രണ്ടുപേരും കൂടി പറഞ്ഞൊത്തിട്ട് അവിടെത്തന്നെ സമയം പോകുന്നതിനുവേണ്ടി ഓരോന്നു പതുക്കെപ്പതുക്കെ പറഞ്ഞുകൊണ്ടിരുന്നു. മണി പത്തടിച്ചു. ഹോട്ടലിലെ വിളക്കുകളും എല്ലാം അണച്ചിട്ട് രണ്ടുപേരുംകൂടി കുമാരിയുടെ മുറിയിൽപോയി പറഞ്ഞതുപോലെ പതുങ്ങിയിരുന്നു. മണി പതിനൊന്നടിച്ചു ആരും വന്നില്ല. ഇപ്പോൾവരും ഇപ്പോൾവരുമെന്നുള്ള വിചാരത്തോടുകൂടി ഉറങ്ങാതെയിരുന്നു. മണി പന്ത്രണ്ടടിച്ചു. വന്നില്ല. ഒരു മണിക്കകം തീർച്ചയായും വരും. അങ്ങനെയിരുന്ന മണി ഒന്നടിച്ചു. ആരെയും കണ്ടില്ല. രണ്ടുപേരും നിരാശയിലായി.

നേരംവെളുത്തു മാനേജരെയും മിസ്സർ റാവുവിനെയും കാണുന്നില്ല അവർ എല്ലാമുറികളിലും നോക്കി, കണ്ടില്ല. ഒടുവിൽ കുമാരി താമസിക്കുന്ന മുറിയുടെ വാതുക്കൽചെന്നു നോക്കിയപ്പോൾ അതു അടച്ചിരിക്കുന്നതായി കാണപ്പെട്ടു എങ്കിലും തള്ളിയപ്പോൾ അതു അകത്തേക്കു തുറന്നുവീണു. അതിനുള്ളിൽ ആരെയും കണ്ടില്ല. എങ്കിലും ചില ഞരക്കലും മൂളലും അതിനുള്ളിൽ കേൾക്കുന്നുണ്ടായിരുന്നു. നോക്കിയപ്പോൾ മാനേജരെയും ഉദ്യോഗസ്ഥനെയും തുണിയിട്ടുമൂടി വരിഞ്ഞു കെട്ടിയിരിക്കുന്നതായി കാണപ്പെട്ടു. ക്ഷണത്തിൽ കെട്ടുകളഴിച്ചു രണ്ടുപേരെയും ബന്ധനത്തിൽനിന്നും മോചിപ്പിച്ചു പുറത്തുകൊണ്ടുവന്നു. എല്ലാവരുംകൂടി കാര്യംചോദിച്ചതിൽ ഒരുമണി കഴിഞ്ഞതിൽപിന്നെ എന്തു സംഭവിച്ചുവെന്നു തങ്ങൾക്കറിഞ്ഞുകൂടെന്നും എങ്കിലും ഇതൊക്കെച്ചെയ്തത് ആ രവീന്ദ്രനായിരിക്കണമെന്നും പറഞ്ഞു. അപ്പോൾ ഒരുത്തൻ മുറിയിൽനിന്നും ഒരെഴുത്തുകൊണ്ടുവന്നു കൊടുത്തു. അതിന്റെ പുറത്തു മാനേജരുടെ വിലാസം എഴുതിയിരുന്നു. എഴുത്തു ഇപ്രകാരം വായിച്ചു.

"പ്രിയമുള്ള മാനേജർ,

നിങ്ങളും നിങ്ങളുടെ സമസ്ഥനെന്നു നടിക്കുന്ന പെൻഷൻഡ് പോലീസുദ്യോഗസ്ഥനും കൂടി എന്നെശങ്കിച്ചു. യോഗ്യന്മാരെ അധിക്ഷേപിക്കുന്നതിനുദ്യമിച്ചാലുള്ള ഫലം ഇങ്ങനെയായിരിക്കുമെന്നു നിങ്ങളും മനസ്സിലാക്കിയാലും. കുമാരിയും ഞാനും ഇവിടത്തെ താമസം മതിയാക്കിപ്പോയിരിക്കുന്നു. ഞങ്ങളുടെ സാധനങ്ങളും എല്ലാംതന്നെ—നിങ്ങളും ഇരിമ്പുപെട്ടിയിൽ സൂക്ഷിച്ചതും—ഞങ്ങളുംകൊണ്ടുപോയിരിക്കുന്നു. നിങ്ങളുടെ ബില്ലംപ്രകാരം ഞങ്ങളും തരേണ്ടതായ പണം മുഴുവനും ഒരു കടലാസിൽപൊതിഞ്ഞു ഇരുമ്പുപെട്ടിക്കുള്ളിൽ സൂക്ഷിച്ചിട്ടുണ്ട്. ശേഷം കാര്യങ്ങളും ഇനി എപ്പോഴെങ്കിലും കാണുമ്പോൾ. ഇപ്പോൾ ഇത്രയും. സ്വന്തം രവീന്ദ്രൻ (ഒപ്പു)"

ആരുമാരും ഒന്നും മിണ്ടിയില്ല. എല്ലാവരും അവരവരുടെ ജോലിക്കുപോയി.

* * *

സംവത്സരങ്ങൾ അഞ്ചുകഴിഞ്ഞു. ഹൊട്ടേൽ പൂർവ്വാധികം ഭംഗിയായി നടക്കുന്നുണ്ട്. മനേജരും ഉദ്യോഗസ്ഥനും, കൗണ്ടർക്ലാർക്കും എല്ലാം മൻപത്തെയാളുകൾതന്നെ. ഒരുദിവസം സന്ധ്യകഴിഞ്ഞപ്പോൾ ഒരു "റോൾസ് റോയിസ്" കാറിൽ നാലുപേർ അവിടെ വന്നുചേർന്നു. അതിഥികളെ സ്വീകരിക്കാൻ പതിവുപോലെ മാനേജർ ഓടിവന്നു. കാറിൽനോക്കിയിട്ടു കുറച്ചു സംശയിച്ചു മുമ്മാറിനിന്നു. ഉടനെ കാറിൽനിന്നും മിസ്റ്റർ രവീന്ദ്രൻ ചാടിയിറങ്ങി. "എന്താ മാനജരെ, സുഖമല്ലെ" എന്നു കുശലപ്രശ്നംചെയ്തു. പൊക്കിയുള്ളവരും കാറിൽനിന്നും ഇറങ്ങി. അതു സുവർണ്ണകുമാരിദേവിയും അവരുടെ രണ്ടു ആൺകുട്ടികളുമായിരുന്നു. "ഞാൻ നിരപരാധിയാണെ! കുറക്കാരനല്ല." എന്നു മാനേജർ വളരെ വിഷമിച്ചു ചിലതൊക്കെപ്പറഞ്ഞു.


"എന്റെയും സുവർണ്ണകുമാരിദേവിയുടെയും വിവാഹം പിറ്റെദിവസംതന്നെ നടന്നു. ഇവർ രണ്ടുപേരും ഞങ്ങളുടെ കുട്ടികളാണ്. നിങ്ങളെ അന്നു കെട്ടിയിട്ടതിൽ ഞങ്ങൾക്കു സല്പും മനസ്താപം ഇല്ലാതെയിരുന്നില്ല. എങ്കിലും അന്നു അങ്ങനെ ചെയ്യുന്നതിനു ഞങ്ങൾ നിർബന്ധിതരായിത്തീർന്നിരുന്നു. നിങ്ങളുടെ ഉപദേശി ആ പെൻഷൻകാരനെവിടെ? ഞങ്ങൾക്ക് അയാളെ ഒന്നു കാണണം. ഉടനെ പോകണം."

ഇത്രയും പറഞ്ഞുതീരുന്നതിനുമുൻപു നമ്മുടെ മിസ്റ്റർ റാവു അവിടെ ഓടിവന്നു. "മിസ്റ്റർ രവീന്ദ്രൻ, എന്നോടു ക്ഷമിക്കണം. എനിക്കു തെറ്റിപ്പോയി" എന്നു വളരെ പാരവശ്യത്തോടുകൂടി പറഞ്ഞു.

അവർ എല്ലാവരും പിന്നെയും കുറച്ചു നേരംകൂടി നർമ്മസംഭാഷണത്തിൽ ഏർപ്പെട്ടിരുന്നതിന്റെ ശേഷം ഭാര്യയും ഭർത്താവും സ്വസന്താനങ്ങളോടുകൂടി വന്ന കാറിൽതന്നെ ഓടിച്ചു പോകയുംചെയ്തു.

"എനിക്കു തെറ്റിപ്പോയി" എന്നു മിസ്റ്റർ റാവു ഒരിക്കൽകൂടി പറഞ്ഞു.

—o—



അത്ഭുതലോകം

ക്ലർ- ഭർത്താക്കന്മാർ

പാരീസിൽ ജാക്വലീൻമാണ്ടഗേസ്റ്റ് എന്ന ഒരു സുന്ദരിക്ക് പതിനാലു ഭർത്താക്കന്മാരിലായി 17-കുട്ടികളുണ്ടായിരുന്നു.

* * *

'സിസേഴ്സ്'

സിസേഴ്സ് (scissors) എന്ന വാക്ക് 58366440 വിധത്തിൽ ഉച്ചരിക്കാൻ സാധിക്കുന്നതാണെന്ന് കണക്കാക്കിയിരിക്കുന്നു.

* * *

ആസ്ത്രിയായിലെ ചക്രവർത്തിനി

ആസ്ത്രിയായിലെ ചക്രവർത്തിനിയും, യൂറോപ്യൻ ചരിത്രത്തിൽ വിഖ്യാതയുമായ മേരി തെരീസായ്ക്ക് 16-മക്കളും ഉണ്ടായിരുന്നു. അവരിൽ രണ്ടു പേർ ചക്രവർത്തിമാരും, 3-പേർ മഹാറാണിമാരുമായിത്തീർന്നു.

* * *

ശവപ്പെട്ടിയിൽ പ്രസവം

എപ്പറസ്സിലെ ജാജ്ജിയാസ് എന്നയാളെ പ്രസവിച്ചതു ഒരു ശവപ്പെട്ടിയിലായിരുന്നു. പ്രസവകാല സന്നിമൂലം മൃതയായ അയാളുടെ മാതാവിനെ ആ ശവപ്പെട്ടിയിലാക്കി രണ്ടു മണിക്കൂർ കഴിഞ്ഞ ശേഷമായിരുന്നു അയാളുടെ ജനനം.

* * *

കൺഫ്യൂഷ്യസ്സിന്റെ സന്താനം

ബി. സി. 551-മുതൽ 428-വരെ ജീവിച്ചിരുന്ന കൺഫ്യൂഷ്യസ് എന്ന ചീനത്തെ മഹാചിന്തകന്റേയും തത്വജ്ഞാനിയുടേയും നേരെയുള്ള സന്തതിപരമ്പരയിൽപെട്ട നാല്പതിനായിരം പേർ ഇന്നു ജീവിച്ചിരിപ്പുണ്ടെന്നു ഈയിടെ എടുത്ത ഒരു കണക്കിൽ കാണുന്നു.

* * *

ആയും, ഉ'ഉം

ഫ്രാൻസിൽ 'ആ' എന്നൊരു നദിയുണ്ട്, സ്വീഡനിൽ 'ഏ' എന്നൊരു പട്ടണമുണ്ട്. 'ഊ' എന്നൊരു തടാകം, 'ഓ' എന്നൊരു പട്ടണം ഇവയും ഈ അത്ഭുതലോകത്തുണ്ട്. വെയിൽസിൽ ഒരു സ്ഥലത്തിന്റെ പേര് "ലാൻഫെയർപ്വിൽ ഗ്വിൻഗിൽ ഗറിച്വായിറൻ ടോബ്വെൽജ്ലെർഡിസിലിയോ ഗോഗോഗോച്ച്" എന്നാണ്. 'ഔവ' എന്ന പേരായി ഒരു ഉൾക്കടലും, "ച്വാർഗോഗ്ലാഗോഗ്ല് മഞ്ചൗഗാഗോഗ്ല് ചൌബുണാഗുങ്ഗാമാഗ്" എന്നൊരു തടാകവും കണക്റ്റിക്കട്ടിൽ ഉണ്ട്.

* * *

ഒരുദിവസം ഒരുമാസം

നാം അധിവസിക്കുന്ന ഈ ഭൂഗോളം സൂര്യനു ചുറ്റും അതിവേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗ്രഹമാണല്ലൊ. ശാസ്ത്രജ്ഞന്മാരുടെ ഗവേഷണഫലമായി ഭൂമിയുടെ വേഗത കുറഞ്ഞുവരികയാണെന്നും, വളരെക്കാലം കഴിയുംമുമ്പെ ഒരു ദിവസത്തിന്റെ ദൈർഘ്യം ഒരു മാസത്തിന്റെ ദൈർഘ്യത്തിനു തുല്യമാകുമെന്നും കണ്ടിരിക്കുന്നു. പക്ഷെ നമുക്കോ, അനേകായിരം സംവത്സരത്തെ നമ്മുടെ സന്തതിപരമ്പരകൾക്കൊ ആ ദുരദിഷ്ടം, അതൊരു ദുരദിഷ്ടമാണെങ്കിൽ തന്നെയും, സംഭവിക്കുകയില്ലത്രെ! കോടിക്കണക്കിനു സംവത്സരങ്ങൾ ഇനിയും കഴിഞ്ഞശേഷമല്ലാതെ ഈ അത്ഭുതം ഉണ്ടാവുകയില്ലത്രെ! ഇപ്പോൾ ഒരു ശരാശരം കൊണ്ട് ഒരു ദിവസത്തിന്റെ ദൈർഘ്യം .0037 സെക്കൻഡ് വർദ്ധിച്ചു വരുന്നുണ്ടത്രെ.

* * *

ഇങ്കായുടെ മോചനം

അറാഹ്വ അല്പാ എന്ന പെറുവിലെ കാട്ടാള ജാതിക്കാരുടെ (ഇങ്കാമാരുടെ) രാജാവിനെ സ്പെയിൻകാരുടെ കയ്യിൽ നിന്നു മോചിപ്പിക്കുവാൻ കൊടുക്കേണ്ടിവന്ന ദ്രവ്യം ഹരിശ്ചന്ദ്രൻ വിശ്വാമിത്രനു കൊടുക്കേണ്ടിവന്നിരുന്നതിലും തുലോം അധികമായിരുന്നു. പിസാറൊ എന്ന സ്പാനിഷ്കാരൻ പെറുവിൽ ഇറങ്ങി ആൻറീസ് പർവ്വതം കയറി തുടങ്ങിയപ്പോൾ തന്നെ അതുവരെ ആ കാട്ടാളജാതിക്കാർ കണ്ടിട്ടില്ലാതിരുന്ന വെള്ളക്കാരായ ഈ ആളുകൾ ഏതാണ്ടു അമാനുഷന്മാരാണെന്നുള്ള ഒരു ബോധം അവരിൽ അപരിഷ്കൃതർക്കുണ്ടായിക്കൊണ്ടിരുന്നു. പിസാറൊ ഒരു ദിവസം അറാഹ്വ അല്പായെ ഒരു വിരുന്നിന് ക്ഷണിച്ച് അയാളെ തടവുകാരനായി പിടിച്ചു. പിസാറൊ സ്വർണ്ണം അന്വേഷിച്ചാണ് തന്റെ രാജ്യത്തുവന്നതെന്ന് സാവധാനത്തിൽ മാത്രമേ ആ കാട്ടാളരാജാവിന് മനസ്സിലായുള്ളു. തന്നെ സ്വതന്ത്രനാക്കാമെങ്കിൽ, തന്നെ അടച്ചിരുന്ന മുറിയിൽ തന്റെ കൈ എത്താവുന്ന പൊക്കത്തിൽ സ്വർണ്ണം നിറച്ചുകൊടുക്കാമെന്ന അറാഹ്വ പ്രതിജ്ഞചെയ്തു. ആ മുറിക്ക് 17-അടി വീതിയും, 22-അടി നീളവുമുണ്ടായിരുന്നു. 9-അടി പൊക്കത്തിൽ തടവുകാരന്റെ കൈ എത്തുകയും ചെയ്തിരുന്നു. ഒരു മാസം കൊണ്ടു ആ മുറി സ്വർണ്ണപ്പാളികൊണ്ടു നിറച്ചുകൊടുത്തു. അതിനു സ്വർണ്ണത്തിന് അന്ന് രണ്ടുകോടി ഡാളർ വിലവരുമായിരുന്നു. ഇത്രയും കിട്ടിയിട്ടും തൃപ്തനാകാതെ പിസാറൊ അറാഹ്വ അല്പായെ പരസ്യമായി ജീവനോടെ ദഹിപ്പിക്കുകയാണ് ചെയ്തത്.

——

ചിരിയും ചിന്തയും

——

"ഞാൻ രണ്ടുവർഷക്കാലം തുടർച്ചയായി ദിവസംതോറും അവർക്കു കത്തെഴുതിക്കൊണ്ടിരുന്നു. എന്നാൽ അതിന്റെ ഫലം എന്തായിരിക്കുമെന്നാണു നിങ്ങൾ വിചാരിക്കുന്നതു്?.....അവർ അഞ്ചൽശിപായിയെ വിവാഹംചെയ്തു"

* * *

കമല, സ്നേഹിതയോടു്—"മിസ്റ്റർഗോപി അദ്ദേഹത്തിന്റെ സ്നേഹിതന്മാരോടെല്ലാം പറഞ്ഞിരിക്കുന്നു അദ്ദേഹം സുന്ദരിയായ ഒരു യുവതിയെ വിവാഹംചെയ്യാൻ പോകുന്നെന്നു....."

സ്നേഹിത—"കമലേ, അങ്ങനെ ചെയ്യുമെങ്കിൽ അതു ഒട്ടും ശരിയല്ല; നിന്നോടു് ഇത്ര ദീർഘകാലം പ്രണയിച്ചിരുന്നതിനുശേഷം അങ്ങനെ ചെയ്യുകയോ?"

* * *

ഇൻഡ്യയിൽവന്ന ഒരു മിഷനറി ഒരു ഗ്രാമീണനെ മതപരിവർത്തനം ചെയ്യിക്കാൻ ശ്രമിക്കുകയായിരുന്നു.

"മരിക്കുമ്പോൾ സ്വർഗ്ഗത്തിൽ പോകണമെന്നു നിനക്കു് ആഗ്രഹമില്ലേ?"

"ഇല്ല"

"എന്തു്! ഇല്ലെന്നോ?"

"സ്വർഗ്ഗം അത്ര നല്ലതാണെന്നു തോന്നുന്നില്ല. നല്ലതായിരുന്നെങ്കിൽ ബ്രിട്ടീഷ്കാർ അതു് എന്നേ കരസ്ഥമാക്കുമായിരുന്നു."

* * *

രണ്ടു സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരുവൾ സങ്കടംപറഞ്ഞതു് അവളുടെ ഭർത്താവു് പാതിരാത്രികഴിഞ്ഞിട്ടേ ക്ലബ്ബിൽനിന്നു വരികയുള്ളു എന്നായിരുന്നു.

രണ്ടാമത്തെ സ്ത്രീ—"കുറച്ചുവർഷങ്ങളായി എന്റെ ഭർത്താവു് സായാഹ്നങ്ങളിൽ എവിടെയാണു് പോകുന്നതെന്നു ഞാൻ സംശയിച്ചുകൊണ്ടിക്കുകയായിരുന്നു. ഒരുരാത്രി ഞാൻ വീട്ടിൽ നേരത്തേ വന്നുചേർന്നു; അപ്പോൾ അവിടെയിരിക്കുന്ന അദ്ദേഹം."

* * *

ഒരു സാധനത്തിന്റെ താരതമ്യേനയുള്ള വലിപ്പം മനസ്സിലാക്കുന്നതിലേക്കു അദ്ധ്യാപകൻ വിദ്യാർത്ഥിയോടുചോദിച്ചു.

"ഒരു ആനയ്ക്കും ഒരു ഈച്ചയ്ക്കും തമ്മിലുള്ള വ്യത്യാസം എന്താണു്?"

വിദ്യാർത്ഥി "ഒരാനയ്ക്കു ഈച്ചകളെ കൊണ്ടുനടക്കാൻ കഴിയും; എന്നാൽ ഒരീച്ചയ്ക്കു ആനകളെ വഹിയ്ക്കാൻ സാധിക്കുകയില്ല."

* * *

"എന്റെകൂടെ പുരുഷന്മാർ ആരെയെങ്കിലും കണ്ടാൽ അവരെ വെടിവയ്ക്കു

തങ്കപ്പൊടി

—൦—

(പി. ഏ. ജോസഫ്)

ഭാവിയിലെ അനുഭവത്തെ ആശ്രയിച്ചു് ഏതു പ്രവൃത്തിയും പ്രശസ്തിയുള്ളതും, ഗാംഭീര്യമുള്ളതും, മാഹാത്മ്യമേറിയതും ആയിത്തീരുന്നു.

റസ്കിൻ

സംസാരിക്കുന്ന വിഷയങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രമത്രേ ഭാഷ.

ഹോംസ്

എല്ലാവരും ദീർഘകാലം ജീവിക്കുവാൻ ആശിക്കുന്നു. അതെ, ആരും അവനവന്റെ

ന്നതിനു അദ്ദേഹം ഒരു തോക്കുവാങ്ങാൻ പോകുന്നു എന്നു പറഞ്ഞു"

"അനേകം വെടികൾവയ്ക്കാവുന്ന ഒരു യന്ത്രതോക്കു വാങ്ങാൻ പറയണേ"

* * *

രണ്ടു യുവതികൾ അവരുടെ മുമ്പിൽ ഇരുന്നിരുന്ന അപരിചിതനും സുമുഖനുമായ യുവാവിന്റെ സൌന്ദര്യത്തെപ്പറ്റി പതുക്കെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. വണ്ടി ഇരുട്ടടഞ്ഞ ഒരു തുരപ്പിൽ കയറിയപ്പോൾ ആ യുവാവു് ശബ്ദം കേൾക്കത്തക്കവണ്ണം തന്റെ കയ്യിൽ ഒന്നുചുംബിച്ചു. വണ്ടി തുരപ്പുകഴിഞ്ഞപ്പോൾ യുവതികൾ പരസ്പരം മുഷിഞ്ഞപോലെ സഗൗരവം ഇരിക്കുന്നതുകണ്ടു. ഇതിന്റെ അർത്ഥം എന്തോ!

* * *

വരൻ സ്നേഹിതനോടു്:—എന്റെ ഭാര്യക്കു ഏതു കായ്ത്തൊപ്പനോടുമിയും എത്രനേരം വേണമെങ്കിലും സംസാരിക്കാൻ കഴിയും.

സ്നേഹിതൻ(വികാരത്തള്ളലോടുകൂടി)—എന്റെ ഭാര്യക്കു കായ്യും ഒന്നും അതിലേക്കു വേണമെന്നില്ല.

* * *

"അയാൾ ആയാൾക്കുണ്ടായ ദുർഭാഗ്യങ്ങളെ ഒരു പുരുഷനു യോജിച്ചരീതിയിൽ തന്നെയാണോ അഭിമുഖീകരിച്ചതു?"

"നിശ്ചയമായും! ഒരു സംശയവുമില്ല. അയാൾ സകല കുറ്റങ്ങളും അയാളുടെ ഭാര്യയുടെ മേൽ ചുമത്തി"

—൦—



ടിഷ്ടിയിൽ പ്രായംകൂടിയവരല്ല.

സ്വിഫ്റ്റ്

എല്ലാവർക്കും സത്യത്തിനുവേണ്ടി ആരായുന്നു, പക്ഷെ ദൈവത്തിനുമാത്രം അറിയാം ആരൊക്കെ അതു് കണ്ടുപിടിച്ചെന്നു്.

ലാർഡ് ചെസ്റ്റർഫീൽഡ്

ഒരു മനുഷ്യൻ മാരോ നിമിഷത്തിലും മരിക്കുന്നു. അയാൾ ഓരോ നിമിഷത്തിലും ജനിക്കുന്നു.

ടെനിസൺ

ഏതെല്ലാം സ്ഥിതിചെയ്യുന്നോ അതൊന്നും തന്നെത്താനോ അതിനുവേണ്ടി മാത്രമോ ജീവിക്കുന്നില്ല.

ബ്ളേക്ക്

ദുഃഖം എന്നതു് നമ്മെ തെറ്റിദ്ധരിക്കുന്നതാണു്.

ലാങ്ങ്ഫെല്ലൊ

തിന്മ പരക്കുന്നതു് പകർച്ചവ്യാധിപോലെയാണു്.

ജാർജ്ജ് എലിയട്ട്

ഉദാഹരണം പ്രസംഗത്തേക്കാൾ ശക്തിയുള്ളതു്.

എസ്. ജോൺസൺ

വിശ്വാസം, ലൌകികം പാരത്രികം എന്നാ രണ്ടു ലോകങ്ങളെയും കൂട്ടി ഘടിപ്പിക്കുന്ന പാലമത്രെ.

യങ്ങ്

കളവും കള്ളത്തരവും ഏതു മണ്ണിലും തഴച്ചു വളരുന്നു.

അഡിസൺ

വിശ്വാസം, അതേ ശക്തിയായ വിശ്വാസം —അതു് അവൾ ഒന്നിനെ തന്റെ ആത്മനാഥനായി സ്വീകരിച്ചാൽ ആ ബന്ധം ആജീവനാന്തം കൈവിടുന്നില്ല. തോമസ് മൂർ

TRAVANCORE NATIONAL
& QUILON BANK LTD

(Amalgamating the Travancore National Bank Ltd., and The Quilon Bank Ltd.)

(INCORPORATED IN TRAVANCORE—1912)

Over 70 branches and a large organisation at the service of the public.

Banking business of every description undertaken.

For rates, terms etc. application may be made to any office of the Bank.

K. S. Ramanujam, GENERAL MANAGER

C. P. Mathen, K. M. Eapen, MANAGING DIRECTORS

Reg. No. T. 199 License No. 360, dated 15th July 1937

WIDEST CIRCULATION IN KERALA

കൗമുദി

DO YOU ADVERTISE IN THE KAUMUDI

തിങ്കളാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്

പുസ്തകം 1 | തിരുവനന്തപുരം, 1113 ഇലാം 23 തിങ്കൾ | ലക്കം 6

1936-ലെ പുതിയ വ്യാപാരം

10 കോടിയിൽ കൂടുതൽ

പൊതുജനങ്ങളുടെ വിശ്വാസമാണ് ഈ പ്രാപ്തിയുടെ രഹസ്യം

ധനികനും ദരിദ്രനും, ഒരുപോലെ അവിതർക്കിതമായ് ഉതകുന്ന ഒരു നിക്ഷേപമാണ് രക്ഷാഭോഗപദ്ധതി. തന്റെ മരണശേഷം തന്റെ ആശ്രയത്തിലുള്ളവർക്ക് താൻ ഉദ്ദേശിക്കുന്ന മുഴുവൻ ധനവും ഈ പദ്ധതി അനായാസമായ് തന്നെ ഉറപ്പിക്കുന്നു. ഈ ഗുണം വേറെ നിക്ഷേപങ്ങളിൽനിന്നും ലഭ്യമല്ല.

വിവേചനാശീലമുള്ള പൊതുജനങ്ങൾ "ഓറിയന്റൽ" ജീവിതരക്ഷാഭോഗപാളിസികൾ വർഷാവർഷം എടുക്കുന്നതുതന്നെ കമ്പനിയുടെ വ്യാപാരവലിപ്പത്തേയും അതിന്റെ ശക്തിയേയും അതു തരുന്ന നിസ്തർക്ക ഉറപ്പിനേയും കാണിക്കുന്നു.

"ഓറിയന്റൽ" പാളിസിയിൽ ഇപ്പോൾ തന്നെ ധനത്തെ നിക്ഷേപിക്കുക.

ഓറിയന്റൽ

ഗവണ്മെന്റ് സെക്യൂരിറ്റി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

1874-ൽ സ്ഥാപിച്ചത് ഹെഡാഫീസ് : ബോംബേ

കൂടുതൽ വിവരത്തിന്

ബ്രാഞ്ച് സെക്രട്ടറി, ഓറിയന്റൽ ലൈഫ് ആഫീസ്,

67–68, മെയിൻറോഡ്, തിരുവനന്തപുരം

എന്ന വിലാസത്തിൽ അപേക്ഷിക്കുക.

സ്വരാജ്യ ഫാർമസി

(രജിസ്റ്റർ ചെയ്യപ്പെട്ടത്)

ഹെഡ് ആഫീസ് : ആലുവാ (തിരുവിതാംകൂർ)

"ലക്ഷ്മീനാരായണീയമാതൃകാവൈദ്യസ്ഥാപനം"

ഇന്ത്യയിലും ഇതരരാജ്യങ്ങളിലും ഒരുപോലെ പ്രശസ്തിയും പ്രചാരവും സിദ്ധിച്ചിട്ടുള്ള ഞങ്ങളുടെ ആയുർവേദ ഔഷധങ്ങൾ വരുത്തി ഉപയോഗിപ്പിൻ

രോഗവിവരം വിശദമായി അറിയിക്കുന്നതായാൽ ശാസ്ത്രീയമായി ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ വി. പി. മൂലം അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരത്തിന് മലയാളം, തമിഴ്, ഇംഗ്ലീഷ് കാറ്റലോഗുകൾക്കെഴുതുക

ബ്രാഞ്ചുകൾ

പാലക്കാട് എറണാകുളം

ഇന്ദിരാ ബുക്ക്ഡിപ്പോ

പേട്ട—തിരുവനന്തപുരം

വില്പനയ്ക്കു തയ്യാറുള്ള പുസ്തകങ്ങൾ

ശ്രീ. സി. വി. കുഞ്ഞുരാമന്റെ കൃതികൾ

	ക്ര.	ണ.	സ.
1. പഞ്ചവടി (നോവൽ)	1	0	0
2. ശ്രീകോവിൽ	0	4	0
3. രാഗപരിണാമം	0	6	0
4. ഉണ്ണിയാർച്ച	0	6	0
5. മാലൂത്തണ്ടാൻ	0	3	0
6. ഒരുന്നൂറാണ്ടിനുമുമ്പ്	0	2	0
7. ഞാൻ നമ്പൂതിരിയായാലോ?	0	2	0

ശ്രീ. കെ. ദാമോദരൻ ബി.എ. യുടെ കൃതികൾ

1. ഓമന	0	12	0
2. ഇന്ദിര	1	0	0
3. പ്രണയപാശം	1	0	0
4. ചന്ദ്രപീഡ	0	4	0
5. ഹൃദയകലിക	0	12	0
6. ഈഴവചരിത്രം	1	0	0
7. ഈഴവരുടെ ഇതിഹാസം	0	12	0
8. പുരാവൃത്തങ്ങൾ	0	6	0
9. സ്നേഹശൃംഖല	0	2	0

ശ്രീ. എ. ചക്രപാണി ബി.എ. യുടെ കൃതികൾ

1. ശ്രീബുദ്ധചരിതം	0	12	0
2. ലളിത	0	6	0

കെ. കെ. രാഘവപ്പണിക്കരുടെ കൃതികൾ

1. തപ്തബാഷ്പം	0	6	0
2. സതി	0	2	0

Printed & Published by V. Vasudevan at the Indira Printing Works, Pettah, Trivandrum